# 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

824/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ഘടന | .. v |
| 2. | റിപ്പോർട്ട് | .. vii |
| 3. | വിയോജനക്കുറിപ്പ് | .. xix |
| 4. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. 1 |

## സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)
## (2013-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. എ. ബേബി

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ഡോ. എൻ. ജയരാജ്

ശ്രീ. ജോസഫ് വാഴയ്ക്കൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. ഉമ്മർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. സന്തോഷ്, വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജ്യോതി, എൽ., അണ്ടർ സെക്രട്ടറി.

# 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കായി അയച്ച 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ (ബിൽ നമ്പർ 351) സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. '2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ' 2015 മേയ് 29-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2015 ജൂൺ 8-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 7-7-2015, 21-7-2015, 23-7-2015 എന്നീ തീയതികളിൽ സഭാ സമ്മേളനത്തിനു ശേഷം സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡം 1

ഉപഖണ്ഡം (1)-ൽ ''ശാസ്ത്രസാങ്കേതിക'' എന്ന വാക്കിനുപകരം 'സാങ്കേതികശാസ്ത്ര' എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 2

(1) ഉപഖണ്ഡം (ബി)-യിൽ "32" എന്ന അക്കങ്ങൾക്ക് പകരം "31" എന്ന അക്കങ്ങൾ ചേർക്കുക.

(2) ഉപഖണ്ഡം (എഫ്)-ൽ "23" എന്ന അക്കങ്ങൾക്ക് പകരം "22" എന്ന അക്കങ്ങൾ ചേർക്കുക.

(3) ഉപഖണ്ഡം (ഐ)-യിൽ "എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളിൽ" എന്നീ വാക്കുകൾക്കുപകരം "എഞ്ചിനീയറിംഗ് ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നിവയിൽ" എന്നീ വാക്കുകൾ ചേർക്കുക.

(4) ഉപഖണ്ഡം (ജെ) ഒഴിവാക്കുക.

(5) ഉപഖണ്ഡം (പി)-ൽ "അണ്ടർ ഗ്രാജ്വേറ്റ്," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ഗ്രാജ്വേറ്റ്," എന്ന വാക്കും ചിഹ്നവും ചേർക്കുക.

(6) ഉപഖണ്ഡം (ക്യൂ)-ൽ "അണ്ടർ ഗ്രാജ്വേറ്റ്" എന്ന വാക്കുകൾക്കുശേഷം "ഗ്രാജ്വേറ്റ്," എന്ന വാക്കും ചിഹ്നവും ചേർക്കുക.

(7) ഉപഖണ്ഡം (എസ്)-ൽ "സർവ്വകലാശാലയുടെ ഫാക്കൽറ്റി" എന്നീ വാക്കുകൾക്കുപകരം ''സർവ്വകലാശാലയുടെയോ അതിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അദ്ധ്യാപകർ" എന്നീ വാക്കുകൾ ചേർക്കുക.

(8) ഉപഖണ്ഡം (ഇസഡ്ആർ)-ൽ "49" എന്ന അക്കങ്ങൾക്ക് പകരം "48" എന്ന അക്കങ്ങൾ ചേർക്കുക.

(9) നിലവിൽ (കെ) മുതൽ (ഇസഡ്എസ്) വരെയുള്ള ഉപഖണ്ഡങ്ങൾ (ജെ) മുതൽ (ഇസഡ്ആർ) വരെയായി പുനരക്ഷരം ചെയ്യുക.

ഖണ്ഡം 3

(1) ഉപഖണ്ഡം (1)-ൽ "ഒരു ചെയർമാൻ,'' എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

(2) ഉപഖണ്ഡം (3)-ൽ "ഒരു കാര്യത്തിനോ വേണ്ടി" എന്നീ വാക്കുകൾക്കുശേഷം ''സർക്കാരിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി വാങ്ങിയതിനുശേഷം" എന്നീ വാക്കുകൾ ചേർക്കുക.

(3) ഉപഖണ്ഡം (5)-ൽ ''അഫിലിയേഷനും, ഇവ രണ്ടും,'' എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "അഫിലിയേഷനും" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 4

(1) ഉപഖണ്ഡം (2)-ൽ "ഏതൊരു എഞ്ചിനീയറിംഗ് കോളേജും" എന്നീ വാക്കുകൾക്കുശേഷം "അല്ലെങ്കിൽ സ്ഥാപനവും, അതത് സംഗതി പോലെ," എന്നീ വാക്കുകൾ ചേർക്കുക.

(2) ഇനം (iv)-നുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(v) സ്ഥാപനമായോ;"

ഖണ്ഡം 5

(1) ഉപഖണ്ഡം (എ) താഴെ പറയും പ്രകാരം മാറ്റുക:

"(എ) സംസ്ഥാനത്തിന്റെ സാങ്കേതികശാസ്ത്ര സംബന്ധമായ നയരൂപീകരണത്തിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ ആസൂത്രണത്തിനും നേതൃത്വം നൽകുക."

(2) ഉപഖണ്ഡം (സി)-ൽ ''ക്രമപ്പെടുത്തുക'' എന്ന വാക്കിനുപകരം "ഉറപ്പുവരുത്തുക" എന്ന വാക്ക് ചേർക്കുക.

(3) ഉപഖണ്ഡം (ഡി) ഒഴിവാക്കുക.

(4) ഉപഖണ്ഡം (എൽ)-ൽ ''ബിരുദാനന്തര ബിരുദത്തിനും ഗവേഷണ പരിപാടികൾക്കും പേര് ചേർക്കുന്നത്" എന്നീ വാക്കുകൾക്കുപകരം "ബിരുദാനന്തര ബിരുദത്തിനും ഗവേഷണ പരിപാടികൾക്കുമുള്ള എൻറോൾമെന്റ്" എന്നീ വാക്കുകൾ ചേർക്കുക.

(5) ഉപഖണ്ഡം (ആർ) ഒഴിവാക്കുക.

(6) നിലവിൽ (ഇ) മുതൽ (ക്യൂ) വരെയുള്ള ഉപഖണ്ഡങ്ങൾ (ഡി) മുതൽ (പി) വരെയായി പുനരക്ഷരം ചെയ്യുക.

ഖണ്ഡം 6

(1) ഉപഖണ്ഡം (1)-ൽ ''സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി," എന്നീ വാക്കുകൾക്കുശേഷം ''അതത് സമയങ്ങളിൽ നിലവിലുള്ള സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട്," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(2) ഉപഖണ്ഡം (2)-ൽ ''കോളേജുകളിൽ സർവ്വകലാശാല സീറ്റുകൾ സംവരണം ചെയ്യേണ്ടതാണെന്ന് സർക്കാരിന് നിർദ്ദേശിക്കാവുന്നതാണ്'' എന്നീ വാക്കുകൾക്കുപകരം ''കോളേജുകളിൽ സീറ്റുകൾ സംവരണം ചെയ്യേണ്ടതാണെന്ന് സർക്കാരിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 8

(1) ഇനം (vii)-ൽ ഉപ ഇനം (എ)-യിൽ ''അതിന്റെ കീഴിലുള്ള കോളേജിലോ'' എന്നീ വാക്കുകൾക്കുപകരം "അതിന്റെ കീഴിലുള്ള ഏതെങ്കിലും കോളേജിലോ" എന്നീ വാക്കുകൾ ചേർക്കുക.

(2) ഇനം (xvii)-ൽ ''എന്നിവയിൽ നിന്നുള്ള ഇടപാടുകാർക്ക്'' എന്നീ വാക്കുകൾക്കുപകരം "എന്നിവയ്ക്ക്" എന്ന വാക്ക് ചേർക്കുക.

(3) ഇനം (xxiv)-നുശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, സ്ഥാവര വസ്തുവകകൾ തീറു കൊടുക്കുകയോ അന്യാധീനപ്പെടുത്തുകയോ മറ്റ് വിധത്തിൽ കൈയൊഴിയുകയോ ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതുമാണ്."

ഖണ്ഡം 12

ഖണ്ഡം 12 ഒഴിവാക്കുക.

ഖണ്ഡം 14

(1) ഉപഖണ്ഡം (2)-ൽ

(i) ഇനം (i) ഒഴിവാക്കുക.

(ii) ഇനം (iv)-ൽ "ചീഫ് സെക്രട്ടറി" എന്ന വാക്കിനുശേഷം ",അദ്ദേഹം സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്." എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(iii) "സമിതിയിലെ അംഗങ്ങളിൽ ഒരാളെ കൺവീനറായി ചാൻസലർ നിയമിക്കേണ്ടതാണ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

(iv) നിലവിൽ (ii) മുതൽ (iv) വരെയുള്ള ഇനങ്ങൾ യഥാക്രമം (i) മുതൽ (iii) വരെയായി പുനരക്കം ചെയ്യുക.

(2) ഉപഖണ്ഡം (3)-ൽ "അങ്ങനെ നീട്ടിയ കാലയളവ് മൊത്തം മൂന്ന് മാസത്തിൽ കവിയാൻ പാടുള്ളതല്ല" എന്നീ വാക്കുകൾക്കുപകരം "അങ്ങനെ നീട്ടിയ കാലയളവുൾപ്പെടെ മൂന്ന് മാസത്തിനകം പാനൽ തയ്യാറാക്കുന്ന നടപടി പൂർത്തിയാക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

(3) ഉപഖണ്ഡം (4)-ൽ "മൂന്ന് പേരുകളുള്ള ഒരു പാനൽ" എന്നീ വാക്കുകൾക്കുപകരം "ഒരാളുടെ പേരുവീതം" എന്നീ വാക്കുകളും "ഏതെങ്കിലും ഒരംഗം" എന്നീ വാക്കുകൾക്ക് ശേഷമുള്ള "പാനൽ" എന്നവാക്കിനുപകരം "പേര്" എന്ന വാക്കും ചേർക്കുക.

(4) ഉപഖണ്ഡം (5) ഒഴിവാക്കുക.

(5) ഉപഖണ്ഡം (7)-ൽ "(6)-ാം ഉപവകുപ്പിൽ" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കിനും പകരം "(5)-ാം ഉപവകുപ്പിൽ" എന്നീ അക്കവും ചിഹ്നങ്ങളും വാക്കും ചേർക്കുക.

(6) ഉപഖണ്ഡം (8)-ൽ

(i) പ്രാരംഭ വാചകത്തിനുപകരം താഴെപ്പറയുന്ന വാചകം ചേർക്കുക:—

"താഴെപ്പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ വൈസ്-ചാൻസലറുടെ ഒഴിവ് വരുന്നപക്ഷം, സർക്കാർ ശിപാർശ ചെയ്യുന്ന, മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെയോ പ്രോ-വൈസ്-ചാൻസലറെയോ അല്ലെങ്കിൽ

ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയോ മൊത്തം ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് വൈസ്-ചാൻസലറായി ചാൻസലർക്ക് നിയമിക്കാവുന്നതാണ്, അതായത്:—''

(ii) ഇനം (ii)-ൽ "മേൽ (1) മുതൽ (6) വരെ" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "(1) മുതൽ (5) വരെ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

(iii) ഇനം (iii)-ൽ ''അസുഖമോമൂലമോ'' എന്ന വാക്കിന് പകരം "അസുഖം മൂലമോ" എന്നീ വാക്കുകൾ ചേർക്കുക.

(7) ഉപഖണ്ഡം (12)-ൽ ''ഏതാണോ ആദ്യം, ഔദ്യോഗിക പദവി ഇല്ലാതായിത്തീരുന്നതുമാണ്'' എന്നീ വാക്കുകൾക്കുപകരം "ഏതാണോ ആദ്യം വരുന്നത് അന്ന്, ഔദ്യോഗിക പദവി അവസാനിക്കുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

(8) നിലവിൽ (6) മുതൽ (13) വരെയുള്ള ഉപഖണ്ഡങ്ങൾ യഥാക്രമം (5) മുതൽ (12) വരെയായി പുനരക്കം ചെയ്യുക.

ഖണ്ഡം 15

(1) ഉപഖണ്ഡം (9)-നുപകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക:—

"9. സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിശ്ചയിക്കുന്ന പരിധിക്ക് വിധേയമായി, ചെലവു ചെയ്യുന്നതിനുള്ള സാമ്പത്തികാധികാരം വൈസ്-ചാൻസലർക്ക് ഉണ്ടായിരിക്കുന്നതാണ്."

(2) ഉപഖണ്ഡം (10)-ൽ, "പെരുമാറ്റ ദൂഷ്യത്തിൽ ഉൾപ്പെട്ടതിനോ," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "നിർവ്വാഹക സമിതിയുടെ അംഗീകാരത്തിന് വിധേയമായി," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(3) ഉപഖണ്ഡം (11)-ൽ "വ്യവസ്ഥകൾക്ക് വിധേയമായി" എന്നീ വാക്കുകൾക്ക് പകരം "വ്യവസ്ഥകൾക്കും നിർവ്വാഹക സമിതിയുടെ അംഗീകാരത്തിനും വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

(4) ഉപഖണ്ഡം (12) ഒഴിവാക്കുക.

(5) നിലവിൽ (13) മുതൽ (15) വരെയുള്ള ഉപഖണ്ഡങ്ങൾ (12) മുതൽ (14) വരെയുള്ള ഉപഖണ്ഡങ്ങളായി പുനരക്കം ചെയ്യുക.

ഖണ്ഡം 16

ഉപഖണ്ഡം (1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:—

''(1) സർക്കാർ ശിപാർശ ചെയ്യുന്ന, എഞ്ചിനീയറിംഗ്, സാങ്കേതിക ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കുന്ന യോഗ്യതകൾ ഉള്ളതുമായ ഒരാളെ പ്രോ-വൈസ്-ചാൻസലറായി ചാൻസലർ നിയമിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്."

ഖണ്ഡം 17

(1) ഉപഖണ്ഡം (1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:—

''(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ രജിസ്ട്രാറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതാണ്. പ്രഥമ രജിസ്ട്രാറെ സർക്കാർ നിയമിക്കേണ്ടതാണ്."

(2) ഉപഖണ്ഡം (3)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:—

''(3) രജിസ്ട്രാറുടെ സേവനകാലാവധി സർവ്വകലാശാലകളുടെ ഓഫീസർമാരുടെ പ്രായപരിധി സംബന്ധിച്ചുള്ള സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ഉത്തരവനുസരിച്ചായിരിക്കുന്നതാണ്. രജിസ്ട്രാറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തിപരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്."

ഖണ്ഡം 18

ഉപഖണ്ഡം (1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:—

"(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ ഫൈനാൻസ് ഓഫീസറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതും അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ ഫൈനാൻസ് ഓഫീസറെ സർക്കാർ നിയമിക്കേണ്ടതാണ്. ഫൈനാൻസ് ഓഫീസറുടെ സേവന കാലാവധി ഇതു സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചായിരിക്കുന്നതാണ്. ഫൈനാൻസ് ഓഫീസറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തിപരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്."

ഖണ്ഡം 19

(1) ഉപഖണ്ഡം (1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:—

"(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽനിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ പരീക്ഷാ കൺട്രോളറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതും അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ പരീക്ഷാ കൺട്രോളറെ സർക്കാർ നിയമിക്കേണ്ടതാണ്."

(2) ഉപഖണ്ഡം (2)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:—

"(2) പരീക്ഷാ കൺട്രോളറുടെ സേവന കാലാവധി ഇതു സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവനുസരിച്ചായിരിക്കുന്നതാണ്. പരീക്ഷാ കൺട്രോളറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്."

ഖണ്ഡം 20

ഖണ്ഡം 20-ന്റെ മാർജിനൽ ശീർഷകത്തിലെ "എന്നിവയുടെ" എന്ന വാക്കിനു പകരം "എന്നിവരുടെ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 22

"ചെയർമാന്റെയും" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

ഖണ്ഡം 24

(1) ഉപഖണ്ഡം (1)-ൽ

(i) ഇനം (iii) ഒഴിവാക്കുക.

(ii) ഇനം (iv)-ൽ "ഗവൺമെന്റ് സെക്രട്ടറി" എന്ന വാക്കുകൾക്കുശേഷം "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

(iii) ഇനം (v)-ൽ "ഗവൺമെന്റ് സെക്രട്ടറി" എന്ന വാക്കുകൾക്കുശേഷം "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

(iv) ഇനം (iv) മുതൽ (xv) വരെയുള്ളവ (iii) മുതൽ (xiv) വരെയായി പുനരക്കം ചെയ്യുക.

(v) പുനരക്കം ചെയ്ത ഇനം (xiv)-ന് ശേഷം താഴെ പറയുന്ന ഇനം ചേർക്കുക:—

"(xv) വിദ്യാർത്ഥി കൗൺസിലിന്റെ ജനറൽ സെക്രട്ടറി;"

(vi) ഇനം (xv)-ന് ശേഷം താഴെ പറയുന്ന ശീർഷകവും ഇനവും യഥാക്രമം ചേർക്കുക:—

**"തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ**

കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് വഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് നിയമസഭാ സാമാജികർക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോ പെട്ടതായിരിക്കേണ്ടതുമാണ്."

(vii) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (ii) ഒഴിവാക്കുക.

(viii) ഇനം (iii) മുതൽ (vi) വരെയുള്ളവ (ii) മുതൽ (v) വരെയായി പുനരക്കം ചെയ്യുക.

(ix) അപ്രകാരം പുനരക്കം ചെയ്ത ഇനം (v)-ന് പകരം താഴെ പറയുന്ന ഇനങ്ങൾ ചേർക്കുക:—

"(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർ, അവരിൽ രണ്ട് പേർ അൺഎയ്ഡഡ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ആളുകളും ഒരാൾ സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ആളും ആയിരിക്കേണ്ടതാണ്.

(vi) സർക്കാർ കോളേജ്, എയ്ഡഡ് കോളേജ്, സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് കോളേജ്, അൺഎയ്ഡഡ് കോളേജ് എന്നിവയിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അദ്ധ്യാപകർ വീതം. അവർ പിഎച്ച്.ഡി. ഉള്ളവരും പത്ത് വർഷത്തിൽ കുറയാതെയുള്ള അദ്ധ്യാപന പരിചയമുള്ളവരും ആയിരിക്കേണ്ട താണ്."

(x) "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ ഇനം (ii)-ന് പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:—

"(ii) സ്റ്റാർട്ട്-അപ് വില്ലേജിന്റെ ചെയർമാൻ."

ഖണ്ഡം 26

(1) ഇനം (xii)-ൽ "42" എന്ന അക്കങ്ങൾക്കുപകരം "41"എന്ന അക്കങ്ങൾ ചേർക്കുക.

(2) ഇനം (xvi)-ന് പകരം താഴെ പറയുന്ന ഇനം ചേർക്കുക:—

"(xvi) സ്വകാര്യ കോളേജുകളിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലെയും അദ്ധ്യാപകരുടെ പെരുമാറ്റച്ചട്ടം ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകളും ജോലിഭാരവും, പ്രവർത്തനമികവ് വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിക്കുക."

(3) ഇനം (xix)-ന് ശേഷം ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നവ ചേർക്കുക:—

"എന്നാൽ, സ്ഥാവര വസ്തുവകകൾ തീറുകൊടുക്കുകയോ അന്യാധീനപ്പെടു ത്തുകയോ മറ്റ് വിധത്തിൽ കൈയൊഴിയുകയോ ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതാണ്."

ഖണ്ഡം 27

(1) ഉപഖണ്ഡം (1)-ൽ "ചെയർമാൻ" എന്ന വാക്കിനുപകരം "വൈസ്-ചാൻസലർ" എന്ന വാക്ക് ചേർക്കുക.

(2) ഉപഖണ്ഡം (3)-ൽ

(i) "ചെയർമാന്" എന്ന വാക്കിനുപകരം "വൈസ്-ചാൻസലർക്ക്" എന്ന വാക്ക് ചേർക്കുക.

(ii) "ചെയർമാൻ" എന്ന വാക്കിന് പകരം "വൈസ്-ചാൻസലർ" എന്ന വാക്ക് ചേർക്കുക;

(3) ഉപഖണ്ഡം (5)-ൽ

(i) "ചെയർമാൻ" എന്ന വാക്കിനുപകരം "വൈസ്-ചാൻസലർ" എന്ന വാക്ക് ചേർക്കുക.

(ii) "വൈസ്-ചാൻസലർ" എന്ന വാക്കിനുപകരം "പ്രോ- വൈസ്-ചാൻസലർ" എന്ന വാക്ക് ചേർക്കുക.

(iii) "ചെയർമാന്റെ" എന്ന വാക്കിനുപകരം "വൈസ്-ചാൻസലറുടെ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 28

(1) "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൽ,—

(i) ഇനം (iii)-ൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്കു ശേഷം "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഇനം (iv)-ൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്കു ശേഷം "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

(iii) ഇനം (ix)-ൽ "ഒരംഗം" എന്ന വാക്കിനുപകരം "രണ്ടംഗങ്ങൾ" എന്ന വാക്ക് ചേർക്കുക.

(iv) ഇനം (x)-നുശേഷം താഴെ പറയുന്ന ഇനങ്ങൾ ചേർക്കുക:—

"(xi) വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ;

(xii) അദ്ധ്യാപകരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(xiii) സ്വകാര്യ കോളേജ് മാനേജർമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം".

(2) "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ നിലവിലുള്ള ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:

"നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ നിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം."

ഖണ്ഡം 32

(1) ഉപഖണ്ഡം (2)-ൽ

(i) ഇനം (iii)-ൽ "സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾക്കുപകരം "വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഇനം (iv)-ൽ ''സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന'' എന്നീ വാക്കുകൾക്കുപകരം ''വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന'' എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 36

(1) ഇനം (iii) താഴെപ്പറയും പ്രകാരം മാറ്റുക:

"ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;"

(2) ഇനം (vi)-ന് പകരം താഴെ പറയുന്ന ഇനം ചേർക്കുക:—

"(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരളത്തിലെ ഒരു സർവ്വകലാശാലയിലെ വൈസ്-ചാൻസലർ (എക്സ്-ഒഫീഷ്യോ അംഗം)."

(3) ഇനം (xv) താഴെപ്പറയും പ്രകാരം മാറ്റുക:

"ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;"

(4) ഇനം (xvii)-നു ശേഷം താഴെ പറയുന്ന ഇനം ചേർക്കുക:

"(xviii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അദ്ധ്യാപക പ്രതിനിധികൾ."

ഖണ്ഡം 38

"ആസൂത്രണസമിതി" എന്ന വാക്കിന് ശേഷം ",വിദ്യാർത്ഥി കൗൺസിൽ" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

ഖണ്ഡം 40

(1) ഉപഖണ്ഡം (2)-ൽ "യാതൊരു വ്യവഹാരവും നൽകാനോ സർവ്വകലാശാല അല്ലെങ്കിൽ അധികാരസ്ഥാനം അല്ലെങ്കിൽ നികായത്തിൽ നിന്നും നഷ്ടപരിഹാരം അവകാശപ്പെടാനോ പാടുള്ളതല്ല." എന്നീ വാക്കുകൾക്ക് പകരം "ഏതെങ്കിലും സിവിൽ കോടതിയിൽ യാതൊരു വ്യവഹാരവും നൽകുവാൻ പാടുള്ളതല്ല." എന്നീ വാക്കുകൾ ചേർക്കുക.

(2) ഉപഖണ്ഡം (5) ഒഴിവാക്കേണ്ടതാണ്.

ഖണ്ഡം 45

(1) ഇനം (i)-ൽ "44" എന്ന അക്കങ്ങൾക്ക് പകരം "43" എന്ന അക്കങ്ങൾ ചേർക്കുക.

(2) ഇനം (iii)-ൽ "ചെയർമാന്" എന്ന വാക്കിനുപകരം "ചാൻസലർക്ക്" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 53

ഉപഖണ്ഡം (1) താഴെ പറയും പ്രകാരം മാറ്റുക:

''(1) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് സർവ്വകലാശാല തയ്യാറാക്കേണ്ടതും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ആയത് പ്രസിദ്ധീകരിക്കുകയും തുടർന്നുവരുന്ന വർഷം സെപ്റ്റംബർ 15-ാം തീയതിയോ അതിനു മുമ്പോ അത് സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്."

ഖണ്ഡം 59

ഉപഖണ്ഡം (1)-ൽ "(iv) അക്കാദമിക സ്വയംഭരണത്തോടുകൂടിയ കോളേജുകളായോ" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും അക്കങ്ങൾക്കും പകരം "(v) സ്ഥാപനമായോ" എന്ന ചിഹ്നങ്ങളും അക്കവും വാക്കും ചേർക്കുക.

ഉപഖണ്ഡം (1)-ൽ ''59'' എന്ന അക്കങ്ങൾക്കുപകരം ''58'' എന്നഅക്കങ്ങൾ ചേർക്കുക.

ഖണ്ഡം 60

ഉപഖണ്ഡം (4)-ൽ "ഒരു കോളേജ്" എന്നീ വാക്കുകൾക്കുപകരം "ഒരു കോളേജോ സ്ഥാപനമോ" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 63

നിലവിലുള്ള ഖണ്ഡം ഉപഖണ്ഡം (1) ആയി പുനരക്കം ചെയ്യുകയും അങ്ങനെ പുനരക്കം ചെയ്ത ഉപഖണ്ഡം (1)-ന് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുകയും ചെയ്യുക:—

''(2) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും കോളേജുകൾക്ക് അക്കാദമിക സ്വയംഭരണാധികാരം നൽകുന്നതിന് 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ (1974-ലെ 17) VIII ബി അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ, ആവശ്യമായ മാറ്റങ്ങളോടെ, ബാധകമായിരിക്കുന്നതും പ്രസ്തുത അദ്ധ്യായത്തിൽ സ്വയംഭരണാധികാരം നൽകുന്നതുമായി ബന്ധപ്പെട്ട സ്വയംഭരണ അംഗീകാര സമിതിയിൽ സർവ്വകലാശാലയുടെ വൈസ്-ചാൻസലർകൂടി ഉൾപ്പെടുന്നതും പ്രസ്തുത അദ്ധ്യായത്തിൽ പ്രയോഗിച്ചിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും പ്രസ്തുത ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതുമാണ്."

**ഖണ്ഡം 13 മുതൽ 74 വരെയുള്ളവ 12 മുതൽ 73 വരെയായി പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്ത ഖണ്ഡം 73-നു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കുകയും ചെയ്യുക:—**

''73. സാധൂകരണം.—(1) 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഓർഡിനൻസിന് (2015-ലെ 4) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യമില്ലാതായിത്തീർന്നിരുന്നുവെന്നാൽ തന്നെയും,—

പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീർന്നതിനു ശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതിക്കുമുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിനു പ്രാബല്യം ഇല്ലാതായിത്തീർന്നില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്ന പോലെ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

ആകുന്നു.

(2) പ്രസ്തുത ഓർഡിനൻസ് പ്രാബല്യത്തിലില്ലാതായിത്തീർന്നത്,—

(എ) അതിൻപ്രകാരം ആർജ്ജിച്ചതോ ഉണ്ടായതോ പ്രാപ്തമായതോ ആയ ഏതെങ്കിലും അവകാശത്തെയോ, വിശേഷാവകാശത്തെയോ കടപ്പാടിനെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ ബാധിക്കുന്നതല്ലാത്തതും; അല്ലെങ്കിൽ

(ബി) അപ്രകാരമുള്ള ഏതെങ്കിലും അവകാശത്തെയോ, വിശേഷാവകാശത്തെയോ കടപ്പാടിനെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടികളെയോ അല്ലെങ്കിൽ പരിഹാര നടപടികളെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നടപടിയോ പരിഹാര നടപടിയോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം ആരംഭിക്കുകയോ തുടരുകയോ അല്ലെങ്കിൽ നടപ്പാക്കുകയോ ചെയ്യാവുന്നതും ആകുന്നു."

<u>പട്ടിക</u>

പട്ടികയിൽ ''73'' എന്ന അക്കങ്ങൾക്ക് പകരം ''72'' എന്ന അക്കങ്ങൾ ചേർക്കുക.

**ബില്ലിൽ (1) ''ശാസ്ത്രസാങ്കേതിക'' എന്ന വാക്ക് വരുന്നിടത്തെല്ലാം "സാങ്കേതികശാസ്ത്ര" എന്ന വാക്ക് ചേർക്കുക.**

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2015 ജൂലൈ 23.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

# വിയോജനക്കുറിപ്പ്

സർവ്വകലാശാലയുടെ പേരിൽ ബില്ലിലും അതിന്റെ ഇംഗ്ലീഷ് പരിഭാഷയിലും ഉള്ള വൈരുദ്ധ്യം സൂചിപ്പിക്കുന്നതുപോലെ അനവധാനതയോടെ തയ്യാറാക്കിയ ബില്ലാണിത്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തണമെന്ന ലക്ഷ്യത്തോടെയാണ് സർവ്വകലാശാല സ്ഥാപിക്കുന്നതെങ്കിൽ, വിദഗ്ദ്ധസമിതിയേയോ കമ്മീഷനേയോ നിയമിച്ച് വിശദമായ പഠനത്തിനും തുടർന്നുള്ള സാരവത്തായ ചർച്ചയ്ക്കും ശേഷം മാത്രമായിരുന്നു നിയമനിർമ്മാണം നടത്തേണ്ടിയിരുന്നത്. ഒരു സ്വാശ്രയകോളേജ് സ്ഥാപിക്കുന്ന ലാഘവത്തോടെ സർവ്വകലാശാല സ്ഥാപിക്കുന്നത് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയുടെ തകർച്ചയ്ക്കിടയാക്കും.

നിലവിലെ സാഹചര്യത്തിൽത്തന്നെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖല കടുത്ത പ്രതിസന്ധിയിലാണ്. ബി.ടെക്. പരീക്ഷാ ക്രമക്കേടിൽ കാലിക്കറ്റ് സർവ്വകലാശാല വി.സി.ക്കും മറ്റ് മൂന്നുപേർക്കുമെതിരെ കേസ്സെടുക്കാൻ വിജിലൻസ് കോടതി ഉത്തരവിട്ടിരിക്കുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ വിദ്യാർത്ഥികളുടെ അവകാശം സ്ഥാപിച്ചുകിട്ടാനായി മാസങ്ങൾ നീണ്ട സമരം അടിച്ചമർത്താനായി പോലീസിനെ മാത്രമല്ല, ഗുണ്ടകളെയും ഉപയോഗിച്ചു. വെറ്ററിനറി സർവ്വകലാശാലയിൽ ദുസ്സഹമായ രീതിയിലുള്ള ഫീസ് വർദ്ധനയ്ക്കും സ്വേച്ഛാപരമായ നടപടിക്കുമെതിരെ ദീർഘകാലമായി അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് സമരം ചെയ്യുന്നു. കണ്ണൂർ സർവ്വകലാശാലയ്ക്ക് 'നാക് (എൻ.എ.എ.സി.)' അക്രഡിറ്റേഷൻ ഇല്ലാത്തതുകൊണ്ട് റൂസ ധനസഹായം നഷ്ടമായി. അടിസ്ഥാന സൗകര്യവും പഠനനിലവാരവും ശരാശരിയായാൽ പോലും ബി ഗ്രേഡ് ലഭിക്കുമെന്നിരിക്കെ ഈ സ്ഥാപനം ആ നിലയിൽ പോലും എത്താത്തത് സർക്കാരിന്റെ വീഴ്ചയാണ്. ആരോഗ്യസർവ്വകലാശാലയിലെ രജിസ്ട്രാർതന്നെ കൈക്കൂലി കേസിൽ അറസ്റ്റിലായിരിക്കുന്നു. ഈ സർക്കാർ രാഷ്ട്രീയ-സാമുദായിക പരിഗണന മാത്രം മാനദണ്ഡമാക്കി വൈസ്-ചാൻസലർ നിയമനം നടത്തിയതുകൊണ്ട് സംസ്ഥാനത്തെ ഒമ്പത് വി.സി.മാർ യോഗ്യതയില്ലാത്തവരാണ്. സംസ്ഥാന ചരിത്രത്തിൽ ആദ്യമായി ഒരു വി.സി.യെ പുറത്താക്കേണ്ടിവന്നു. ഗവേഷണ പ്രബന്ധം കോപ്പിയടിച്ചവരും തെറ്റായ ബയോഡാറ്റ നൽകി നിയമനം നേടിയവരും വിജിലൻസ് കേസിൽ പ്രതിയായവരും യു.ജി.സി. നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഒന്നുമില്ലാത്തവരും വി.സി.മാരായി നിയമിക്കപ്പെട്ടിരിക്കുന്നു.

സർവ്വകലാശാലയുടെ പരമാധികാര സമിതിയായ ബോർഡ് ഓഫ് ഗവർണേഴ്സിൽ 15 എക്സ്-ഒഫീഷ്യോ അംഗങ്ങളും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 11 പേരും നിയമസഭാംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന 5 നിയമസഭാ സാമാജികരും എ.ഐ.സി.ടി.ഇ.-യെ പ്രതിനിധാനം ചെയ്യുന്ന ഒരംഗവും ഉൾപ്പെടെ ആകെയുള്ള 38 അംഗങ്ങളിൽ, നിയമസഭാ സാമാജികരൊഴികെ, ഒരാളും തെരഞ്ഞെടുക്കപ്പെടുന്നില്ല. ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്കും ഭാഗഭാക്കായ അദ്ധ്യാപകർക്കും മതിയായ പ്രാതിനിധ്യമോ അദ്ധ്യാപകേതര ജീവനക്കാർക്ക് പ്രാതിനിധ്യമോ ഈ സമിതിയിൽ ഇല്ല. ഒരു ജനാധിപത്യ സംവിധാനത്തിൽ ഓട്ടോണമിയുടെ സ്ഥാനത്ത് ഓട്ടോക്രസി അനുവദനീയമല്ല. മറ്റ് അധികാര സമിതികളിലും

സമാന സ്ഥിതിയാണുള്ളത്. നിർവ്വാഹക സമിതിയിലെ 13 അംഗങ്ങളിൽ 10 പേർ എക്സ്-ഒഫീഷ്യോ അംഗങ്ങളും രണ്ടു പേർ എക്സ്-ഒഫീഷ്യോ അംഗങ്ങളിൽ നിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ടവരും ഒരാൾ വിദ്യാർത്ഥി പ്രതിനിധിയുമാണ്. ഈ സമിതിയിലും ഗുണഭോക്താക്കൾക്കും ഭാഗഭാക്കുകൾക്കും മതിയായ പ്രാതിനിധ്യമില്ല. അതുപോലെ അക്കാദമിക സമിതി നാമനിർദ്ദേശം ചെയ്യപ്പെട്ടവർക്ക് മാത്രമായുള്ള സമിതിയും ഗവേഷണ കൗൺസിൽ എക്സ്-ഒഫീഷ്യോ അംഗങ്ങൾ മാത്രമുള്ള സമിതിയായും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ സമിതികളുടെ സ്ഥാനത്ത് ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, ഗവേഷണ കൗൺസിൽ എന്നിവ രൂപീകരിക്കുകയും സ്വയം ഭരണത്തിനും ജനാധിപത്യത്തിനും വിഘാതമാകുന്ന വ്യവസ്ഥകൾ ഒഴിവാക്കുകയും ചെയ്യണം.

സാങ്കേതികശാസ്ത്ര സംബന്ധമായ നയരൂപീകരണവും സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതും പുതിയ സർവ്വകലാശാലയുടെ ലക്ഷ്യങ്ങളായി കാണിച്ചിരിക്കുന്നു. ഈ ലക്ഷ്യം നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടായിരിക്കാം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള പ്രവേശനരീതിയിൽ മാറ്റം വരുത്തിയത്. പ്രവേശന പരീക്ഷ എഴുതിയ ഏതൊരു വിദ്യാർത്ഥിക്കും മൈനസ് മാർക്കാണ് ലഭിക്കുന്നതെങ്കിൽപോലും പ്രവേശനം നൽകാൻ സർക്കാർ അംഗീകാരം നൽകിയിരിക്കുന്നു. പ്ലസ് ടു-വിൽ കണക്കിന് മിനിമം 45 ശതമാനം മാർക്ക് വേണമെന്ന നിബന്ധന ഒഴിവാക്കി. 137 സ്വകാര്യസ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 50 എണ്ണത്തിൽ പോലും പകുതി സീറ്റിലെങ്കിലും ആളെ ലഭിക്കാത്ത സാഹചര്യത്തിൽ മാനേജ്മെന്റിന്റെ താല്പര്യ സംരക്ഷണാർത്ഥമാണ് കരാറിലേർപ്പെട്ടത്. കഴിഞ്ഞ വർഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ 24676 സർക്കാർ സീറ്റുകളിൽ 12000 സീറ്റുകളും 21946 മാനേജ്മെന്റ് സീറ്റുകളിൽ 18000 സീറ്റുകളും ഒഴിഞ്ഞുകിടന്ന പശ്ചാത്തലത്തിലാണ് പുതിയ തീരുമാനം. മാർക്കിളവ് മാനേജ്മെന്റ് സീറ്റുകളിലേക്ക് മാത്രമാണ്. ഇതുവഴി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾക്ക് 200 കോടിയിൽപ്പരം രൂപയുടെ അധികവരുമാനമാണ് ഉണ്ടായിരിക്കുന്നത്.

ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കണമെങ്കിൽ ഓരോ എഞ്ചിനീയറിംഗ് കോളേജും സ്വയംഭരണ സ്വഭാവത്തോടു കൂടിയുള്ളതായിരിക്കേണ്ടതാണ് എന്ന് പ്രസ്താവിച്ചിരിക്കുന്നു. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വയംഭരണം നല്കുക എന്നതാണ് പുതിയ സർവ്വകലാശാല രൂപീകരിക്കുന്നതിന്റെ മുഖ്യ ഉദ്ദേശ്യമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ഇവർക്ക് സ്വയംഭരണം നൽകിയാൽ അവർ ആവശ്യപ്പെടുന്ന രീതിയിൽ സർട്ടിഫിക്കറ്റ് നൽകൽ മാത്രമാകും സർവ്വകലാശാലയുടെ കർത്തവ്യം. സ്വയംഭരണാവകാശം നല്കിയാൽ പരീക്ഷ നടത്താനും ഫീസ് നിശ്ചയിക്കാനുമുള്ള അധികാരം കോളേജുകൾക്കായി മാറും. സർവ്വകലാശാല രൂപീകരിക്കാനുള്ള ഈ ബില്ലിൽ വ്യക്തമായ വ്യവസ്ഥകൾ കൂടാതെ സ്വയംഭരണ കോളേജുകൾക്കും വഴിയൊരുക്കിയിരിക്കുന്നു. നിയമവിരുദ്ധമായ ഈ ഭാഗം ബില്ലിൽ നിന്നൊഴിവാക്കണം. വിജയശതമാനം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഠനനിലവാരം ഉയർത്താൻ നടപടി

സ്വീകരിക്കുന്നതിനു പകരം ഇളവുനയം സ്വീകരിച്ച് എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗമാകെ തകർക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഹൈക്കോടതിവിധി പൂർണ്ണമായും നടപ്പാക്കുമെന്ന് മുഖ്യമന്ത്രിയും, സർക്കാർ വിശദമായ പരിശോധന നടത്തിയശേഷം മാത്രമേ പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നല്കുകയുള്ളൂവെന്ന് വിദ്യാഭ്യാസമന്ത്രിയും നിയമസഭയ്ക്ക് ഉറപ്പ് നൽകിയെങ്കിലും, അതു ലംഘിച്ചുകൊണ്ട് വീണ്ടും പതിനഞ്ചോളം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങാൻ അനുമതി നൽകുകയാണുണ്ടായത്.

സാങ്കേതിക വിദ്യാഭ്യാസരംഗത്തെ നിലവാരം ഉയർത്താനായി സാങ്കേതിക ശാസ്ത്ര സർവ്വകലാശാല രൂപീകരിക്കുന്നത് പ്രയോജനകരമാകില്ല. ദേശീയ വിജ്ഞാന കമ്മീഷൻ എഞ്ചിനീയറിംഗ് രംഗത്തെ പരിതാപകരമായ സ്ഥിതി പരിഹരിക്കാനായി ശിപാർശ ചെയ്തത് ശാസ്ത്ര വിദ്യാഭ്യാസവും എഞ്ചിനീയറിംഗ് വിദ്യാഭ്യാസവും സമന്വയിപ്പിക്കണമെന്നാണ്. ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കാനും ശാക്തീകരിക്കാനുമുള്ള ശിപാർശ നൽകാനായി രൂപീകരിച്ച യശ്പാൽ കമ്മിറ്റി പ്രസ്താവിച്ചത് ഇത്തരത്തിലുള്ള ഏകവിജ്ഞാന മേഖലാ സ്ഥാപനങ്ങൾ വളരെ പരിമിതമായ അർത്ഥത്തിൽ വിദഗ്ദ്ധരായ എഞ്ചിനീയർമാരെയും ഡോക്ടർമാരെയും സൃഷ്ടിച്ചേക്കാമെങ്കിലും, ഇവ സമൂഹത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് വിലങ്ങുതടിയാകാൻ പോന്നവയാണെന്നാണ്. കമ്മിറ്റിയുടെ നിർദ്ദേശം ഉദ്ധരിക്കുന്നു:

**“2.2.4 Rehabilitating professional education in the University**

Substantial damage has been done to universities and institutions of professional education by their separation from each other. The pursuit of engineering and medicine, in particular, in colleges or institutes, which exist like islands, has come at an incalculable social and cultural cost. Seventeen-year olds who move from a higher secondary school straight into an engineering or medical college, and who thereby have no means to gain exposure to any in-depth knowledge of society, its economy, politics and culture, while possibly becoming excellent engineers and doctors in a very restricted sense also have as much potential to become an impediment to holistic social development”.

“In order to build strong epistemic bridges between different fields of professional education and the different disciplines of science, social sciences, and humanities, it is necessary that professional institutions are returned to universities in a complete administrative and academic sense by the abolition of intermediary bodies set-up to issue licenses to professional colleges alone, and to inspect them. Such a measure will open the possibility of new kinds of course-designing for professional learning in all fields from management and architecture to medicine and engineering, along the lines indicated in other sections of this report.”

ബിൽ സഭയിൽ അവതരിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ മന്ത്രി അറിയിച്ചത് പ്രായോഗികതയ്ക്ക് കൂടുതൽ പ്രാമുഖ്യം നൽകിയിട്ടുള്ള ഔട്ട്കം ബേസ്ഡ് വിദ്യാഭ്യാസമാണ് വിദ്യാർത്ഥി സമൂഹത്തിന് സർവ്വകലാശാല നൽകാൻ ഉദ്ദേശിക്കുന്നതെന്നാണ്. ഈ സമ്പ്രദായം അമേരിക്കൻ ഐക്യനാടുകളിൽ പരീക്ഷിച്ച് പരാജയമെന്ന് കണ്ട് പിൻവലിച്ചതാണ്. സൗത്ത് ആഫ്രിക്കയാണ് ഈ സമ്പ്രദായം സ്വീകരിച്ച മറ്റൊരു രാജ്യം. അവരും കൈയൊഴിഞ്ഞ ഈ സമ്പ്രദായം കേരളത്തിൽ നടപ്പാക്കിയാൽ അത് ഗുണകരമാകുന്നത് സ്വകാര്യസ്വാശ്രയ വിദ്യാഭ്യാസ ലോബിക്ക് മാത്രമാണ്. അത് കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയെ തകർക്കും. അറിയാവുന്ന തൊഴിലിന് സർട്ടിഫിക്കറ്റ് നല്കുന്ന വഴിയോര സ്വകാര്യസ്ഥാപനങ്ങളുടെ നിലവാരത്തിലേക്ക് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയെ അധഃപതിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന സമീപനം സർക്കാർ അനിവാര്യമായും തിരുത്തണം.

സർവ്വകലാശാലയുടെ സ്ഥാവര ജംഗമ വസ്തുക്കൾ സർവ്വകലാശാലയുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു കാര്യത്തിനായി പാട്ടത്തിനു നൽകുന്നതിനും വിൽക്കുന്നതിനും മറ്റുതരത്തിൽ കൈമാറ്റം ചെയ്യുന്നതിനും അധികാരം നൽകുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ പിൻവലിക്കേണ്ടതാണ്.

ബില്ലിൽ സർവ്വകലാശാലയുടെ ലക്ഷ്യങ്ങളായി പ്രതിപാദിച്ചിട്ടുള്ളവയിൽ തന്നെ അവ്യക്തതയുണ്ട്. 5(എ) സാങ്കേതിക ശാസ്ത്ര സംബന്ധമായ നയരൂപീകരണത്തിനും സംസ്ഥാനത്തിന്റെ എഞ്ചിനീയറിംഗ് ആസൂത്രണത്തിനും നേതൃത്വം നൽകുക; 5(എഫ്) എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്കനുസൃതമായി പുരോഗതികളെ അടിസ്ഥാനമാക്കി പുതിയ കോഴ്സുകളും പാഠ്യപദ്ധതികളും രൂപപ്പെടുത്തുക, 5(ഐ) ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും അറിവ് വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായി അവസരങ്ങൾ നല്കുകയും ചെയ്യുക; 5(ജെ) നൂതന കണ്ടെത്തലുകളുടെയും ഗവേഷണത്തിന്റെയും കണ്ടുപിടിത്തത്തിന്റെയും പശ്ചാത്തലത്തിൽ എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസപരമായ ശൃംഖല സ്ഥാപിച്ച്, അഭ്യസ്തരായ ഒരു സമൂഹത്തിന് യുക്തമായ വൈദഗ്ദ്ധ്യം വളർത്തിയെടുക്കുന്നതിനായി ആധുനിക വാർത്താമാധ്യമങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും ഉപയോഗത്തോടെയുള്ള പരിശീലനം നൽകുക; 5(ഒ) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നൂതന രീതിയിലുള്ള ചിട്ടയായ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ അവതരിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക മുതലായവയിൽ യാതൊരു വ്യക്തതയുമില്ല. ബോധപൂർവ്വമെന്നു തന്നെ കരുതേണ്ടിയിരിക്കുന്നു; വിവിധ ശാസ്ത്രസാങ്കേതിക ശാസ്ത്ര എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, മാനവിക മേഖലകളിലും, മറ്റ് അന്തർ വൈജ്ഞാനിക മേഖലകളിലുമുള്ള ബോധനവും ഗവേഷണവും അതിനുവേണ്ട പശ്ചാത്തല സൗകര്യമൊരുക്കുകയും അങ്ങനെ ആർജ്ജിക്കുന്ന അറിവ് സമൂഹനന്മയ്ക്ക് ലഭ്യമാക്കാനുള്ള വിജ്ഞാന വ്യാപനവും ഈ സർവ്വകലാശാലയുടെ ലക്ഷ്യത്തിൽപ്പെടുന്നില്ല. അക്ഷന്തവ്യമായ ഈ

വീഴ്ച പരിഹരിക്കുകയും പുതിയ സർവ്വകലാശാലയുടെ ലക്ഷ്യത്തെക്കുറിച്ച് ധാരണ ഉണ്ടാക്കുകയും ചെയ്തതിനുശേഷം മാത്രം പുതിയ സർവ്വകലാശാല രൂപീകരണവുമായി മുന്നോട്ടു പോകേണ്ടതാണ്. സാങ്കേതിക ശാസ്ത്രസംബന്ധമായ നയരൂപീകരണങ്ങളും സംസ്ഥാനത്തിന്റെ എഞ്ചിനീയറിംഗ് ആസൂത്രണവും സർക്കാരിന്റെ ഉത്തരവാദിത്വമായി തുടരണം.

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോഴ്സുകൾ നടത്തുന്നതുമായ എല്ലാ സ്ഥാപനങ്ങളുടെയും അക്കാദമിക നിലവാരം വിലയിരുത്താനും ക്രമപ്പെടുത്താനും സെക്ഷൻ 5(ഡി) ലക്ഷ്യമിടുന്നു. എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്തേക്കു കൂടി അൺറെക്കഗ്നൈസ്ഡ് സ്ഥാപനങ്ങൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് കരുതേണ്ടിയിരിക്കുന്നു. ഇതൊഴിവാക്കണം.

സംസ്ഥാനത്ത് നിലവിലുള്ള നിയമപ്രകാരം പുതിയ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകാനാവില്ല. ബില്ലിലെ സെക്ഷൻ 8(iv), 8(v) എന്നിവ സ്വയംഭരണ കോളേജുകൾക്ക് അഫിലിയേഷൻ നൽകാനും അക്കാദമിക സ്വയംഭരണം നൽകാനും വ്യവസ്ഥ ചെയ്യുന്നു. നിയതമായ വ്യവസ്ഥകൾ ഇല്ലാതെ പിൻവാതിലിലൂടെ കോളേജുകൾക്ക് സ്വയംഭരണം നൽകാനുള്ള വ്യവസ്ഥ പിൻവലിക്കണം.

ബില്ലിലെ 8 (vii) (എ) വകുപ്പ് പ്രകാരം സർവ്വകലാശാലയോ അതിന്റെ കീഴിലുള്ള കോളേജിലോ സ്ഥാപനങ്ങളിലോ നിർണ്ണയിക്കപ്പെട്ട ഒരു പഠന കോഴ്സിൽ തുടർന്നു വരികയും, നിർണ്ണയിക്കപ്പെട്ട രീതിയിൽ അതിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തപക്ഷം സർവ്വകലാശാലയുടെ നിർണ്ണയിക്കപ്പെട്ട പരീക്ഷകളിൽ വിജയിക്കുകയും ചെയ്ത ആളുകൾക്ക് ബിരുദങ്ങളും മറ്റ് അക്കാദമിക ബഹുമതികളും നൽകാൻ അധികാരം നൽകിയിരിക്കുന്നു. അതായത് ബിരുദമോ മറ്റ് ബഹുമതിയോ നല്കുന്നതിനായി പരീക്ഷ വിജയിക്കുന്നതിൽ നിന്നും ഒഴിവുനൽകാൻ സർവ്വകലാശാലയ്ക്ക് അധികാരം നൽകിയിരിക്കുന്നു. നേഴ്സിംഗ് കോഴ്സ് വിജയിക്കുന്നവർക്ക് എം.ബി.ബി.എസ്. സർട്ടിഫിക്കറ്റുകൾ നൽകുകയും ബന്ധുക്കൾക്കായി പുനഃപരീക്ഷ നടത്തുകയും ചെയ്യുന്ന നിലവിലെ സാഹചര്യത്തിൽ ഈ അധികാരം സർവ്വകലാശാലയ്ക്ക് നൽകുന്നത് വ്യാപക ക്രമക്കേടിനിടയാക്കും. ഈ വ്യവസ്ഥ ഒഴിവാക്കണം.

ബില്ലിലെ 8 (xxii) വകുപ്പ് വിദ്യാർത്ഥികളുടെമേൽ നിയന്ത്രണമേർപ്പെടുത്താൻ സർവ്വകലാശാലയ്ക്കും കൂടാതെ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ വിദ്യാർത്ഥികളുടെമേൽ അങ്ങനെയുള്ള കോളേജുകൾ മുഖേനയും നിയന്ത്രണം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ജനാധിപത്യ വ്യവസ്ഥ അനുവദിക്കുന്ന സംഘടനാ പ്രവർത്തനം വിദ്യാർത്ഥികൾക്ക് ഭരണഘടന നൽകുന്ന മൗലികാവകാശമാണ്. അത് ഉറപ്പാക്കാൻ നടപടിയെടുക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്. അരാഷ്ട്രീയവൽക്കരണം കാമ്പസുകളെ അരാജകത്വത്തിലേക്കോ മതജാതി-വർഗ്ഗീയ സംഘടനകളുടെ നിയന്ത്രണത്തിലേക്കോ സാമൂഹിക വിരുദ്ധ സംഘങ്ങളുടെ നിയന്ത്രണത്തിലേക്കോ നയിക്കുമെന്നത് ഗുജറാത്ത് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ അനുഭവം തെളിയിക്കുന്നു. സാമൂഹ്യ പ്രതിബദ്ധതയുടെ

അടിസ്ഥാനം രാഷ്ട്രീയവല്ക്കരണമാണ്. ജനാധിപത്യ-മതേതര മൂല്യങ്ങളിൽ ഊന്നിയ സമൂഹസൃഷ്ടിക്ക് കാമ്പസിൽ വിദ്യാർത്ഥി സംഘടനാ സ്വാതന്ത്ര്യം അനുവദിക്കേണ്ടത് അനിവാര്യമാണ്. ഭരണഘടനാവിരുദ്ധമായ ഈ വകുപ്പ് ബില്ലിൽ നിന്നൊഴിവാക്കണം. അല്ലെങ്കിൽ ചെന്നൈ ഐ.ഐ.ടി.യിൽ സംഭവിച്ചതുപോലെ വിദ്യാർത്ഥി സംഘടനകളെ മാത്രമല്ല, വിദ്യാർത്ഥി കൂട്ടായ്മകൾക്ക് പോലും വിലങ്ങുവീഴാം. ഇതിനോടനുബന്ധിച്ച് യശ്പാൽകമ്മിറ്റിയുടെ നിരീക്ഷണം ഉദ്ധരിക്കുന്നത് അഭികാമ്യമായിരിക്കും:

**”2.1.4 Erosion of democratic space**

The role of higher education in creating an institutional space for dialogue and liberal inquiry is well recognized, but it is seldom appreciated in the context of establishing norms of democratic behaviour and exchange. In India, where social hierarchy and divisions are sharp, institutions of learning serve as sites where powerful social forces vie for dominance. The institutional capacity to maintain peace and a democratic process plays a critical role in shaping the ethos of this site. Peace in this context can be described as a pre-condition for rationally organized dialogue between contending forces, ideologies and viewpoints. If institutions of higher education fail to ensure peace on their own premises in this sense of the term, they cannot avoid failing in a far greater sense when they claim public money on a gigantic scale and lose public faith.

For a considerable length of time following Independence, institutions of higher learning succeeded in providing a space where dialogue between rival social forces and ideologies could take place in a peaceful atmosphere. However, over the last few decades certain distinct signs of the erosion of this space have surfaced quite often in different parts of the country. The situation has worsened over the last few years. Not only organized youth but the official machinery of the university has been deliberately used to obstruct or subvert the possibility of peaceful debate and inquiry resulting in a long-term institutional damage to their capacity to serve as sites of peace. This is a matter of great anxiety, not just because it marks the erosion of institutional sanctity, but also because it distorts the idea of a university and its role in the creation of knowledge by free and open inquiry through research and dialogue. The issue of geo-cultural diversities is another critical area where our universities have increasingly failed to act as spaces where students would learn to respect diversity as a value. In a world where boundaries are blurring, it is important that we learn to acknowledge and appreciate differences and not try to homogenize everything.

ഈ ബില്ലിന്റെ ആണിക്കല്ലും സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെമേലുള്ള അവസാനത്തെ ആണിയും 63-ാം വകുപ്പിലെ വ്യവസ്ഥയാണ്. “അക്കാദമിക സ്വയംഭരണമുള്ളതായ സ്ഥാപനത്തിനോ വകുപ്പിനോ കോളേജിനോ

അതിന്റെ സ്വന്തം പഠന കോഴ്സുകൾ നിർണ്ണയിക്കാവുന്നതും അതിന്റെ സ്വന്തം അദ്ധ്യാപന രീതി ആവിഷ്കരിക്കാവുന്നതും അതിൽ ബോധനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി പരീക്ഷകളും ടെസ്റ്റുകളും നടത്താവുന്നതുമാണ്. അങ്ങനെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ബിരുദങ്ങളും ബഹുമതികളും സർവ്വകലാശാല നല്കേണ്ടതാണ്." ഉന്നത വിദ്യാഭ്യാസരംഗത്ത് അഭിമാനാർഹമായ നേട്ടങ്ങൾ സ്വന്തമായുള്ള കേരളത്തെ പിന്നോട്ടടിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം. വിദ്യാഭ്യാസവാണിക്കുകളുടെയും മത-ജാതി സംഘടനകളുടെയും താല്പര്യത്തിനനുസരിച്ച് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയെ തകർക്കാനുള്ള നീക്കത്തെ അതിശക്തമായി എതിർക്കേണ്ടത് ഞങ്ങളുടെ ധാർമ്മിക ഉത്തരവാദിത്വമായി മനസ്സിലാക്കുന്നതുകൊണ്ട് ഈ ബില്ലിനോട് പൂർണ്ണമായി വിയോജിക്കുന്നു. ഈ ബിൽ പിൻവലിച്ച് കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല സംരക്ഷിക്കണം.

| | |
|---|---|
| എം. എ. ബേബി | (ഒപ്പ്) |
| റ്റി. വി. രാജേഷ് | (ഒപ്പ്) |
| ഡോ. കെ. ടി. ജലീൽ | (ഒപ്പ്) |
| ഇ. ചന്ദ്രശേഖരൻ | (ഒപ്പ്) |

# 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്തുവരച്ചതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു.]

## കേരള സംസ്ഥാനത്ത് സാങ്കേതികശാസ്ത്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനും ഏകാംഗീകരിക്കുന്നതിനും വേണ്ടിയുള്ള

ഒരു

## ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് സാങ്കേതികശാസ്ത്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതും ഏകാംഗീകരിക്കുന്നതും യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2014 മേയ് 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അക്കാദമിക സ്വയംഭരണാധികാരം" എന്നാൽ സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി അക്കാദമിക പരിപാടികൾ നടത്തുന്നതിനും എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിവിധ ശാഖകൾക്കുള്ള ബന്ധപ്പെട്ട വിഷയങ്ങൾക്കുവേണ്ടിയുള്ള പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനും അദ്ധ്യയനത്തിനും മൂല്യനിർണ്ണയത്തിനും വേണ്ടിയുള്ള രീതികൾ ആസൂത്രണം ചെയ്യുന്നതിനും സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും ലഭിക്കുന്നതിനുവേണ്ടിയുള്ള പരീക്ഷകൾ നടത്തുന്നതിനും, സർവ്വകലാശാലയുടെ ഒരു കോളേജിനെയോ സ്ഥാപനത്തെയോ വകുപ്പിനെയോ അനുവദിക്കുന്നതിന് സർവ്വകലാശാലയ്ക്ക് റെഗുലേഷനുകൾ മുഖേന നൽകപ്പെട്ട വിശേഷാധികാരം എന്നർത്ഥമാകുന്നു;

(ബി) "അക്കാദമിക സമിതി" എന്നാൽ 31-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട, സർവ്വകലാശാലയുടെ അക്കാദമിക സമിതി എന്നർത്ഥമാകുന്നു;

(സി) "അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജ് അല്ലെങ്കിൽ സ്ഥാപനം" എന്നാൽ സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ ഒരു കോളേജോ സ്ഥാപനമോ എന്നർത്ഥമാകുന്നു;

(ഡി) "എയ്ഡഡ് കോളേജ് അല്ലെങ്കിൽ സ്ഥാപനം" എന്നാൽ അതിന്റെ ഉദ്യോഗസ്ഥർക്ക് ശമ്പളവും ബത്തകളും നൽകുന്നതിന് സർക്കാരിൽനിന്നും ഫണ്ടുകൾ ലഭിക്കുവാൻ അർഹതപ്പെട്ട ഒരു സ്വകാര്യ കോളേജ് അല്ലെങ്കിൽ സ്ഥാപനം എന്നർത്ഥമാകുന്നു;

(ഇ) "എ.ഐ.സി.റ്റി.ഇ." എന്നാൽ 1987-ലെ ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ ആക്റ്റിൻ (1987-ലെ 52-ാം കേന്ദ്ര ആക്റ്റ്) കീഴിൽ സ്ഥാപിക്കപ്പെട്ട ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നർത്ഥമാകുന്നു;

(എഫ്) "അധികാരസ്ഥാനങ്ങൾ" എന്നാൽ 22-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ എന്നർത്ഥമാകുന്നു;

(ജി) "സ്വയംഭരണ കോളേജ്" എന്നാൽ സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി പ്രബോധനം നൽകുന്നതും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി സ്വയംഭരണ കോളേജ് എന്ന് നാമനിർദ്ദേശം ചെയ്യപ്പെടുകയും ചെയ്ത ഒരു കോളേജ് എന്നർത്ഥമാകുന്നു;

(എച്ച്) "ബോർഡ് ഓഫ് ഗവർണേഴ്സ്" എന്നാൽ സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് എന്നർത്ഥമാകുന്നു;

(ഐ) "പഠനശാഖ" എന്നാൽ എഞ്ചിനീയറിംഗ് ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നിവയിൽ സർവ്വകലാശാല അങ്ങനെ പ്രഖ്യാപിച്ചിട്ടുള്ളതും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും നൽകുന്നതിലേക്ക് നയിക്കുന്നതുമായ ഒരു പ്രത്യേക പഠന കോഴ്സ് എന്നർത്ഥമാകുന്നു;

[****]

(ജെ) "ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ ചാൻസലർ എന്നർത്ഥമാകുന്നു;

(കെ) "കോൺസ്റ്റിറ്റ്യുവന്റ് കോളേജ്" എന്നാൽ സർവ്വകലാശാല നടത്തുന്നതും കാര്യകർതൃത്വം വഹിക്കുന്നതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

(എൽ) "ഡീൻ (അക്കാദമികം)" എന്നാൽ സർവ്വകലാശാലയുടെ ഡീൻ (അക്കാദമികം) എന്നർത്ഥമാകുന്നു;

(എം) “ഡീൻ (ഗവേഷണം)” എന്നാൽ സർവ്വകലാശാലയുടെ ഡീൻ (ഗവേഷണം) എന്നർത്ഥമാകുന്നു;

(എൻ) “വിദ്യാഭ്യാസ ഏജൻസി” എന്നാൽ ഒരു സ്വകാര്യ എഞ്ചിനീയറിംഗ് കോളേജോ അല്ലെങ്കിൽ ഒന്നിലധികം സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളോ സ്ഥാപിക്കുകയും നടത്തുകയും ചെയ്യുന്ന ഒരു ആളോ അല്ലെങ്കിൽ ആളുകളുടെ നികായമോ എന്നർത്ഥമാകുന്നു;

(ഒ) “എഞ്ചിനീയറിംഗ് കോളേജ്” എന്നാൽ ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി അണ്ടർ ഗ്രാജ്വേറ്റ്, ഗ്രാജ്വേറ്റ്, പോസ്റ്റ്ഗ്രാജ്വേറ്റ്, ഗവേഷണതലങ്ങളിൽ എഞ്ചിനീയറിംഗ് കോഴ്സുകൾ എ.ഐ.സി.റ്റി.ഇ.യുടെ ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും നടപടി ക്രമങ്ങൾക്കുമനുസൃതമായും, അംഗീകാരത്തോടെയും, നടത്തുകയും നിർദ്ദേശിക്കുകയും ചെയ്യുന്നതും പ്രവർത്തിക്കുന്നതുമായ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

(പി) “എഞ്ചിനീയറിംഗ് കോഴ്സ്” എന്നാൽ അണ്ടർ ഗ്രാജ്വേറ്റ്, ഗ്രാജ്വേറ്റ്, പോസ്റ്റ്ഗ്രാജ്വേറ്റ് അല്ലെങ്കിൽ ഗവേഷണ തലങ്ങളിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് നടത്തുന്ന ഒരു പഠനകോഴ്സ് എന്നർത്ഥമാകുന്നു;

(ക്യു) “നിർവ്വാഹക സമിതി” എന്നാൽ സർവ്വകലാശാലയുടെ നിർവ്വാഹക സമിതി എന്നർത്ഥമാകുന്നു;

(ആർ) “ഫാക്കൽറ്റി” എന്നാൽ സർവ്വകലാശാലയുടെയോ അതിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അദ്ധ്യാപകർ എന്നർത്ഥമാകുന്നു;

(എസ്) “സർക്കാർ” എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(റ്റി) “സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ്” എന്നാൽ സർക്കാരിൽ നിന്നും ഫണ്ട് സ്വീകരിക്കുകയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ബോധനം നൽകുകയും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിരിക്കുകയും ചെയ്യുന്ന ഒരു കോളേജ് എന്നർത്ഥമാകുന്നു;

(യു) “സർക്കാർ കോളേജ് ” എന്നാൽ സർക്കാർ നടത്തുന്നതും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

(വി) “ഹോസ്റ്റൽ” എന്നാൽ ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല നടത്തുന്നതോ അംഗീകരിച്ചതോ ആയ സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ താമസത്തിനുള്ള ഒരു യൂണിറ്റ് എന്നർത്ഥമാകുന്നു;

(ഡബ്ള്യു) “ഉദ്യോഗസ്ഥൻ” എന്നാൽ ഈ ആക്റ്റിലെ III-ാം അദ്ധ്യായത്തിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം ഉദ്യോഗസ്ഥനെന്ന് സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട മറ്റേതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(എക്സ്) "ഉത്തരവുകൾ" എന്നാൽ സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവുകൾ എന്നർത്ഥമാകുന്നു;

(വൈ) "ഓർഡിനൻസുകൾ" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല ഉണ്ടാക്കിയിട്ടുള്ള ഓർഡിനൻസുകൾ എന്നർത്ഥമാകുന്നു;

(ഇസഡ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളാലോ ഓർഡിനൻസുകളാലോ റഗുലേഷനുകളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇസഡ്എ) "പ്രിൻസിപ്പൽ" എന്നാൽ ഒരു കോളേജിന്റെ തലവൻ എന്നർത്ഥമാകുന്നു;

(ഇസഡ്ബി) "സ്വകാര്യ കോളേജ്" എന്നാൽ സർക്കാരോ സർവ്വകലാശാലയോ അല്ലാത്ത ഒരു വിദ്യാഭ്യാസ ഏജൻസി നടത്തുന്നതും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

(ഇസഡ്സി) "പ്രോ-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ പ്രോ-ചാൻസലർ എന്നർത്ഥമാകുന്നു;

(ഇസഡ്ഡി) "പ്രോ-വൈസ്-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ പ്രോ-വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു;

(ഇസഡ്ഇ) "രജിസ്ട്രാർ" എന്നാൽ സർവ്വകലാശാലയുടെ രജിസ്ട്രാർ എന്നർത്ഥമാകുന്നു;

(ഇസഡ്എഫ്) "റെഗുലർ കോളേജ് " എന്നാൽ ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ബോധനം നൽകപ്പെടുന്നതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

(ഇസഡ്ജി) "റെഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള സർവ്വകലാശാലയുടെ റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ഇസഡ്എച്ച്) "സ്റ്റാറ്റ്യൂട്ടുകൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ എന്നർത്ഥമാകുന്നു;

(ഇസഡ്ഐ) "പട്ടികജാതിക്കാർ" എന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദം (24)-ാം ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഇസഡ്ജെ) "പട്ടികഗോത്രവർഗ്ഗക്കാർ" എന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഇസഡ്കെ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ഇസഡ്എൽ) "വിദ്യാർത്ഥി" എന്നാൽ സർവ്വകലാശാല ഏർപ്പെടുത്തിയിട്ടുള്ള ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മറ്റ് അക്കാദമിക ബഹുമതികൾ ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു എഞ്ചിനീയറിംഗ് കോഴ്സിന് പഠിക്കുന്നതിനുവേണ്ടി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഒരു കോളേജിലോ സർവ്വകലാശാലയിലോ അല്ലെങ്കിൽ ഒരു സ്ഥാപനത്തിലോ യഥാവിധി പ്രവേശനം നൽകപ്പെട്ടിട്ടുള്ളതും തുടരുന്നതുമായ ഒരാൾ എന്നർത്ഥമാകുന്നു;

(ഇസഡ്എം) "അദ്ധ്യാപകൻ" എന്നാൽ ബോധനം നൽകുന്നതിനോ ഗവേഷണമോ മറ്റേതെങ്കിലും പ്രോജക്റ്റോ പദ്ധതികളോ നടത്തുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വേണ്ടി സർവ്വകലാശാല നിയമിച്ചതോ അംഗീകരിച്ചതോ ആയ ആൾ എന്നർത്ഥമാകുന്നതും അതിൽ അദ്ധ്യാപകൻ എന്ന് സ്റ്റാറ്റ്യൂട്ടുകളാൽ പ്രഖ്യാപിക്കപ്പെടാവുന്ന മറ്റേതൊരാളും ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ്എൻ) "അൺഎയ്ഡഡ് കോളേജ്" എന്നാൽ സർക്കാരിൽ നിന്നോ സർവ്വകലാശാലയിൽ നിന്നോ എന്തെങ്കിലും ധനസഹായത്തിന് അർഹതയില്ലാത്ത ഒരു സ്വകാര്യ കോളേജ് എന്നർത്ഥമാകുന്നു;

(ഇസഡ്ഒ) "യൂണിറ്ററി മാനേജ്മെന്റ്" എന്നാൽ ഏക സ്വകാര്യ കോളേജ് നടത്തുന്ന ഒരു വിദ്യാഭ്യാസ ഏജൻസി എന്നർത്ഥമാകുന്നു;

(ഇസഡ്പി) "സർവ്വകലാശാല" എന്നാൽ ഈ ആക്റ്റിൻകീഴിൽ സ്ഥാപിക്കപ്പെട്ടതും ഏകാംഗീകരിക്കപ്പെട്ടതുമായ കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാല എന്നർത്ഥമാകുന്നു;

(ഇസഡ്ക്യൂ) "സർവ്വകലാശാലാ നിധി" എന്നാൽ 48-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട സർവ്വകലാശാലാ നിധി എന്നർത്ഥമാകുന്നു;

(ഇസഡ്ആർ) "വൈസ്-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## സർവ്വകലാശാല

3. സർവ്വകലാശാലയുടെ സ്ഥാപനവും ഏകാംഗീകരണവും.—(1) "കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാല" എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കേണ്ടതും അതിൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു ചാൻസലർ, ഒരു പ്രോ-ചാൻസലർ, [****] ഒരു വൈസ്-ചാൻസലർ, ഒരു പ്രോ-വൈസ്-ചാൻസലർ, ഒരു ബോർഡ് ഓഫ് ഗവർണേഴ്സ്, ഒരു നിർവ്വാഹക സമിതി, ഒരു അക്കാദമിക സമിതി, ഗവേഷണ കൗൺസിൽ, കൂടാതെ, മറ്റ് അധികാരസ്ഥാനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നതുമാണ്.

(2) സർവ്വകലാശാല ശാശ്വത പിൻതുടർച്ചാവകാശത്തോടും ഒരു പൊതു മുദ്രയോടും കൂടിയ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി അതിന് സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും സർവ്വകലാശാലയുടെ ആവശ്യത്തിന് നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ ആർജ്ജിച്ചിട്ടുള്ളതോ ആയ സ്ഥാവരമോ ജംഗമമോ ആയ ഏതൊരു വസ്തുവും സർവ്വകലാശാലയുടെ ഉത്തമമായ ആവശ്യത്തിനോ അല്ലെങ്കിൽ അതിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു കാര്യത്തിനോ വേണ്ടി സർക്കാരിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി വാങ്ങിയതിനുശേഷം പാട്ടത്തിന് നൽകുന്നതിനോ വിൽക്കുന്നതിനോ അല്ലെങ്കിൽ മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ സംസ്ഥാന സർക്കാരിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ മറ്റേതെങ്കിലും സംസ്ഥാന സർക്കാരിൽ നിന്നോ നിയമപരമായി രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും ഏകാംഗീകൃത നികായത്തിൽ നിന്നോ പണം കടം വാങ്ങുന്നതിനും കരാറിലേർപ്പെടുന്നതിനും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി വേണ്ടതായ മറ്റെല്ലാ കാര്യങ്ങളും ചെയ്യുന്നതിനും ക്ഷമത ഉണ്ടായിരിക്കുന്നതാണ്.

(4) സർവ്വകലാശാലയ്ക്കുവേണ്ടിയോ അതിന് എതിരായോ ഉള്ള എല്ലാ വ്യവഹാരങ്ങളിലെയും മറ്റ് നിയമനടപടികളിലെയും വാദങ്ങളിൽ രജിസ്ട്രാറോ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പു വയ്ക്കേണ്ടതും സത്യബോധപ്പെടുത്തേണ്ടതും അങ്ങനെയുള്ള വ്യവഹാരങ്ങളിലെയും നടപടികളിലെയും എല്ലാ പ്രോസസ്സുകളും രജിസ്ട്രാർക്ക് നൽകേണ്ടതും നടത്തേണ്ടതുമാണ്.

(5) സർവ്വകലാശാല, അദ്ധ്യാപനവും അഫിലിയേഷനും [****] നൽകുന്ന ഒരു സർവ്വകലാശാലയായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കുന്നതാണ്.

4. ഭൂപ്രദേശ പരിധി.—(1) സർവ്വകലാശാലയുടെ ഭൂപ്രദേശ പരിധി കേരള സംസ്ഥാനം മുഴുവനും വ്യാപിച്ചിരിക്കുന്നതാണ്.

(2) ഈ ആക്റ്റിന്റെയും സ്റ്റാറ്റ്യൂട്ടുകളുടെയും ഓർഡിനൻസുകളുടെയും കീഴിൽ അഫിലിയേഷനുവേണ്ടി നിർണ്ണയിക്കപ്പെട്ടതും, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സർവ്വകലാശാല കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫാക്കൽറ്റിയുടെ ലഭ്യത, ഭരണ സംവിധാനം, അടിസ്ഥാന സൗകര്യങ്ങൾ (കെട്ടിടങ്ങൾ, ലബോറട്ടറികൾ മുതലായവ) എന്നിവ ഉൾപ്പെടെയും, എന്നാൽ അവയിൽ ഒതുങ്ങിനിൽക്കാതെയും, മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന ഏതൊരു എഞ്ചിനീയറിംഗ് കോളേജും അല്ലെങ്കിൽ സ്ഥാപനവും, അതത് സംഗതി പോലെ,—

(i) റഗുലർ കോളേജായോ;

(ii) കോൺസ്റ്റിറ്റ്യുവന്റ് കോളേജായോ;

(iii) സ്വയംഭരണ കോളേജായോ;

(iv) അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജായോ;

(v) സ്ഥാപനമായോ ;

സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യാവുന്നതാണ്.

5. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.—സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ താഴെ പറയും പ്രകാരം ആയിരിക്കുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തിന്റെ സാങ്കേതികശാസ്ത്ര സംബന്ധമായ നയരൂപീകരണ ത്തിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ ആസൂത്രണത്തിനും നേതൃത്വം നൽകുക;

(ബി) എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രം, മാനേജ്മെന്റ് എന്നിവയിലുള്ള ബിരുദ, ബിരുദാനന്തര ബിരുദ, ഗവേഷണ പരിപാടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക;

(സി) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ കോളേജു കളുടെയും അക്കാദമിക നിലവാരം ഉറപ്പുവരുത്തുക;

[****]

(ഡി) എഞ്ചിനീയറിംഗ് ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചു കൊണ്ടും എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക;

(ഇ) എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അനുസൃതമായി പുരോഗതികളെ അടിസ്ഥാനമാക്കി പുതിയ കോഴ്സുകളും പാഠ്യപദ്ധതികളും രൂപപ്പെടുത്തുക;

(എഫ്) എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിൽ മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക;

(ജി) എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിലെ അന്തർവിജ്ഞാനശാഖാ വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക;

(എച്ച്) ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹ ത്തിൽ അറിവ് ആർജ്ജിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും അറിവ് വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായി അവസരങ്ങൾ നൽകുകയും ചെയ്യുക;

(ഐ) നൂതന കണ്ടെത്തലുകളുടേയും ഗവേഷണത്തിന്റേയും കണ്ടുപിടിത്ത ത്തിന്റേയും പശ്ചാത്തലത്തിൽ എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസപരമായ ശൃംഖല സ്ഥാപിച്ച്, അഭ്യസ്ഥരായ ഒരു സമൂഹത്തിന് യുക്തമായ വൈദഗ്ദ്ധ്യം വളർത്തിയെടുക്കുന്നതിനായി ആധുനിക വാർത്താ മാധ്യമങ്ങളുടെയും സാങ്കേതിക വിദ്യകളുടേയും ഉപയോഗത്തോടെയുള്ള പരിശീലനം നൽകുക;

(ജെ) ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലകളിലെ മറ്റ് അക്കാദമിക പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് തദ്ദേശീയ സാങ്കേതിക വിദ്യയുടെ വികസന ത്തിനായി കൂടുതൽ ഊന്നൽ നല്കുക;

(കെ) എഞ്ചിനീയറിംഗ് ഗവേഷണവും വളർച്ചയും നൂതന കണ്ടെത്തലുകളും അഭിവൃദ്ധിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കോളേജുകളിലും സ്ഥാപനങ്ങളിലും ബിരുദാനന്തര ബിരുദത്തിനും ഗവേഷണ പരിപാടികൾക്കുമുള്ള എൻറോൾമെന്റ് ഗണ്യമായി വർദ്ധിപ്പിക്കുക;

(എൽ) പ്രത്യേക പ്രതിപാദ്യ മേഖലകളിൽ മൾട്ടിഡിസിപ്ലിനറി അപ്ളൈഡ് ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പിന്തുണ നൽകുക;

(എം) അക്കാദമിക നിലവാരവും ഫാക്കൽറ്റി നിലവാരവും സ്ഥിരമായും നിരന്തരമായും മെച്ചപ്പെടുത്തുകയും ഉയർത്തുകയും ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളുടെ പഠന വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുക;

(എൻ) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നൂതന രീതിയിലുള്ള ചിട്ടയായ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ അവതരിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക;

(ഒ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിലെ നൂതന കണ്ടെത്തലുകൾക്കും സ്ഥാപനതല മാനേജ്മെന്റ് പരിപാടികൾക്കും സഹായം നൽകുക;

(പി) അനുയോജ്യമായ വ്യാപന പ്രവർത്തനങ്ങളിലൂടെ സാമൂഹിക വികസന പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുക.

[****]

6. സർവ്വകലാശാലയിലേക്കുള്ള പ്രവേശനം.—(1) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അതത് സമയങ്ങളിൽ നിലവിലുള്ള സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട്, എല്ലാ ഭാരത പൗരന്മാർക്കും, തൽസമയം നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന ഇന്ത്യൻ വംശജരായ ആളുകൾക്കും വിദേശ പൗരന്മാർക്കും സർവ്വകലാശാലയിൽ പ്രവേശനം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നും തന്നെ, പ്രവേശനത്തിന് വേണ്ടതായ നിർണ്ണയിക്കപ്പെട്ട അക്കാദമിക നിലവാരമില്ലാത്ത ഏതെങ്കിലും ആളെ ഏതെങ്കിലും പഠന കോഴ്സിലേക്ക് പ്രവേശിപ്പിക്കുന്നതിനോ ഒരു ബിരുദമോ ഡിപ്ലോമയോ സർട്ടിഫിക്കറ്റോ നൽകുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ നിലവാരത്തേക്കാൾ താഴ്ന്ന അക്കാദമിക റിക്കാർഡുകളുള്ളതോ മറ്റ് വിദ്യാർത്ഥികളുടെയോ ജീവനക്കാരുടെയോ അവകാശങ്ങൾക്കോ പ്രത്യേകാവകാശങ്ങൾക്കോ ഹാനിയുണ്ടാക്കുന്ന തരത്തിലുള്ള വ്യക്തിപരമായ പെരുമാറ്റമുള്ളതോ ആയ ഒരാളെ സർവ്വകലാശാലയുടെ പ്രവേശന പട്ടികയിൽ നിലനിർത്തുന്നതിനോ ലഭ്യമായിട്ടുള്ള സൗകര്യങ്ങളിൽ എത്ര വിദ്യാർത്ഥികളെ ഉൾക്കൊള്ളിക്കാമെന്ന് അക്കാദമിക സമിതി നിശ്ചയിക്കുന്ന എണ്ണത്തെക്കാൾ കൂടുതൽ വിദ്യാർത്ഥികളെ ഏതെങ്കിലും ഒരു പഠന കോഴ്സിലേക്ക് പ്രവേശിപ്പിക്കുന്നതിനോ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നതായി കരുതുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങൾക്കും സാമൂഹ്യമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും അതതു സമയങ്ങളിൽ വിജ്ഞാപനം ചെയ്യപ്പെടാവുന്ന പ്രത്യേക വിഭാഗങ്ങൾക്കും ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും ഉള്ള അപേക്ഷകർക്കും കോളേജുകളിൽ സീറ്റുകൾ സംവരണം ചെയ്യേണ്ടതാണെന്ന് സർക്കാരിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും കോഴ്സിലേക്ക് പ്രവേശിക്കുന്നതിന് ആവശ്യമുള്ളതായി സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിലവാരം അയാൾക്ക് ഇല്ലാത്തപക്ഷം അങ്ങനെയുള്ള യാതൊരാൾക്കും സർവ്വകലാശാലയിൽ പ്രവേശനം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

7. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം.—(1) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ടതല്ലാത്ത തസ്തിക കളിലേക്ക് സർവ്വകലാശാല നിയമനങ്ങൾ നടത്തേണ്ടതാണ്.

(2) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായിക ക്രമം തുടരേണ്ടതുമാണ്.

(3) 3-ാം വകുപ്പു പ്രകാരം കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാല സ്ഥാപിതമാകുന്നതുവഴി ബാധിക്കപ്പെടുന്നതായ, ഈ ആക്റ്റിന്റെ പട്ടികയിൽ വിനിർദ്ദേശി ച്ചിട്ടുള്ള ഏതെങ്കിലും സർവ്വകലാശാലകളിലെ അനദ്ധ്യാപക ജീവനക്കാർക്ക് ഈ സർവ്വകലാശാലയിൽ നിയമിക്കപ്പെടുന്നതിന് ഓപ്ഷൻ നൽകാവുന്നതും അവരെ നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി സർവ്വകലാശാലയ്ക്ക് നിയമിക്കാവുന്നതുമാണ്.

(4) അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് സർവ്വകലാശാലയിലെ സമാന തസ്തികകളിലേക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകാവുന്നതാണ്.

8. സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും.—സർവ്വകലാശാലയ്ക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയ്ക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള എഞ്ചിനീയറിംഗ് ശാസ്ത്രശാഖകളിലും മാനേജ്മെന്റിലും സാങ്കേതികശാസ്ത്രത്തിലും അവയുമായി ബന്ധപ്പെട്ട അന്തർവിജ്ഞാന മേഖലകളിലും ബോധനം നൽകുകയും ഗവേഷണം നടത്തുകയും അങ്ങനെയുള്ള ശാഖകളിൽ പഠന പുരോഗതിക്കും അറിവ് വ്യാപിപ്പിക്കുന്നതിനും വേണ്ടിയുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക;

(ii) അടിസ്ഥാന ശാസ്ത്രങ്ങളിലും മാനവിക വിഷയങ്ങളിലും, അത് അന്തർ വിജ്ഞാന മേഖലകളിലുള്ള അറിവ് നേടുന്നതുമായി ബന്ധപ്പെടുന്നിടത്തോളം, ബോധനത്തിനും ഗവേഷണത്തിനും വ്യവസ്ഥ ചെയ്യുക;

(iii) സർവ്വകലാശാല നടത്തുന്ന കോളേജുകളുടെയും കേന്ദ്രങ്ങളുടെയും സ്ഥാപനം, പരിപാലനം, ഭരണം, മേൽനോട്ടം, അംഗീകാരം എന്നിവയ്ക്കുള്ള മാനദണ്ഡങ്ങളും നിലവാരങ്ങളും നിശ്ചയിക്കുക;

(iv) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളുടെയും ഓർഡിനൻസുകളുടെയും റഗുലേഷനുകളുടെയും വ്യവസ്ഥകൾക്ക് അനുസൃതമായി സ്ഥാപനങ്ങളെ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ അല്ലെങ്കിൽ സ്വയംഭരണ കോളേജുകൾ അല്ലെങ്കിൽ റഗുലർ കോളേജുകൾ അല്ലെങ്കിൽ അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജുകൾ ആയി അതിനോടുതന്നെ അഫിലിയേറ്റ് ചെയ്യുകയും, സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ ലംഘിച്ചുകൊണ്ട് നേടിയ അഫിലിയേഷൻ പിൻവലിക്കുകയും ചെയ്യുക;

(v) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകൾക്കോ സ്ഥാപനങ്ങൾക്കോ അല്ലെങ്കിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ ഒരു വകുപ്പിനോ, അല്ലെങ്കിൽ സർവ്വകലാശാല നടത്തുന്ന ഒരു വകുപ്പിനോ അക്കാദമിക സ്വയംഭരണാധികാരം നൽകുക;

(vi) കോളേജുകളോ മറ്റ് പഠന കേന്ദ്രങ്ങളോ ഗവേഷണ പരിപാടികൾ നടത്തുന്നതിനുള്ള കേന്ദ്രങ്ങളോ അല്ലെങ്കിൽ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ മറ്റ് സ്ഥാപനങ്ങളോ സ്ഥാപിക്കുകയും നടത്തുകയും ഭരണ നിർവ്വഹണം നടത്തുകയും ചെയ്യുക;

(vii) പരീക്ഷകൾ നടത്തുകയും,—

(എ) സർവ്വകലാശാലയിലോ അതിന്റെ കീഴിലുള്ള ഏതെങ്കിലും കോളേജിലോ, സ്ഥാപനങ്ങളിലോ നിർണ്ണയിക്കപ്പെട്ട ഒരു പഠന കോഴ്സിൽ തുടർന്നു വരികയും നിർണ്ണയിക്കപ്പെട്ട രീതിയിൽ അതിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തപക്ഷം സർവ്വകലാശാലയുടെ നിർണ്ണയിക്കപ്പെട്ട പരീക്ഷകളിൽ വിജയിക്കുകയും; അല്ലെങ്കിൽ

(ബി) നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾ പ്രകാരം ഗവേഷണം തൃപ്തികരമായി തുടരുകയും അത് യഥാവിധി മൂല്യനിർണ്ണയം നടത്തുകയും;

ചെയ്ത ആളുകൾക്ക് ബിരുദങ്ങളും ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാദമിക ബഹുമതികളും നൽകുകയും ചെയ്യുക;

(viii) സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്ക് അനുസൃതമായി ഓണററി ബിരുദങ്ങളും മറ്റ് ബഹുമതികളും നൽകുക;

(ix) ബാധിക്കപ്പെടുന്ന ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയതിനുശേഷം, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കുകീഴിൽ ബിരുദമോ ഡിപ്ലോമയോ സർട്ടിഫിക്കറ്റുകളോ മറ്റ് ബഹുമതികളോ തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(x) സർവ്വകലാശാലയ്ക്ക് നൽകേണ്ടതായ ഫീസ് നിശ്ചയിക്കുക;

(xi) ഹോസ്റ്റലുകൾ സ്ഥാപിക്കുകയും നടത്തുകയും ഭരണനിർവ്വഹണം നടത്തുകയും സർവ്വകലാശാലയുടെ കാര്യകർതൃത്വത്തിലല്ലാത്ത ഹോസ്റ്റലുകളെ അംഗീകരിക്കുകയും അങ്ങനെയുള്ള അംഗീകാരം സസ്പെന്റ് ചെയ്യുകയും അല്ലെങ്കിൽ പിൻവലിക്കുകയും ചെയ്യുക;

(xii) സർവ്വകലാശാലയിലും സർവ്വകലാശാല നടത്തുന്ന കോളേജുകളിലും കേന്ദ്രങ്ങളിലും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി വിവിധ കാറ്റഗറികളിലുള്ള തസ്തികകൾ സൃഷ്ടിക്കുകയും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം അങ്ങനെയുള്ള തസ്തികകൾക്ക് ശമ്പള സ്കെയിലുകൾ നിർണ്ണയിക്കുകയും അവരുടെ യോഗ്യതകളും നിയമന രീതികളും നിർണ്ണയിക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ടതല്ലാത്ത അങ്ങനെയുള്ള തസ്തികകളിലേക്ക് നിയമനം നടത്തുകയും ചെയ്യുക;

(xiii) കോളേജുകളിലെയും സർവ്വകലാശാല നടത്തുന്ന വകുപ്പുകളിലെയും കേന്ദ്രങ്ങളിലെയും വിവിധ പഠന കോഴ്സുകൾക്കുവേണ്ടി വിദ്യാർത്ഥികളുടെ പ്രവേശനം നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുക;

(xiv) അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ പരിശോധനയ്ക്ക് വ്യവസ്ഥ ചെയ്യുകയും സർവ്വകലാശാലയ്ക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക;

(xv) സർവ്വകലാശാലയിലെയും അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഫെലോഷിപ്പുകളും ട്രാവലിംഗ് ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും സ്റ്റുഡന്റ്ഷിപ്പുകളും മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക;

(xvi) മറ്റ് സർവ്വകലാശാലകളുമായോ അല്ലെങ്കിൽ ഏതെങ്കിലും അധികാര സ്ഥാപനങ്ങളുമായോ സംഘടനകളുമായോ സർവ്വകലാശാല തീരുമാനിക്കുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കായും സഹകരിക്കുക;

(xvii) ഗവേഷണം, വികസനം, കൺസൾട്ടൻസി, പരിശീലന പരിപാടികൾ എന്നിവ പോലുള്ള പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടോ അല്ലെങ്കിൽ നവീകരിച്ചുകൊണ്ടോ വ്യവസായം, വാണിജ്യം അല്ലെങ്കിൽ മറ്റേതെങ്കിലും സർക്കാരിതര സംഘടനകൾ എന്നിവയ്ക്ക് സേവനങ്ങൾ പ്രദാനം ചെയ്തുകൊണ്ട് സർവ്വകലാശാലയുടെ വിഭവശേഷി വർദ്ധിപ്പിക്കുക;

(xviii) കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ നടത്തിപ്പ്, അങ്ങനെയുള്ള കോളേജിന്റെയോ സ്ഥാപനത്തിന്റെയോ മാനേജ്മെന്റിന്റെ ക്രിമിനൽ സ്വഭാവമുള്ള ക്രമക്കേടുകളോ കൃത്യവിലോപമോ സർവ്വകലാശാല നിയമിക്കുന്ന അന്വേഷണ സമിതിക്ക് പ്രഥമദൃഷ്ട്യാ സ്പഷ്ടമാകുന്ന സംഗതിയിൽ, പൊതുതാൽപ്പര്യാർത്ഥം, ഏറ്റെടുക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുക;

(xix) വിദേശ ഏജൻസികളിൽനിന്നും സഹപ്രവർത്തന പരിപാടികൾക്ക് വേണ്ടിയുള്ള ഫണ്ടുകൾ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും അതിലേക്കായുള്ള ചട്ടങ്ങൾക്കും റഗുലേഷനുകൾക്കും വിധേയമായി സ്വീകരിക്കുക;

(xx) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ അദ്ധ്യാപകർക്കും സർവ്വകലാശാലാ അദ്ധ്യാപകർക്കുംവേണ്ടി പെരുമാറ്റച്ചട്ടം, ജോലിഭാരം, പ്രവർത്തന മികവ് വിലയിരുത്തുന്നതിനുള്ള മാർഗ്ഗരേഖകൾ, സർവ്വകലാശാലയുടെ അഭിപ്രായത്തിൽ അക്കാദമിക കാര്യങ്ങളിൽ ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മറ്റ് ബോധനങ്ങളോ നിർദ്ദേശങ്ങളോ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ നിർദ്ദേശിക്കുക;

(xxi) വൈസ്-ചാൻസലർ ഒഴികെയുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥരുടെ അധികാരങ്ങളും കർത്തവ്യങ്ങളും തിട്ടപ്പെടുത്തുക;

(xxii) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെമേൽ നിയന്ത്രണം ഏർപ്പെടുത്തുകയും അവരുടെ വിദ്യാഭ്യാസ നിലവാരവും ക്ഷേമവും അച്ചടക്കവും ആരോഗ്യവും ഉറപ്പാക്കുകയും അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ വിദ്യാർത്ഥികളുടെമേൽ സമാനമായ ആവശ്യങ്ങൾക്കായി അങ്ങനെയുള്ള കോളേജുകൾ മുഖേന നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക;

(xxiii) ഒരു വിദേശ രാജ്യം, വിദേശ ഫൗണ്ടേഷൻ അല്ലെങ്കിൽ അങ്ങനെയുള്ള രാജ്യത്തെയോ ഫൗണ്ടേഷനിലെയോ ഏതെങ്കിലും വ്യക്തിയിൽ നിന്നുള്ള ഏതൊരു സംഭാവനയും കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മാത്രമേ സർവ്വകലാശാല സ്വീകരിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ഗ്രാന്റായോ മരണപത്ര പ്രകാരമുള്ള വിനിയോഗത്താലോ മറ്റുവിധത്തിലോ സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി, അതിൽ നിക്ഷിപ്തമായേക്കാവുന്ന ഏതൊരു ദാനസ്വത്തുക്കളോ സംഭാവനകളോ ഫണ്ടുകളോ സ്വീകരിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനും, അങ്ങനെയുള്ള ദാനസ്വത്തുക്കളോ സംഭാവനകളോ ഫണ്ടുകളോ സർവ്വകലാശാല ഉചിതമെന്ന് കരുതുന്ന ഏതു വിധത്തിലും നിക്ഷേപിക്കുകയും അങ്ങനെയുള്ള നിധിയിൽനിന്നും സ്കോളർഷിപ്പുകൾ, മെഡലുകൾ മുതലായവ ഏർപ്പെടുത്തുകയും ചെയ്യുക;

(xxiv) ക്രയം, ഗ്രാന്റ്, മരണപത്രം എന്നിവ പ്രകാരമോ മറ്റുവിധത്തിലോ സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി അതിൽ നിക്ഷിപ്തമായേക്കാവുന്ന സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും വസ്തുവകകൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും സർവ്വകലാശാലയുടെ വകയായ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ വസ്തുവകകൾ ഗ്രാന്റായി നൽകുകയോ സർവ്വകലാശാലയുടെ ഉത്തമമായ ആവശ്യങ്ങൾക്കുവേണ്ടി മാത്രം തീറുകൊടുക്കുകയോ അന്യാധീനപ്പെടുത്തുകയോ മറ്റുവിധത്തിൽ കൈയൊഴിയുകയോ ചെയ്യുകയും ഒരു ഏകാംഗീകൃത നികായത്തിന് ആനുഷംഗികമോ ബന്ധപ്പെട്ടതോ ആയ മറ്റെല്ലാ പ്രവൃത്തികളും ചെയ്യുകയും ചെയ്യുക;

എന്നാൽ, സ്ഥാവര വസ്തുവകകൾ തീറു കൊടുക്കുകയോ അന്യാധീനപ്പെടുത്തുകയോ മറ്റ് വിധത്തിൽ കൈയൊഴിയുകയോ ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതുമാണ്.

(xxv) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്രസർക്കാരിൽ നിന്നോ എ.ഐ.സി.റ്റി.ഇ.-യിൽ നിന്നോ അല്ലെങ്കിൽ മറ്റ് ഏകാംഗീകൃത നികായങ്ങളിൽ നിന്നോ സർക്കാർ അംഗീകരിക്കാവുന്നതായ അങ്ങനെയുള്ള ആവശ്യങ്ങൾക്ക്, ഈടിൻമേലോ അല്ലാതെയോ പണം കടം വാങ്ങുക;

(xxvi) സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നിവ ഉണ്ടാക്കുകയും അവ ഭേദഗതി ചെയ്യുകയോ മാറ്റം വരുത്തുകയോ റദ്ദ് ചെയ്യുകയോ ചെയ്യുക;

(xxvii) പൊതുവായി, ഈ ആക്റ്റിന്റെ ലക്ഷ്യങ്ങളും ആവശ്യങ്ങളും കൈവരിക്കുന്നതിലേക്കായി ആവശ്യമാകുന്ന അങ്ങനെയുള്ള മറ്റു പ്രവൃത്തികൾ ചെയ്യുക.

9. സർക്കാരിന്റെ നിയന്ത്രണം.—(1) സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ, സർവ്വകലാശാല,—

(i) അദ്ധ്യാപകരുടെയോ ഉദ്യോഗസ്ഥരുടെയോ മറ്റ് ജീവനക്കാരുടെയോ ഏതെങ്കിലും പുതിയ തസ്തികകൾ സൃഷ്ടിക്കുവാനോ;

(ii) അതിന്റെ അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, മറ്റ് ജീവനക്കാർ എന്നിവരുടെ ശമ്പളം, ബത്തകൾ, വിരമിക്കലിനുശേഷമുള്ള ആനുകൂല്യങ്ങൾ, മറ്റാനുകൂല്യങ്ങൾ എന്നിവ പരിഷ്ക്കരിക്കുവാനോ;

(iii) അതിന്റെ ഏതെങ്കിലും അദ്ധ്യാപകർക്കോ ഉദ്യോഗസ്ഥർക്കോ മറ്റ് ജീവനക്കാർക്കോ എക്സ് ഗ്രേഷ്യാ പേയ്മെന്റോ സാമ്പത്തിക ബാദ്ധ്യതയുള്ള മറ്റ് ആനുകൂല്യങ്ങളോ ഉൾപ്പെടെ, ഏതെങ്കിലും പ്രത്യേക ശമ്പളമോ ബത്തകളോ ഏതെങ്കിലും തരത്തിലുള്ള മറ്റ് അധിക വേതനമോ അനുവദിക്കുവാനോ;

(iv) ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി നീക്കിവയ്ക്കപ്പെട്ട ഏതൊരു ഫണ്ടുകളും അത് ഏത് ആവശ്യത്തിനാണോ ലഭിച്ചത് അതിനല്ലാതെയുള്ള മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റുവാനോ;

(v) സർക്കാരിന് പ്രത്യക്ഷമായോ പരോക്ഷമായോ അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടയാക്കുന്ന, അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളെ സംബന്ധിച്ചുള്ള ഏതെങ്കിലും തീരുമാനം എടുക്കുവാനോ;

പാടുള്ളതല്ല.

(2) ഈ ആക്റ്റിലും ഉണ്ടാക്കേണ്ടതായ സ്റ്റാറ്റ്യൂട്ടുകളിലും വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിലോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലോ സർവ്വകലാശാല വീഴ്ച വരുത്തുന്ന സംഗതിയിൽ, അല്ലെങ്കിൽ സർവ്വകലാശാല മതിയായ രീതിയിൽ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയോ കർത്തവ്യങ്ങൾ നിർവ്വഹിക്കുകയോ ചെയ്യാത്തപക്ഷം അല്ലെങ്കിൽ സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് അനുസരിക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്യുന്നപക്ഷം, സർക്കാരിന്, അതിന് യുക്തമെന്നുതോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിക്കൊണ്ട് സർവ്വകലാശാലയ്ക്ക് അങ്ങനെയുള്ള അധികാരങ്ങൾ ശരിയായി വിനിയോഗിക്കുന്നതിന് അല്ലെങ്കിൽ അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് അല്ലെങ്കിൽ ഉത്തരവ് അനുസരിക്കുന്നതിന് ഒരു നിർദ്ദേശം നൽകാവുന്നതും അങ്ങനെയുള്ള നിർദ്ദേശം അനുസരിക്കേണ്ടത് സർവ്വകലാശാലയുടെ കർത്തവ്യം ആയിരിക്കുന്നതുമാണ്.

(3) പ്രസക്തമായ ആക്റ്റുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരവും സർക്കാരിന് ഉചിതമെന്ന് തോന്നുന്ന പ്രകാരവും സർവ്വകലാശാലയുടെയോ സർവ്വകലാശാലയുടെ കീഴിലുള്ള കോൺസ്റ്റിറ്റ്യുവന്റ് കോളേജിന്റെയോ കണക്കുകളുടെ ആഡിറ്റ് അങ്ങനെയുള്ള ഇടവേളകളിൽ പതിവായി കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലും സർക്കാരും നടത്തേണ്ടതാണ്.

## അദ്ധ്യായം III

## ചാൻസലറും പ്രോ-ചാൻസലറും സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരും

10. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലറായിരിക്കുന്നതാണ്.

(2) ചാൻസലർ സർവ്വകലാശാലയുടെ തലവനായിരിക്കുന്നതും, സന്നിഹിതനായിരിക്കുമ്പോൾ സർവ്വകലാശാലയുടെ ബിരുദദാന സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

(3) ചാൻസലർ, വൈസ്-ചാൻസലറിൽനിന്നും രേഖാമൂലമുള്ള റിപ്പോർട്ട് വാങ്ങിയതിനുശേഷം ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ സമിതിയുടെയോ ഉദ്യോഗസ്ഥന്റെയോ ഏതെങ്കിലും പ്രമേയമോ ഉത്തരവോ നടപടികളോ അത് ചാൻസലറുടെ അഭിപ്രായത്തിൽ ഈ ആക്റ്റിനോ സ്റ്റാറ്റ്യൂട്ടുകൾക്കോ

ഓർഡിനൻസുകൾക്കോ റഗുലേഷനുകൾക്കോ അനുരൂപമല്ലാത്തതോ സർവ്വകലാശാല യുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായതോ ആണെങ്കിൽ അവ സസ്പെന്റ് ചെയ്യുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതും സർവ്വകലാശാലയും അധികാരസ്ഥാനവും നികായവും സമിതിയും ഉദ്യോഗസ്ഥനും അത് അനുസരിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുൻപ് ചാൻസലർ, അതതുസംഗതിപോലെ, സർവ്വകലാശാലയെയോ അധികാരസ്ഥാനത്തെയോ നികായത്തെയോ സമിതിയെയോ ഉദ്യോഗസ്ഥനെയോ, അങ്ങനെയുള്ള ഒരു ഉത്തരവ് എന്തുകൊണ്ട് പുറപ്പെടുവിച്ചുകൂടാ എന്നതിനുള്ള കാരണം നിശ്ചിത കാലയളവിനുള്ളിൽ കാണിക്കാൻ ആവശ്യപ്പെടേണ്ടതും ഏതെങ്കിലും കാരണം കാണിക്കുകയാണെങ്കിൽ, ചാൻസലർ അത് പരിഗണിക്കേണ്ടതും എവിടെയൊക്കെ അത് ആവശ്യമാണെന്ന് അദ്ദേഹം കരുതുന്നുവോ അവിടെയൊക്കെ സർക്കാരുമായി കൂടിയാലോചിച്ചതിനുശേഷം പ്രസ്തുത വിഷയത്തിൽ സ്വീകരിക്കേണ്ട നടപടി തീരുമാനിക്കേണ്ടതും അങ്ങനെയുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) ഫണ്ടിന്റെ ദുർവിനിയോഗം, പെരുമാറ്റ ദൂഷ്യം, ദുർഭരണം, മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കുറ്റാരോപണങ്ങൾ എന്നിവയിന്മേൽ രേഖാമൂലമായ ഒരു ഉത്തരവുവഴി, വൈസ്-ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് ചാൻസലർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം നടപടി സ്വീകരിക്കുന്നതിനുമുൻപ് അങ്ങനെയുള്ള ആരോപണങ്ങൾ ചാൻസലർ ഈ ആവശ്യത്തിലേക്കായി നിയമിക്കുന്ന, ഹൈക്കോടതിയിലെയോ സുപ്രീം കോടതിയിലെയോ ഒരു ജഡ്ജിയോ ജഡ്ജിയായിരുന്ന ഒരാളോ നടത്തുന്ന അന്വേഷണത്തിലൂടെ തെളിയിക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, വൈസ്-ചാൻസലറെ, അദ്ദേഹത്തിനെതിരായി എടുക്കാനുദ്ദേശിക്കുന്ന നടപടിക്കെതിരായി കാരണം കാണിക്കാൻ ന്യായമായ ഒരവസരം നൽകാത്തപക്ഷം ഈ വകുപ്പ് പ്രകാരം നീക്കം ചെയ്യാൻ പാടുള്ളതല്ല.

(5) ചാൻസലർ ഈ ആക്റ്റ് പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ അവയ്ക്കു കീഴിലോ നൽകപ്പെട്ടതോ നിക്ഷിപ്തമായതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

11. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള മന്ത്രി അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ, അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത അവസരത്തിലോ, പ്രോ-ചാൻസലർ ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

(3) സർവ്വകലാശാലയുടെ പ്രവർത്തനത്തിന്റെ വാർഷിക പദ്ധതി പ്രോ-ചാൻസലർക്ക് അദ്ദേഹത്തിന്റെ അറിവിലേക്കായി റഫർ ചെയ്യേണ്ടതും അദ്ദേഹം നൽകുന്ന ഏതു നിർദ്ദേശവും ബോർഡ് ഓഫ് ഗവർണേഴ്സിന് പരിഗണിക്കാവുന്നതുമാണ്.

(4) ചാൻസലർ രേഖാമൂലമുള്ള ഉത്തരവിലൂടെ പ്രോ-ചാൻസലർക്ക് ഏൽപ്പിച്ചു കൊടുക്കുന്ന ചാൻസലറുടെ അങ്ങനെയുള്ള അധികാരങ്ങൾകൂടി പ്രോ-ചാൻസലർ വിനിയോഗിക്കേണ്ടതും, കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏൽപ്പിച്ചു കൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കുന്നതുമാണ്.

[****]

12. സർവ്വകലാശാലയിലെ ഉദ്യോഗസ്ഥന്മാർ.—താഴെപ്പറയുന്നവർ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥന്മാരായിരിക്കുന്നതാണ്, അതായത്:—

(i) വൈസ്-ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) രജിസ്ട്രാർ;

(iv) ഫൈനാൻസ് ഓഫീസർ;

(v) പരീക്ഷാ കൺട്രോളർ;

(vi) ഡീൻ (ഗവേഷണം);

(vii) ഡീൻ (അക്കാദമികം);

(viii) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥന്മാരായി സ്റ്റാറ്റ്യൂട്ടുകൾമൂലം പ്രഖ്യാപിക്കപ്പെടുന്ന, സർവ്വകലാശാലയുടെ സർവ്വീസിലുള്ള അങ്ങനെയുള്ള മറ്റാളുകൾ.

13. വൈസ്-ചാൻസലർ.—(1) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ പ്രധാന എക്സിക്യൂട്ടീവും അക്കാദമിക ആഫീസറും ആയിരിക്കുന്നതാണ്. അദ്ദേഹം നിർവ്വാഹക സമിതിയുടെയും അക്കാദമിക സമിതിയുടെയും എക്സ്-ഒഫീഷ്യോ ചെയർമാൻ ആയിരിക്കുന്നതാണ്.

(2) പ്രഥമ വൈസ്-ചാൻസലറെ സർക്കാരിന്റെ ശിപാർശയിന്മേൽ ചാൻസലർ നിയമിക്കേണ്ടതും അതിനുശേഷം വൈസ്-ചാൻസലറെ താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു അന്വേഷണ സമിതി ശിപാർശ ചെയ്യുന്ന പാനലിലെ പേരുകളിൽ നിന്നും ചാൻസലർ നിയമിക്കേണ്ടതുമാണ്, അതായത്:—

[****]

(i) ബോർഡ് ഓഫ് ഗവർണേഴ്സ് തെരഞ്ഞെടുത്ത ഒരംഗം;

(ii) എ.ഐ.സി.റ്റി.ഇ. നാമനിർദ്ദേശം ചെയ്ത ഒരംഗം;

(iii) സംസ്ഥാന ചീഫ് സെക്രട്ടറി, അദ്ദേഹം സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

[****]

(3) വൈസ്-ചാൻസലറുടെ ഒഴിവ് ഉണ്ടാകുന്നതിന് സാധ്യതയുള്ള തീയതിക്ക് കുറഞ്ഞത് മൂന്നുമാസം മുൻപെങ്കിലും പാനൽ തയ്യാറാക്കുന്ന നടപടി തുടങ്ങിയിരിക്കേണ്ടതും ചാൻസലർ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്. എന്നിരുന്നാലും, ചാൻസലർക്ക്, അനിവാര്യമായ സാഹചര്യങ്ങളിൽ അങ്ങനെ ചെയ്യുന്നത് ആവശ്യമാണെങ്കിൽ അപ്രകാരമുള്ള സമയപരിധി നീട്ടാവുന്നതാണ്. എന്നിരുന്നാലും, അങ്ങനെ നീട്ടിയ കാലയളവുൾപ്പെടെ മൂന്ന് മാസത്തിനകം പാനൽ തയ്യാറാക്കുന്ന നടപടി പൂർത്തിയാക്കേണ്ടതാണ്.

(4) എഞ്ചിനീയറിംഗ് ശാസ്ത്രരംഗത്ത് പ്രഗത്ഭരായ ആളുകളിൽനിന്നും അനുയോജ്യരായ മൂന്ന് ആളുകളിൽ കുറയാത്ത ഒരു പാനൽ സമിതി ഐകകണ്ഠേന ശിപാർശ ചെയ്യേണ്ടതാണ്. പേരുകൾ അക്ഷരമാലക്രമത്തിലായിരിക്കേണ്ടതാണ്. പാനലിൽ ഉൾപ്പെട്ട ഓരോ ആളുടെയും അനുയോജ്യതയുടെ വിശദമായ ഒരു വിവരണം റിപ്പോർട്ടിനോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. വ്യവസ്ഥ ചെയ്ത പ്രകാരം ഏകകണ്ഠമായ ഒരു ശിപാർശ ചെയ്യുവാൻ സമിതി പരാജയപ്പെടുന്ന സംഗതിയിൽ, സമിതിയിലെ ഓരോ അംഗത്തിനും ഒരാളുടെ പേരുവീതം ചാൻസലർക്ക് സമർപ്പിക്കാവുന്നതാണ്. സമിതിയിലെ ഏതെങ്കിലും ഒരംഗം പേര് സമർപ്പിക്കാതിരിക്കുന്നത് വൈസ്-ചാൻസലറുടെ നിയമനം അസാധുവാക്കുന്നതല്ല.

[****]

(5) അറുപത്തിയൊന്നു വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും വൈസ്-ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതും നിയമനത്തിനുശേഷം അദ്ദേഹത്തിന്റെ നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലു വർഷക്കാലയളവിലേക്കോ അല്ലെങ്കിൽ അദ്ദേഹത്തിന് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ, ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(6) (5)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള പരമാവധി വയസ്സ് പൂർത്തീകരിച്ചിട്ടില്ല എന്നതിന് വിധേയമായി വൈസ്-ചാൻസലറായി നിയമിതരായ ആളുകൾക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(7) താഴെപ്പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ വൈസ്-ചാൻസലറുടെ ഒഴിവ് വരുന്നപക്ഷം, സർക്കാർ ശിപാർശ ചെയ്യുന്ന, മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെയോ പ്രോ-വൈസ്-ചാൻസലറെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയോ മൊത്തം ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് വൈസ്-ചാൻസലറായി ചാൻസലർക്ക് നിയമിക്കാവുന്നതാണ്, അതായത്:—

(i) (2)-ാം ഉപവകുപ്പിൻകീഴിൽ നിയമിച്ച സമിതിക്ക് ചാൻസലർ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ഏതെങ്കിലും പേര് ശിപാർശ ചെയ്യാൻ കഴിയാതെ വരുന്നിടത്ത്;

(ii) മരണം, രാജി അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്ത് ഒഴിവുണ്ടാവുകയും [****] (1) മുതൽ (5) വരെ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം സൗകര്യപ്രദമായും സത്വരമായും അത് നികത്താൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്;

(iii) അവധിയോ അസുഖം മൂലമോ അല്ലെങ്കിൽ മറ്റു കാരണങ്ങളാലോ വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്ത് താൽക്കാലികമായ ഒഴിവുണ്ടാകുന്നിടത്ത്;

(iv) വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നിടത്ത്;

(v) മറ്റെന്തെങ്കിലും അടിയന്തരഘട്ടം ഉണ്ടാകുന്നിടത്ത്:

എന്നാൽ, അങ്ങനെ നിയമിക്കപ്പെട്ട ആൾ, വൈസ്-ചാൻസലർ ഔദ്യോഗിക സ്ഥാനത്ത് തിരികെ പ്രവേശിക്കുന്ന തീയതിയിൽ അങ്ങനെയുള്ള ഔദ്യോഗികസ്ഥാനം വഹിക്കുന്നത് അവസാനിക്കുന്നതാണ്.

(8) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ഒരു മുഴുവൻസമയ ശമ്പളം പറ്റുന്ന ആഫീസറായിരിക്കുന്നതാണ്.

(9) വൈസ്-ചാൻസലർക്ക് നൽകേണ്ടുന്ന പ്രതിഫലവും മറ്റു സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(10) സർക്കാർ അതതു സമയങ്ങളിൽ അംഗീകരിക്കുന്നതോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെട്ടതോ ആയ അങ്ങനെയുള്ള അതിവ്യയബത്ത വൈസ്-ചാൻസലർക്ക് ചെലവഴിക്കുന്നതിനായി നൽകേണ്ടതാണ്.

(11) വൈസ്-ചാൻസലർക്ക്, സ്വന്തം കൈപ്പടയിൽ എഴുതി ചാൻസലറെ അഭിസംബോധന ചെയ്തുകൊണ്ട്, ഒരുമാസത്തെ അറിയിപ്പ് ചാൻസലർക്ക് നൽകിയതിനുശേഷം, അയാളുടെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതും, ചാൻസലർ രാജി സ്വീകരിക്കുന്നതോടെയോ അല്ലെങ്കിൽ പ്രസ്തുത അറിയിപ്പ് കാലാവധി തീരുന്ന തീയതിയിലോ, ഏതാണോ ആദ്യം വരുന്നത്, അന്ന് ഔദ്യോഗിക പദവി അവസാനിക്കുന്നതുമാണ്.

(12) ചാൻസലർക്ക് ബോധ്യമാകുന്നപക്ഷം വൈസ്-ചാൻസലറെ ഔദ്യോഗിക സ്ഥാനത്തുനിന്നും, അയാൾ,—

(i) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായി തീരുകയും ക്ഷമതയുള്ള ഒരു അധികാരസ്ഥാനം അങ്ങനെ പ്രഖ്യാപിക്കുകയും ചെയ്യുകയോ;

(ii) സാന്മാർഗ്ഗികദൂഷ്യം ഉൾപ്പെടുന്ന ഏതെങ്കിലും ഒരു കുറ്റത്തിന് ഒരു കോടതി കുറ്റസ്ഥാപനം നടത്തുകയോ;

(iii) ഒരു അവിമുക്ത നിർദ്ധനൻ ആയിത്തീരുകയും ക്ഷമതയുള്ള ഒരു അധികാരസ്ഥാനം അങ്ങനെ പ്രഖ്യാപിക്കുകയും ചെയ്യുകയോ;

(iv) ദീർഘകാലത്തെ രോഗമോ അല്ലെങ്കിൽ ശാരീരിക വൈകല്യം കാരണമോ ചുമതലകൾ നിർവ്വഹിക്കാൻ ശാരീരികമായി പ്രാപ്തി ഇല്ലാതാകുകയും കഴിവില്ലാതാകുകയും ചെയ്യുകയോ;

ചെയ്താൽ നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഔദ്യോഗിക സ്ഥാനം വഹിക്കുന്ന വൈസ്-ചാൻസലറെ (iv)-ാം ഇനത്തിൻകീഴിൽ നീക്കം ചെയ്യാനുള്ള നടപടി എടുക്കുന്നതിനുമുൻപ് കാരണം കാണിക്കുന്നതിനുള്ള ന്യായമായ ഒരു അവസരം ചാൻസലർ നൽകേണ്ടതാണ്.

14. വൈസ്-ചാൻസലറുടെ അധികാരങ്ങൾ.—(1) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ പ്രധാന അക്കാദമിക-നിർവ്വാഹക ഉദ്യോഗസ്ഥനായിരിക്കുന്നതാണ്. അദ്ദേഹം സർവ്വകലാശാലയുടെ അക്കാദമിക പരിപാടികളുടെ പുരോഗതിക്ക് ഉത്തരവാദിയായിരിക്കുന്നതാണ്. സർവ്വകലാശാലയുടെ കാര്യക്ഷമതയും ശരിയായ ചിട്ടയും ഉറപ്പ് വരുത്തുന്നതിനായി അദ്ദേഹം സർവ്വകലാശാലയുടെ അക്കാദമിക പരിപാടികളുടെയും ഭരണത്തിന്റെയും പൊതുഭരണത്തിന്റെയും മേൽനോട്ടം വഹിക്കേണ്ടതും നിരീക്ഷിക്കേണ്ടതുമാണ്.

(2) വൈസ്-ചാൻസലർക്ക് ഏതെങ്കിലും അധികാരസ്ഥാനങ്ങളുടെയോ നികായങ്ങളുടെയോ സമിതികളുടെയോ യോഗങ്ങൾ, അങ്ങനെ യോഗം ചേരേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം കരുതുമ്പോഴെല്ലാം, വിളിച്ചുകൂട്ടുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(3) ബോർഡ് ഓഫ് ഗവർണേഴ്സ് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്നും അല്ലെങ്കിൽ നടപ്പിലാക്കുന്നുണ്ടെന്നും വൈസ്-ചാൻസലർ ഉറപ്പ് വരുത്തേണ്ടതാണ്.

(4) സർവ്വകലാശാലയുടെ നടപടികൾ ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി നടപ്പിലാക്കപ്പെടുന്നുണ്ടെന്നും, അധികാരസ്ഥാനങ്ങളുടെയും നികായങ്ങളുടെയും സമിതികളുടെയും തീരുമാനങ്ങൾ ഈ ആക്റ്റിനോ സ്റ്റാറ്റ്യൂട്ടുകൾക്കോ ഓർഡിനൻസുകൾക്കോ റഗുലേഷനുകൾക്കോ വിരുദ്ധമല്ലെന്നും ഉറപ്പാക്കേണ്ടത് വൈസ്-ചാൻസലറുടെ കർത്തവ്യമായിരിക്കുന്നതാണ്.

(5) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തരാവശ്യം ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും കഴിയുന്നത്ര വേഗം അടിയന്തരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും സാധാരണഗതിയിൽ ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ രേഖാമൂലം റിപ്പോർട്ട്

ചെയ്യേണ്ടതുമാണ്. അപ്രകാരം ഒരു അടിയന്തരാവശ്യം നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും അധികാരസ്ഥാനവും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ വിഷയം ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(6) ഏതെങ്കിലും വിഷയം സ്റ്റാറ്റ്യൂട്ടുകളോ റഗുലേഷനുകളോ മുഖേന ക്രമപ്പെടുത്തേണ്ട ആവശ്യമുണ്ടായിരിക്കുകയും എന്നാൽ അക്കാര്യത്തിനായി സ്റ്റാറ്റ്യൂട്ടുകളോ റഗുലേഷനുകളോ ഉണ്ടാക്കിയിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, തൽസമയം ആവശ്യമാണെന്ന് വൈസ്-ചാൻസലർ കരുതുന്ന അത്തരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് വിഷയം ക്രമപ്പെടുത്തേണ്ടതും അതിനുശേഷം കഴിയുന്നത്രവേഗം അംഗീകാരത്തിനായി അവ ബോർഡ് ഓഫ് ഗവർണേഴ്സിനോ മറ്റ് അധികാരസ്ഥാനത്തിനോ ബന്ധപ്പെട്ട നികായത്തിനോ സമർപ്പിക്കേണ്ടതുമാണ്.

(7) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഈ ആവശ്യത്തിലേക്കായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരത്തോടെയും സർവ്വകലാശാലാ അദ്ധ്യാപകരെ വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്.

(8) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരത്തോടെയും സർവ്വകലാശാലയിലെ ഡെപ്യൂട്ടി രജിസ്ട്രാറുടെ പദവിക്കും അതിനുമുകളിലുമുള്ള എല്ലാ ഉദ്യോഗസ്ഥരെയും വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്.

(9) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിശ്ചയിക്കുന്ന പരിധിക്ക് വിധേയമായി, ചെലവു ചെയ്യുന്നതിനുള്ള സാമ്പത്തികാധികാരം വൈസ്-ചാൻസലർക്ക് ഉണ്ടായിരിക്കുന്നതാണ്.

(10) സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളുടെയോ നികായങ്ങളുടെയോ സമിതികളുടെയോ ചെയർപേഴ്സൺ എന്ന നിലയിൽ അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ സമിതിയുടെയോ യോഗത്തിൽ നിന്നും ഒരംഗത്തെ, നടപടികൾ തടസ്സപ്പെടുത്തിയതിനോ സ്തംഭിപ്പിച്ചതിനോ അംഗത്തിൽ നിന്നുമുണ്ടാകാൻ പാടില്ലാത്ത പെരുമാറ്റ ദൂഷ്യത്തിൽ ഉൾപ്പെട്ടതിനോ, നിർവ്വാഹക സമിതിയുടെ അംഗീകാരത്തിന് വിധേയമായി, സസ്പെന്റ് ചെയ്യുന്നതിന് വൈസ്-ചാൻസലർക്ക് അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരം അക്കാര്യം ബോർഡ് ഓഫ് ഗവർണേഴ്സിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(11) സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്കും നിർവ്വാഹക സമിതിയുടെ അംഗീകാരത്തിനും വിധേയമായി, വൈസ്-ചാൻസലർക്ക് സർവ്വകലാശാലയിലെ ജീവനക്കാരെ അവരുടെ ഭാഗം പ്രതിരോധിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനുശേഷം സസ്പെൻഡ് ചെയ്യുന്നതിനും, കുറ്റവിമുക്തരാക്കുന്നതിനും, പിരിച്ചുവിടുന്നതിനും അല്ലെങ്കിൽ മറ്റ് വിധത്തിൽ ഏതൊരു അച്ചടക്കനടപടിയും എടുക്കുന്നതിനും, അധികാരമുണ്ടായിരിക്കുന്നതാണ്.

[****]

(12) എല്ലാ സമിതികളിലെയും ബോർഡുകളിലെയും അംഗങ്ങളെ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, സ്റ്റാറ്റ്യൂട്ടുകൾക്ക് അനുസൃതമായി വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്.

(13) സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്ത പ്രകാരം സർവ്വകലാശാല ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് ആനുകാലികമായി ബോർഡ് ഓഫ് ഗവർണേഴ്സിന്റെയും നിർവ്വാഹക സമിതിയുടെയും മുൻപാകെ വൈസ്-ചാൻസലർ വയ്ക്കേണ്ടതാണ്.

(14) ഈ ആക്റ്റിൻകീഴിലോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ വൈസ്-ചാൻസലർക്ക് നൽകിയിട്ടുള്ള അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വൈസ്-ചാൻസലർ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

15. പ്രോ-വൈസ്-ചാൻസലറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും.—(1) സർക്കാർ ശിപാർശ ചെയ്യുന്ന, എഞ്ചിനീയറിംഗ്, സാങ്കേതിക ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കുന്ന യോഗ്യതകൾ ഉള്ളതുമായ ഒരാളെ പ്രോ-വൈസ്-ചാൻസലറായി ചാൻസലർ നിയമിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്.

(2) അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ്-ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതാണ്.

(3) പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി നാലുവർഷക്കാലം ആയിരിക്കുന്നതും പുനർനിയമനത്തിന് അർഹനാണെന്നു കാണുന്നപക്ഷം അദ്ദേഹത്തെ തൊട്ടടുത്ത നാലുവർഷത്തേക്കു കൂടി നിയമിക്കാവുന്നതുമാണ്:

എന്നാൽ, അറുപതു വയസ്സു പൂർത്തിയായ യാതൊരാളും പുനർനിയമനത്തിന് അർഹനായിരിക്കുന്നതല്ല.

(4) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവനവ്യവസ്ഥകളും ചാൻസലർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(5) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും വൈസ്-ചാൻസലറുമായി കൂടിയാലോചിച്ച് ചാൻസലർ തീരുമാനിക്കേണ്ടതും അങ്ങനെയുള്ള അധികാരങ്ങൾ യഥാസമയം പ്രോ-വൈസ്-ചാൻസലർ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

16. രജിസ്ട്രാറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും.—(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ രജിസ്ട്രാറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതാണ്. പ്രഥമ രജിസ്ട്രാറെ സർക്കാർ നിയമിക്കേണ്ടതാണ്.

(2) രജിസ്ട്രാർ, സർവ്വകലാശാലയുടെ മുഖ്യ ഭരണ നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്. അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്.

(3) രജിസ്ട്രാറുടെ സേവനകാലാവധി സർവ്വകലാശാലകളുടെ ഓഫീസർമാരുടെ പ്രായപരിധി സംബന്ധിച്ചുള്ള സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ഉത്തരവനുസരിച്ചായിരിക്കുന്നതാണ്. രജിസ്ട്രാറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തിപരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(4) രജിസ്ട്രാറുടെ ഔദ്യോഗികസ്ഥാനം ഒഴിഞ്ഞുകിടക്കുകയോ അല്ലെങ്കിൽ അസുഖമോ അഭാവമോ കാരണം അല്ലെങ്കിൽ മറ്റ് ഏതെങ്കിലും കാരണത്താലോ രജിസ്ട്രാർക്ക് തന്റെ ഔദ്യോഗിക ചുമതലകൾ ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് നിർവ്വഹിക്കാൻ കഴിയാതിരിക്കുകയോ ചെയ്യുമ്പോൾ ഒരു പുതിയ രജിസ്ട്രാർ നിയമിക്കപ്പെടുകയും ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുകയും ചെയ്യുന്നതു വരെയോ അല്ലെങ്കിൽ രജിസ്ട്രാർ തിരികെ ജോലിയിൽ പ്രവേശിക്കുന്നതുവരെയോ, അതതു സംഗതിപോലെ, രജിസ്ട്രാർ ആയി പ്രവർത്തിക്കുന്നതിന് യോജിച്ച ഒരാളെ വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്.

(5) രജിസ്ട്രാർ, ബോർഡ് ഓഫ് ഗവർണേഴ്സിന്റെയും നിർവ്വാഹക സമിതിയുടെയും കൺവീനർ ആയി പ്രവർത്തിക്കേണ്ടതാണ്.

(6) സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളുടെ തീരുമാനങ്ങൾക്ക് വിധേയമായി, രജിസ്ട്രാർക്ക് സർവ്വകലാശാലയ്ക്കുവേണ്ടി കരാറുകളിൽ ഏർപ്പെടുന്നതിനും രേഖകളിൽ ഒപ്പുവയ്ക്കുന്നതിനും രേഖകൾ പ്രമാണീകരിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(7) രജിസ്ട്രാർ, ബോർഡ് ഓഫ് ഗവർണേഴ്സോ നിർവ്വാഹക സമിതിയോ, അദ്ദേഹത്തിൽ ഭരമേൽപ്പിക്കുന്ന സർവ്വകലാശാലയുടെ രേഖകളുടെയും പൊതുമുദ്രയുടെയും അങ്ങനെയുള്ള മറ്റ് സ്വത്തുക്കളുടെയും സൂക്ഷിപ്പുകാരനായിരിക്കുന്നതാണ്.

(8) രജിസ്ട്രാർ, അധികാരസ്ഥാനങ്ങളോ നികായങ്ങളോ സമിതികളോ അതതു സമയങ്ങളിൽ അംഗീകരിച്ച സ്റ്റാറ്റ്യൂട്ടുകളുടെയും റഗുലേഷനുകളുടെയും കൈപ്പുസ്തകം തയ്യാറാക്കേണ്ടതും അത് നാളിതുവരെയുള്ളതാക്കി സൂക്ഷിക്കേണ്ടതും സർവ്വകലാശാലയിലെ അധികാര സ്ഥാനങ്ങളിലെ ബന്ധപ്പെട്ട അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും അത് ലഭ്യമാക്കേണ്ടതുമാണ്.

(9) രജിസ്ട്രാർ, ഭരണനിർവ്വഹണം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കേണ്ടതും അവ ഉചിതമായ നടപടിക്കുവേണ്ടി പരിഗണിക്കേണ്ടതുമാണ്.

(10) രജിസ്ട്രാർ, ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമോ വൈസ്-ചാൻസലർ അതതു സമയങ്ങളിൽ അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റു കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

17. ഫൈനാൻസ് ഓഫീസറുടെ നിയമനം.—(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽനിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ ഫൈനാൻസ് ഓഫീസറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതും അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ ഫൈനാൻസ് ഓഫീസറെ സർക്കാർ നിയമിക്കേണ്ടതാണ്. ഫൈനാൻസ് ഓഫീസറുടെ സേവന കാലാവധി ഇതു സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചായിരിക്കുന്നതാണ്. ഫൈനാൻസ് ഓഫീസറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തിപരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(2) ഫൈനാൻസ് ഓഫീസറുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ വ്യവസ്ഥ ചെയ്യുന്ന പ്രകാരമോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമോ അല്ലെങ്കിൽ അതതു സമയങ്ങളിൽ വൈസ്-ചാൻസലർ അദ്ദേഹത്തിന് ഏല്പിച്ചുകൊടുക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.

18. പരീക്ഷാ കൺട്രോളറുടെ നിയമനവും അധികാരങ്ങളും ചുമതലകളും.—(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽനിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ പരീക്ഷാ കൺട്രോളറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതും അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ പരീക്ഷാ കൺട്രോളറെ സർക്കാർ നിയമിക്കേണ്ടതാണ്.

(2) പരീക്ഷാ കൺട്രോളറുടെ സേവന കാലാവധി ഇതു സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവനുസരിച്ചായിരിക്കുന്നതാണ്. പരീക്ഷാ കൺട്രോളറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തിപരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(3) പരീക്ഷാ കൺട്രോളർ, സർവ്വകലാശാലയുടെ പരീക്ഷകളുടെയും ടെസ്റ്റുകളുടെയും നടത്തിപ്പിന്റെയും, അവയുടെ ഫലപ്രഖ്യാപനത്തിന്റെയും, ചുമതലയുള്ള പ്രധാന ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും വൈസ്-ചാൻസലറുടെ മേൽനോട്ടത്തിലും നിർദ്ദേശത്തിലും നേതൃത്വത്തിലും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

19. ഡീൻ (അക്കാദമികം), ഡീൻ (ഗവേഷണം) എന്നിവരുടെ നിയമനവും അധികാരങ്ങളും ചുമതലകളും.—(1) ഒരു ഡീൻ (അക്കാദമികം)-ഉം ഒരു ഡീൻ (ഗവേഷണം)-ഉം ഉണ്ടായിരിക്കേണ്ടതാണ്. ഡീൻ (അക്കാദമികം)-ഉം ഡീൻ (ഗവേഷണം)-ഉം ഫാക്കൽറ്റിക്കുള്ളിലുള്ള അക്കാദമിക പുരോഗതിയും അദ്ധ്യയനത്തിന്റെ നിലവാരവും നിലനിർത്തി കൊണ്ടുപോകുന്നതിനും അദ്ധ്യാപകരുടെ പരിശീലനവും ഗവേഷണവും സംബന്ധിച്ച്, യഥാക്രമം ഭരണ നിർവ്വഹണ സമിതി അംഗീകരിച്ച പ്രകാരമുള്ള അക്കാദമിക നയങ്ങളുടെയും ഗവേഷണ നയങ്ങളുടെയും നടത്തിപ്പിന് ഉത്തരവാദി യായിരിക്കുന്ന സർവ്വകലാശാലയുടെ അക്കാദമിക ഉദ്യോഗസ്ഥരായിരിക്കുന്നതാണ്. സേവനത്തിന്റെ നിബന്ധനകളും ഉപാധികളും ജോലി വിഭജനവും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്. ഡീൻ (അക്കാദമികം) ആവശ്യമായി വരുമ്പോഴെല്ലാം അക്കാദമിക സമിതി വിളിച്ചു ചേർക്കേണ്ടതാണ്.

(2) ഡീനുകൾ സർവ്വകലാശാലയുടെ കേന്ദ്രങ്ങളിലെയും അഫിലിയേറ്റ് ചെയ്യ പ്പെട്ട കോളേജുകളിലെയും ഫാക്കൽറ്റിയുടെ അക്കാദമികമായ പുരോഗതിക്കും ഗവേഷണ വികസനത്തിനും ഉത്തരവാദിയായിരിക്കുന്നതും ഡീനിന്റെ പ്രവർത്തന പരിധിയിൽ വരുന്ന കാര്യങ്ങളെ സംബന്ധിച്ച് ബോർഡ് ഓഫ് ഗവർണേഴ്സിന്റെയും നിർവ്വാഹക സമിതിയുടെയും അക്കാദമിക സമിതിയുടെയും തീരുമാനങ്ങൾ വേണ്ടവിധത്തിൽ നടപ്പിൽ വരുത്തുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

(3) വൈസ്-ചാൻസലറുടെ മേൽനോട്ടത്തിനും നിർദ്ദേശത്തിനും നിയന്ത്രണ ത്തിനും വിധേയമായി, ആവശ്യമെന്ന് ഡീൻ കരുതുന്ന അങ്ങനെയുള്ള ഉപദേശം സ്വീകരിച്ചതിനുശേഷം, എൻറോൾമെന്റ്, അർഹത, മൈഗ്രേഷൻ, സ്കോളർഷിപ്പുകൾ, റിസേർച്ച്ഷിപ്പുകൾ, സ്റ്റുഡന്റ്സ്ഷിപ്പുകൾ, അല്ലെങ്കിൽ ഫ്രീഷിപ്പുകൾ, സർവ്വകലാശാലാ പരീക്ഷകൾക്കുള്ള പ്രവേശനത്തിനുള്ള നിബന്ധനകൾ എന്നിവ സംബന്ധിച്ച വിദ്യാർത്ഥി കളുടെ പരാതികളിന്മേൽ ഡീൻ തീരുമാനമെടുക്കേണ്ടതാണ്.

20. സർവ്വകലാശാലയിലെ എല്ലാ ഉദ്യോഗസ്ഥരും പബ്ലിക് സെർവ്വന്റുമാർ ആയിരിക്കുമെന്ന്.—സർവ്വകലാശാലയിലെ ശമ്പളം പറ്റുന്ന എല്ലാ ഉദ്യോഗസ്ഥരും അദ്ധ്യാപകരും അധികാരസ്ഥാനങ്ങളിലെയോ സമിതികളിലെയോ നികായങ്ങളിലെയോ അംഗങ്ങളും, സർവ്വകലാശാലയിലെ മറ്റ് ജീവനക്കാരും, ഇന്ത്യൻ ശിക്ഷാ നിയമസംഹിത യിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവ്വന്റുമാരായി കരുതപ്പെടേണ്ടതാണ്.

21. നിയമനങ്ങൾ വിജ്ഞാപനം ചെയ്യപ്പെടണമെന്ന്.—സർവ്വകലാശാല, വൈസ്-ചാൻസലറുടെയും പ്രോ-വൈസ്-ചാൻസലറുടെയും [****] രജിസ്ട്രാറുടെയും പരീക്ഷാ കൺട്രോളറുടെയും ഫൈനാൻസ് ഓഫീസറുടെയും നിയമനം ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

## അദ്ധ്യായം IV

## സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ

22. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ.—താഴെ പറയുന്നവ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുന്നതാണ്, അതായത്:—

(i) ബോർഡ് ഓഫ് ഗവർണേഴ്സ്;

(ii) നിർവ്വാഹക സമിതി;

(iii) അക്കാദമിക സമിതി;

(iv) ഗവേഷണ കൗൺസിൽ; കൂടാതെ

സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ സ്ഥാന നിർദ്ദേശിക്കപ്പെടാവുന്ന, സർവ്വകലാശാലയുടെ അങ്ങനെയുള്ള മറ്റ് നികായങ്ങൾ.

23. ബോർഡ് ഓഫ് ഗവർണേഴ്സ്.—(1) ബോർഡ് ഓഫ് ഗവർണേഴ്സിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

**എക്സ്-ഒഫീഷ്യോ അംഗങ്ങൾ**

(i) ചാൻസലർ;

(ii) പ്രോ-ചാൻസലർ;

[****]

(iii) കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(v) വൈസ്-ചാൻസലർ;

(vi) പ്രോ-വൈസ്-ചാൻസലർ;

(vii) കേരള സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ;

(viii) ഡീൻ (അക്കാദമികം);

(ix) ഡീൻ (ഗവേഷണം);

(x) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ, ഒരു ഡയറക്ടർ;

(xi) വിക്രം സാരാഭായ് സ്പേസ് സെന്ററിന്റെ ഡയറക്ടർ;

(xii) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജിയുടെ ഡയറക്ടർ;

(xiii) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ചിന്റെ ഡയറക്ടർ;

(xiv) കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഡയറക്ടർ;

(xv) വിദ്യാർത്ഥി കൗൺസിലിന്റെ ജനറൽ സെക്രട്ടറി.

**തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ**

കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് വഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് നിയമസഭാ സാമാജികർക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോ പെട്ടതായിരിക്കേണ്ടതുമാണ്.

**നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ**

(i) ആയിരം കോടി രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ബഹുരാഷ്ട്ര കമ്പനിയിൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ റാങ്കിൽ കുറയാതെയുള്ള, സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, പ്രഗൽഭനായ ഒരു വ്യവസായി;

[****]

(ii) സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാർ, അവരിൽ ഒരാൾ സർക്കാർ/എയിഡഡ് മേഖലയിൽ നിന്നായിരിക്കേണ്ടതാണ്;

(iii) പോസ്റ്റ് ഡോക്ടറൽ പബ്ളിക്കേഷൻസോടുകൂടി ദേശീയതല സാങ്കേതിക ശാസ്ത്ര സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നതും സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്നതുമായ പ്രഗൽഭരായ മൂന്ന് വിദ്യാഭ്യാസ വിചക്ഷണർ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(iv) പിഎച്ച്.ഡി. ഗവേഷണത്തിന് മേൽനോട്ടം വഹിച്ചിട്ടുള്ളതും പോസ്റ്റ് ഡോക്ടറൽ പബ്ളിക്കേഷൻസോടുകൂടിയതുമായ കേരളത്തിലെ സർവ്വകലാശാലകളിലെ ശാസ്ത്ര പഠന വകുപ്പുകളിൽ പ്രവർത്തിക്കുന്ന രണ്ട് ശാസ്ത്ര വിഭാഗം വിദ്യാഭ്യാസ വിചക്ഷണർ;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർ, അവരിൽ രണ്ട് പേർ അൺഎയ്ഡഡ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ആളുകളും ഒരാൾ സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ആളും ആയിരിക്കേണ്ടതാണ്;

(vi) സർക്കാർ കോളേജ്, എയ്ഡഡ് കോളേജ്, സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് കോളേജ്, അൺഎയ്ഡഡ് കോളേജ് എന്നിവയിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അദ്ധ്യാപകർ വീതം. അവർ പിഎച്ച്.ഡി. ഉള്ളവരും പത്ത് വർഷത്തിൽ കുറയാതെയുള്ള അദ്ധ്യാപന പരിചയമുള്ളവരും ആയിരിക്കേണ്ടതാണ്.

**മറ്റ് അംഗങ്ങൾ**

(i) എ.ഐ.സി.റ്റി.ഇ.-യെ പ്രതിനിധാനം ചെയ്യുന്ന ഒരു അംഗം;

(ii) സ്റ്റാർട്ട്-അപ് വില്ലേജിന്റെ ചെയർമാൻ;

(2) രജിസ്ട്രാർ, ബോർഡ് ഓഫ് ഗവർണേഴ്സിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറിയായിരിക്കുന്നതാണ്.

24. ബോർഡ് ഓഫ് ഗവർണേഴ്സിന്റെ പുനഃസംഘടന.—(1) ബോർഡ് ഓഫ് ഗവർണേഴ്സ് ഓരോ നാലു വർഷം കൂടുമ്പോഴും പുനഃസംഘടിപ്പിക്കപ്പെടേണ്ടതാണ്.

(2) എക്സ്-ഒഫീഷ്യോ അംഗം ഒഴികെയുള്ള ബോർഡ് ഓഫ് ഗവർണേഴ്സിലെ എല്ലാ അംഗങ്ങളും, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ബോർഡ് ഓഫ് ഗവർണേഴ്സിന്റെ പുനഃസംഘടന വരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്;

(3) താൽക്കാലിക ഒഴിവ് നികത്തുന്നതിലേക്കായി നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി, ഏതൊരംഗത്തിന്റെ സ്ഥാനത്തേക്കാണോ ആ അംഗം നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളത്, അയാളുടെ ശേഷിച്ച ഔദ്യോഗിക കാലാവധിവരെ ആയിരിക്കുന്നതാണ്;

(4) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, പുറത്തുപോകുന്ന ഒരു അംഗം മറ്റൊരാളെ ആ സ്ഥാനത്തേക്ക് അംഗമായി നിർദ്ദേശിക്കുന്നതുവരെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്;

(5) ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങൾക്ക് സർവ്വകലാശാലയിൽ നിന്നും സ്റ്റാറ്റ്യൂട്ട് പ്രകാരം നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള അലവൻസുകൾക്ക്, ഏതെങ്കിലുമുണ്ടെങ്കിൽ, അർഹതയുണ്ടായിരിക്കുന്നതാണ്.

25. ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും.—(1) ബോർഡ് ഓഫ് ഗവർണേഴ്സ് സർവ്വകലാശാലയുടെ പരമാധികാരസ്ഥാനം ആയിരിക്കുന്നതും നിർവ്വാഹക സമിതിയോ അക്കാദമിക സമിതിയോ, അതിന് ഈ ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ റഗുലേഷനുകളോ പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന സംഗതികളിലൊഴികെ, നിർവ്വാഹക സമിതിയുടെയും അക്കാദമിക സമിതിയുടെയും നടപടികൾ പുനഃപരിശോധിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതും, ഈ ആക്റ്റ് പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ മറ്റുവിധത്തിൽ പറഞ്ഞിട്ടുള്ളതൊഴികെയുള്ള സർവ്വകലാശാലയുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതുമാണ്:

എന്നാൽ, നിർവ്വാഹക സമിതിയോ അക്കാദമിക സമിതിയോ മുൻപറഞ്ഞ അങ്ങനെയുള്ള അധികാരങ്ങൾക്ക് അനുസൃതമായി പ്രവർത്തിച്ചിട്ടുണ്ടെന്നോ ഇല്ലെന്നോ ഉള്ള ഏതെങ്കിലും പ്രശ്നം ഉദിക്കുന്നപക്ഷം, ആ പ്രശ്നം ചാൻസലർ തീരുമാനിക്കേണ്ടതും അതിന്മേൽ അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, ബോർഡ് ഓഫ് ഗവർണേഴ്സിന് താഴെ പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാല യുക്തമെന്ന് കരുതുന്ന എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, മാനേജ്മെന്റ്, സാങ്കേതികശാസ്ത്രവും അവയുമായി ബന്ധപ്പെട്ട ഒന്നിലധികം വിഷയം സംബന്ധിച്ച പഠനമേഖലകൾ എന്നീ വിഭാഗങ്ങളിൽ പഠനത്തിനും ഗവേഷണത്തിനും സൗകര്യവും അത്തരം ശാഖകളിൽ പഠന മുന്നേറ്റത്തിനും അറിവിന്റെ വ്യാപനത്തിനും വ്യവസ്ഥ ചെയ്യുക;

(ii) ഒന്നിലധികം വിഷയം സംബന്ധിച്ച പഠനമേഖലകളിൽ അറിവ് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടിടത്തോളം അടിസ്ഥാന ശാസ്ത്രം, മാനവിക വിഷയങ്ങൾ എന്നിവയിൽ പഠനത്തിനും ഗവേഷണത്തിനും വ്യവസ്ഥ ചെയ്യുക;

(iii) സ്വമേധയായോ, അല്ലെങ്കിൽ നിർവ്വാഹക സമിതിയുടെ പ്രമേയ പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുക;

(iv) നിർവ്വാഹക സമിതി പാസ്സാക്കിയ ഏതെങ്കിലും ഓർഡിനൻസോ അല്ലെങ്കിൽ അക്കാദമിക സമിതി പാസ്സാക്കിയ ഏതെങ്കിലും റഗുലേഷനോ ഭേദഗതി വരുത്തുകയോ റദ്ദ് ചെയ്യുകയോ ചെയ്യുക;

(v) കോളേജുകളെ റഗുലർ കോളേജുകൾ അഥവാ സ്വയംഭരണ കോളേജുകൾ അഥവാ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ അല്ലെങ്കിൽ സർവ്വകലാശാലയുടെ അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജുകൾ ആയി അഫിലിയേറ്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥകളും നിലവാരവും നിഷ്കർഷിക്കുകയും അംഗീകരിക്കുകയും ചെയ്യുക;

(vi) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി, സ്ഥാപനങ്ങളെ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ അഥവാ സ്വയംഭരണ കോളേജുകൾ അഥവാ റഗുലർ കോളേജുകൾ അഥവാ അക്കാദമിക സ്വയംഭരണാധികാരമുള്ള കോളേജുകൾ എന്ന നിലയിൽ അതിനോടുതന്നെ അഫിലിയേറ്റ് ചെയ്യുകയും കോളേജുകളുടെ അഫിലിയേഷൻ പിൻവലിക്കുകയും ചെയ്യുക;

(vii) സ്റ്റാറ്റ്യൂട്ടുകൾക്ക് അനുസൃതമായി ഒരു കോളേജിനോ ഒരു കോളേജിന്റെ ഒരു വകുപ്പിനോ അല്ലെങ്കിൽ സർവ്വകലാശാലയുടെ ഒരു വകുപ്പിനോ കേന്ദ്രങ്ങൾക്കോ അക്കാദമിക സ്വയംഭരണാധികാരം നൽകുക;

(viii) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതതുസമയങ്ങളിൽ ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള സ്ഥാപനങ്ങളോ വകുപ്പുകളോ കേന്ദ്രങ്ങളോ ഗവേഷണ സ്ഥാപനങ്ങളോ സ്ഥാപിക്കുകയും നടത്തുകയും കാര്യകർതൃത്വം നടത്തുകയും ചെയ്യുക;

(ix) സ്റ്റാറ്റ്യൂട്ടുകളിലെ നിബന്ധനകൾക്ക് വിധേയമായി ഒരു നിർദ്ദിഷ്ട പഠനശാഖ തുടർന്നുപോന്നിട്ടുള്ള ആളുകൾക്ക് ബിരുദമോ ഡിപ്ലോമയോ സർട്ടിഫിക്കറ്റുകളോ അല്ലെങ്കിൽ മറ്റ് ബഹുമതികളോ അനുവദിക്കുക;

(x) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അങ്ങനെയുള്ള ഓണററി ബിരുദങ്ങളും മറ്റ് ബഹുമതികളും നൽകുക;

(xi) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി, ഏതൊരാൾക്കും നൽകിയ ബിരുദമോ ഡിപ്ലോമയോ പദവിയോ മറ്റേതെങ്കിലും ബഹുമതിയോ ബാധിക്കപ്പെടുന്ന ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷം തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(xii) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ഫെലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, ബർസറികൾ, മെഡലുകൾ, സമ്മാനങ്ങൾ എന്നിവ ഏർപ്പെടുത്തുകയും പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക;

(xiii) 41-ാം വകുപ്പിന്റെ (ix)-ാം ഖണ്ഡത്തിനനുസൃതമായി സർവ്വകലാശാല യിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും സർവ്വകലാശാല നടത്തുന്ന കേന്ദ്രങ്ങളിലും അദ്ധ്യാപനത്തിനും ഗവേഷണത്തിനും ഭരണത്തിനുംവേണ്ടി തസ്തികകൾ സൃഷ്ടിക്കു കയും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും സ്റ്റാറ്റ്യൂട്ടുകൾക്കും അനുസൃതമായി അങ്ങനെ യുള്ള തസ്തികകളിലേക്കുള്ള യോഗ്യതകൾ നിശ്ചയിക്കുകയും അങ്ങനെയുള്ള തസ്തിക കളിലേക്ക് ആളുകളെ നിയമിക്കുകയും ചെയ്യുക;

(xiv) സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ യോഗ്യത നിശ്ചയിക്കുകയും, അങ്ങനെയുള്ള കോളേജുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനങ്ങൾ അംഗീകരിക്കുകയും ചെയ്യുക;

(xv) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഉണ്ടാക്കി പ്രാബല്യത്തി ലുള്ള നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി സർവ്വകലാശാലയിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളും ഉപാധികളും നിശ്ചയിക്കുക;

(xvi) സ്വകാര്യ കോളേജുകളിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലെയും അദ്ധ്യാപകരുടെ പെരുമാറ്റച്ചട്ടം ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകളും ജോലിഭാരവും, പ്രവർത്തനമികവ് വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിക്കുക;

(xvii) ഗവേഷണം, വികസനം, കൺസൾട്ടൻസി, പരിശീലന പരിപാടികൾ പോലുള്ള പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടോ അല്ലെങ്കിൽ നവീകരിച്ചുകൊണ്ടോ വ്യവസായം, വാണിജ്യം അല്ലെങ്കിൽ മറ്റേതെങ്കിലും സർക്കാരിതര സംഘടനകൾ എന്നിവയിൽ നിന്നുള്ള ഇടപാടുകാർക്ക് സേവനങ്ങൾ പ്രദാനം ചെയ്തുകൊണ്ട് സർവ്വകലാശാലയുടെ വിഭവശേഷി വർദ്ധിപ്പിക്കുക;

(xviii) വൈസ്-ചാൻസലർ ഒഴികെയുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ, അങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് ആക്റ്റ് പ്രകാരം നൽകിയിരിക്കുന്ന അധികാരങ്ങൾക്ക് പുറമേയുള്ള അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കുക;

(xix) ക്രയമോ, ഗ്രാന്റോ, മരണപത്രപ്രകാരം നൽകുന്നതായോ മറ്റുവിധ ത്തിലോ സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി അതിൽ നിക്ഷിപ്തമായേക്കാവുന്ന

സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും വസ്തുവകകൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും സർവ്വകലാശാലയുടെ വകയായ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ വസ്തുവകകൾ ഗ്രാന്റായി നൽകുകയോ തീറുകൊടുക്കുകയോ അന്യാധീനപ്പെടുത്തുകയോ മറ്റുവിധത്തിൽ കൈയൊഴിയുകയോ ചെയ്യുകയും ഒരു ഏകാംഗീകൃത നികായത്തിന് ആനുഷംഗികമോ ബന്ധപ്പെട്ടതോ ആയ മറ്റെല്ലാ പ്രവൃത്തികളും ചെയ്യുകയും ചെയ്യുക;

എന്നാൽ, സ്ഥാവര വസ്തുവകകൾ തീറുകൊടുക്കുകയോ അന്യാധീനപ്പെടുത്തുകയോ മറ്റ് വിധത്തിൽ കൈയൊഴിയുകയോ ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

(xx) കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ നടത്തിപ്പ്, അങ്ങനെയുള്ള കോളേജിന്റെയോ സ്ഥാപനത്തിന്റെയോ മാനേജ്മെന്റിന്റെ ക്രിമിനൽ സ്വഭാവമുള്ള ക്രമക്കേടുകളോ കൃത്യവിലോപമോ സർവ്വകലാശാല നിയമിക്കുന്ന അന്വേഷണസമിതിക്ക് പ്രഥമദൃഷ്ട്യാ സ്പഷ്ടമാകുന്ന സംഗതിയിൽ, പൊതുതാൽപ്പര്യാർത്ഥം, ഏറ്റെടുക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുക;

(xxi) അതിന്റെ മുൻപാകെ നിർവ്വാഹക സമിതി വയ്ക്കുന്ന സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും പുനഃപരിശോധിക്കുകയും അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള നടപടികൾ എടുക്കുകയും സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസരിച്ച് ബഡ്ജറ്റ് പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യുക;

(xxii) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്ര സർക്കാരിൽ നിന്നോ എ.ഐ.സി.റ്റി.ഇ.യിൽ നിന്നോ അല്ലെങ്കിൽ മറ്റ് ഏകാംഗീകൃത നികായങ്ങളിൽ നിന്നോ സർക്കാർ അംഗീകരിക്കാവുന്നതായ അങ്ങനെയുള്ള ആവശ്യങ്ങൾക്ക്, ഈടിൻമേലോ അല്ലാതെയോ പണം കടം വാങ്ങുക;

(xxiii) മറ്റ് ഏതെങ്കിലും സർവ്വകലാശാലയുമായോ സ്ഥാപനവുമായോ അധികാരസ്ഥാനവുമായോ സംഘടനകളുമായോ ഗവേഷണത്തിനും ഉപദേശക സേവനങ്ങൾക്കുമായി സഹകരിക്കുകയോ സഹപ്രവർത്തിക്കുകയോ ചെയ്യുകയും മറ്റ് സർവ്വകലാശാലകളുമായോ സ്ഥാപനങ്ങളുമായോ അധികാരസ്ഥാനങ്ങളുമായോ സംഘടനകളുമായോ കോഴ്സുകൾ നടത്തുന്നതിനും സാഹചര്യം ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള ആവശ്യങ്ങൾക്കു വേണ്ടിയും സമുചിതമായ സംവിധാനത്തിൽ ഏർപ്പെടുകയും ചെയ്യുക;

(xxiv) ഈ ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും പ്രകാരം അതിന് നൽകിയേക്കാവുന്ന മറ്റേതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനും അങ്ങനെയുള്ള മറ്റേതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുക.

26. ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗങ്ങൾ.—(1) കുറഞ്ഞത് നാല് മാസത്തിലൊരിക്കലെങ്കിലും ബോർഡ് ഓഫ് ഗവർണേഴ്സ് തീരുമാനിക്കുന്ന രീതിയിൽ വൈസ്-ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ ബോർഡ് ഓഫ് ഗവർണേഴ്സ് യോഗം ചേരേണ്ടതും അത് വീഡിയോ കോൺഫറൻസ് വഴിയാകാവുന്നതുമാണ്.

(2) ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്:

എന്നാൽ, സർവ്വകലാശാലയുടെ ഒരു ബിരുദദാന സമ്മേളനത്തിനോ ബിരുദങ്ങളോ പദവികളോ മറ്റ് ബഹുമതികളോ നൽകുന്നതിനായി വിളിച്ചുചേർക്കുന്ന ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഒരു യോഗത്തിനോ അങ്ങനെയുള്ള ക്വാറം ആവശ്യമില്ലാത്തതാണ്.

(3) വൈസ്-ചാൻസലർക്ക്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ഏത് സമയത്തും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഒരു യോഗം വിളിച്ചുചേർക്കാവുന്നതും, ബോർഡ് ഓഫ് ഗവർണേഴ്സിലെ ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ പകുതിയിൽ കുറയാത്ത അംഗങ്ങൾ ഒപ്പിട്ട ഒരു അർത്ഥനയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഒരു പ്രത്യേക യോഗം വൈസ്-ചാൻസലർ വിളിച്ചു ചേർക്കേണ്ടതുമാണ്.

(4) അർത്ഥനയിൻമേൽ ഒരു പ്രത്യേകയോഗം വിളിച്ചുചേർക്കുമ്പോൾ, അർത്ഥനയിൽ കാണിച്ചിട്ടുള്ളത് ഒഴികെയുള്ള യാതൊരു വിഷയവും ആ യോഗത്തിൽ പരിഗണിക്കുവാൻ പാടുള്ളതല്ല.

(5) ചാൻസലറുടെ അഭാവത്തിൽ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗത്തിൽ വൈസ്-ചാൻസലർ ആദ്ധ്യക്ഷം വഹിക്കേണ്ടതും, അദ്ദേഹത്തിന്റെ അഭാവത്തിൽ പ്രോ-വൈസ്-ചാൻസലർ യോഗത്തിന്റെ ആദ്ധ്യക്ഷം വഹിക്കേണ്ടതും, എന്നാൽ, വൈസ്-ചാൻസലറുടെ അഭാവത്തിൽ തുടർച്ചയായി വരുന്ന രണ്ടിൽ കൂടുതൽ യോഗം ചേരാൻ പാടില്ലാത്തതുമാണ്.

27. നിർവ്വാഹക സമിതി.—(1) നിർവ്വാഹക സമിതി സർവ്വകലാശാലയുടെ മുഖ്യ നിർവ്വാഹകനികായം ആയിരിക്കുന്നതും, അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്, അതായത്:—

**എക്സ്-ഒഫീഷ്യോ അംഗങ്ങൾ**

(i) വൈസ്-ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(v) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ;

(vi) ഡീൻ (ഗവേഷണം);

(vii) ഡീൻ (അക്കാദമികം);

(viii) രജിസ്ട്രാർ;

(ix) ബോർഡ് ഓഫ് ഗവർണേഴ്സിലെ അംഗങ്ങളായ നിയമസഭാ സാമാജികരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടംഗങ്ങൾ;

(x) ബോർഡ് ഓഫ് ഗവർണേഴ്സിലെ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(xi) വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ;

(xii) അദ്ധ്യാപകരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(xiii) സ്വകാര്യ കോളേജ് മാനേജർമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം.

**മറ്റ് അംഗങ്ങൾ**

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ നിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം.

(2) വൈസ്-ചാൻസലർ നിർവ്വാഹക സമിതിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതും രജിസ്ട്രാർ നിർവ്വാഹക സമിതിയുടെ എക്സ്-ഒഫീഷ്യോ സെക്രട്ടറിയായിരിക്കുന്നതുമാണ്.

28. നിർവ്വാഹക സമിതിയുടെ യോഗങ്ങൾ.—(1) നിർവ്വാഹക സമിതി, വൈസ്-ചാൻസലർ നിശ്ചയിച്ച പ്രകാരം ഇടയ്ക്കിടെ യോഗം ചേരേണ്ടതും എന്നാൽ, കുറഞ്ഞത് രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ നിശ്ചയിക്കുന്ന പ്രകാരമുള്ള തീയതികളിൽ യോഗം ചേരേണ്ടതുമാണ്. നിർവ്വാഹക സമിതിയുടെ ഒരു യോഗത്തിന്റെ ക്വാറം അഞ്ച് ആയിരിക്കുന്നതാണ്.

(2) വൈസ്-ചാൻസലർ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള സ്ഥലത്തും അങ്ങനെയുള്ള തീയതിയിലും സമയത്തും നിർവ്വാഹക സമിതിയുടെ യോഗങ്ങൾ രജിസ്ട്രാർ വിളിച്ചു ചേർക്കേണ്ടതാണ്.

29. നിർവ്വാഹക സമിതിയിലെ അംഗങ്ങളുടെ ഉദ്യോഗ കാലാവധി.—നിർവ്വാഹക സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങൾ, അവരുടെ നാമനിർദ്ദേശ തീയതി മുതൽ നാല് വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്. നിർവ്വാഹക സമിതിയിലെ മറ്റ് അംഗങ്ങളുടെ ഉദ്യോഗ കാലാവധി അവരുടെ ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതുവരെയായിരിക്കുന്നതാണ്.

30. നിർവ്വാഹക സമിതിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും.—(1) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി, സർവ്വകലാശാലയുടെ സ്ഥാപനങ്ങളുടെമേലുള്ള പൊതുവായ മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെയുള്ള സർവ്വകലാശാലയുടെ കാര്യനിർവ്വഹണ ചുമതല നിർവ്വാഹക സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഈ ആക്റ്റിനും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾക്കും അനുയോജ്യമായി ഓർഡിനൻസുകൾ ഉണ്ടാക്കുകയും അവ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുക;

(ii) ബോർഡ് ഓഫ് ഗവർണേഴ്സിന്റെ പരിഗണനയ്ക്കായി സ്റ്റാറ്റ്യൂട്ടുകൾ നിർദ്ദേശിക്കുക;

(iii) കോളേജുകളെ സർവ്വകലാശാലയുടെ റഗുലർ കോളേജുകൾ അഥവാ സ്വയംഭരണ കോളേജുകൾ അഥവാ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ ആയി അഫിലിയേറ്റ് ചെയ്യുന്നതിനുള്ള മാനദണ്ഡവും നിലവാരവും നിർദ്ദേശിക്കുക;

(iv) ഹോസ്റ്റലുകൾ സ്ഥാപിക്കുകയും നടത്തുകയും ഭരണനിർവ്വഹണം നടത്തുകയും ചെയ്യുകയും, സർവ്വകലാശാല കാര്യകർതൃത്വം നടത്താത്ത ഹോസ്റ്റലുകൾക്ക് അംഗീകാരം നൽകുകയും അങ്ങനെയുള്ള അംഗീകാരം സസ്പെൻഡ് ചെയ്യുകയോ പിൻവലിക്കുകയോ ചെയ്യുകയും ചെയ്യുക;

(v) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെമേൽ നിയന്ത്രണം വയ്ക്കുകയും, അവരുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനും ക്ഷേമത്തിനും അച്ചടക്കത്തിനും വേണ്ടി, അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകളിലെ വിദ്യാർത്ഥികളുടെമേൽ അതുപോലുള്ള ആവശ്യങ്ങൾക്കുവേണ്ടി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകൾവഴി നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക;

(vi) കോളേജുകളിലെയും സർവ്വകലാശാല നടത്തുന്ന വകുപ്പുകളിലെയും കേന്ദ്രങ്ങളിലെയും വിവിധ പഠന കോഴ്സുകളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുക;

(vii) സർവ്വകലാശാലാ പരീക്ഷകൾ നടത്തുകയും അതിന്റെ ഫലം അംഗീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക;

(viii) സർവ്വകലാശാലയിലേക്ക് അടയ്ക്കേണ്ടതായ ഫീസ് നിശ്ചയിക്കുകയും അങ്ങനെയുള്ള ഫീസ് ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യുക;

(ix) എൻഡോവ്മെന്റുകളും, ഒസ്യത്തായി നൽകപ്പെട്ട സ്വത്തും, സംഭാവനയും, സർവ്വകലാശാലയിലേക്കുവേണ്ടി കൈമാറ്റം ചെയ്യുന്ന സ്ഥാവരമോ ജംഗമമോ ആയ വസ്തുവകകളും സ്വീകരിക്കുക, എന്നാൽ അത്തരം എല്ലാ എൻഡോവ്മെന്റുകളും ഒസ്യത്ത് ആയി നൽകപ്പെട്ട സ്വത്തും, സംഭാവനകളും, കൈമാറ്റങ്ങളും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്;

(x) വിദേശ ഏജൻസികളിൽ നിന്നുള്ള സഹപ്രവർത്തന പരിപാടികൾക്കു വേണ്ട ഫണ്ടുകൾ ആ ആവശ്യത്തിലേക്കായുള്ള കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ചട്ടങ്ങൾക്കും റഗുലേഷനുകൾക്കും വിധേയമായി സ്വീകരിക്കുക;

(xi) സർവ്വകലാശാലയിലേക്ക് സർക്കാർ കൈമാറ്റം ചെയ്ത എല്ലാ സ്ഥാവര ജംഗമ വസ്തുക്കളുടെയും കാര്യകർതൃത്വത്തിനും നിയന്ത്രണത്തിനും നിർദ്ദേശം നൽകുക;

(xii) സർവ്വകലാശാലയുടെ സാമ്പത്തിക അടങ്കൽ പരിഗണിക്കുകയും അവ, ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, ബോർഡ് ഓഫ് ഗവർണേഴ്സിന് സമർപ്പിക്കുകയും ചെയ്യുക;

(xiii) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ മാതൃക, കൈവശം, ഉപയോഗം എന്നിവ നിർദ്ദേശിക്കുക;

(xiv) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളുടെ കാര്യങ്ങൾ അന്വേഷിക്കുവാനുള്ള നിർദ്ദേശം നൽകുകയും അതിനുള്ള സംവിധാനം ഒരുക്കുകയും, അവയുടെ

കാര്യക്ഷമതയ്ക്കുവേണ്ടിയും, അക്കാദമികവും ഭരണപരവുമായ വിഭവങ്ങൾ ഉറപ്പുവരുത്തുന്നതിനും, അടിസ്ഥാന സൗകര്യം, അക്കാദമിക പ്രകടനം, ഈ കോളേജുകളിലുള്ള അദ്ധ്യാപകരുടെ പ്രവർത്തനം, സ്വകാര്യ കോളേജുകളുടെ കാര്യത്തിൽ സ്റ്റാഫംഗങ്ങൾക്ക് മതിയായ ശമ്പളവും സേവന വ്യവസ്ഥകളും ഉറപ്പു വരുത്തുന്നതിനും, അങ്ങനെയുള്ള നിർദ്ദേശങ്ങൾ അവഗണിക്കുന്ന സംഗതിയിൽ അഫിലിയേഷന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തുകയോ അതിനുവേണ്ടി യുക്തമെന്ന് അത് കരുതുന്ന അങ്ങനെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക;

(xv) ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവയൊഴികെ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വചിക്കുക;

(xvi) അതിന്റെ ഏതെങ്കിലും അധികാരങ്ങൾ വൈസ്-ചാൻസലർക്കോ അതിലെ അംഗങ്ങളിൽ നിന്നും നിയമിക്കുന്ന ഒരു സമിതിക്കോ ഏല്പിച്ചു കൊടുക്കുക;

(xvii) ഈ ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

31. അക്കാദമിക സമിതിയുടെ രൂപീകരണം.—(1) അക്കാദമിക സമിതി അദ്ധ്യാപനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും ഗവേഷണത്തിന്റെയും പരീക്ഷകളുടെയും നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വമുള്ള സർവ്വകലാശാലയുടെ പ്രധാനപ്പെട്ട അക്കാദമിക നികായം ആയിരിക്കുന്നതും ഓരോ രണ്ട് അദ്ധ്യയന വർഷത്തേക്കും വേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സിനാൽ രൂപീകരിക്കപ്പെടേണ്ടതുമാണ്.

(2) അക്കാദമിക സമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(i) വൈസ്-ചാൻസലർ, എക്സ്-ഒഫീഷ്യോ ചെയർപേഴ്സൺ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന, അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ നാല് പ്രിൻസിപ്പൽമാർ, അവരിൽ ഒരാൾ സർക്കാർ കോളേജുകളിൽ നിന്നും ഒരാൾ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളിൽ നിന്നും ഒരാൾ അൺഎയ്ഡഡ് കോളേജുകളിൽ നിന്നും ഒരാൾ എയ്ഡഡ് കോളേജുകളിൽ നിന്നും ആയിരിക്കേണ്ടതുമാണ്;

(iv) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന, അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിൽ നിന്നുള്ള വിവിധ എഞ്ചിനീയറിംഗ് ശാഖകളെ പ്രതിനിധാനം ചെയ്യുന്ന, പ്രൊഫസർമാരുടെ

പദവിയിൽ താഴെയല്ലാത്ത നാല് അദ്ധ്യാപകർ, അവരിൽ ഓരോരുത്തരും യഥാക്രമം സർക്കാർ കോളേജുകളെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളെയും അൺഎയ്ഡഡ് കോളേജുകളെയും എയ്ഡഡ് കോളേജുകളെയും പ്രതിനിധാനം ചെയ്യേണ്ടതും അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോ പെട്ടവരായിരിക്കേണ്ടതുമാണ്;

(v) സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പ്രഗൽഭരായ വ്യവസായികൾ;

(vi) സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ദേശീയ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ശ്രേഷ്ഠരായ രണ്ട് അദ്ധ്യാപകർ;

(vii) ഡീൻ (അക്കാദമികം), കൺവീനർ;

(viii) ഡീൻ (ഗവേഷണം).

32. അക്കാദമിക സമിതിയുടെ യോഗങ്ങൾ.—അക്കാദമിക സമിതി, വൈസ്-ചാൻസലർ തീരുമാനിക്കുന്ന പ്രകാരം ഇടയ്ക്കിടെ യോഗം ചേരേണ്ടതും എന്നാൽ ഏറ്റവും കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ വൈസ്-ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ യോഗം ചേരേണ്ടതുമാണ്. അക്കാദമിക സമിതിയുടെ യോഗത്തിന്റെ ക്വാറം അതിന്റെ മൊത്തം അംഗങ്ങളുടെ മൂന്നിൽ ഒന്നായിരിക്കേണ്ടതാണ്. വൈസ്-ചാൻസലർ നിർദ്ദേശിക്കുന്ന പ്രകാരം ഡീൻ (അക്കാദമികം) അക്കാദമിക സമിതിയുടെ യോഗങ്ങൾ വിളിച്ചുചേർക്കേണ്ടതാണ്.

33. അക്കാദമിക സമിതിയുടെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—അക്കാദമിക സമിതിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി തുടർച്ചയായ രണ്ട് അദ്ധ്യയന വർഷങ്ങൾ ആയിരിക്കുന്നതും അത് രണ്ടാമത്തെ അദ്ധ്യയന വർഷത്തിന്റെ അവസാനം തീരുന്നതുമാണ്. അക്കാദമിക സമിതിയിലെ മറ്റ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി സർവ്വകലാശാലയിലോ സർവ്വകലാശാലയുടെ അങ്ങനെയുള്ള അധികാരസ്ഥാനത്തോ അവർ വഹിക്കുന്ന ഔദ്യോഗിക സ്ഥാനത്തോടൊപ്പം അവസാനിക്കുന്നതാണ്.

34. അക്കാദമിക സമിതിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും.— ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അക്കാദമിക സമിതിക്ക് താഴെ പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ബോർഡ് ഓഫ് ഗവർണേഴ്സിനും നിർവ്വാഹക സമിതിക്കും എല്ലാ അദ്ധ്യയന കാര്യങ്ങളിലും ഉപദേശം നൽകുക;

(ii) ഈ ആക്റ്റിന്റെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾക്കും ഓർഡിനൻസുകൾക്കും അനുസൃതമായി റഗുലേഷനുകൾ ഉണ്ടാക്കുകയും അവയ്ക്ക് ഭേദഗതി വരുത്തുകയും അവ റദ്ദാക്കുകയും ചെയ്യുക;

(iii) ഗവേഷണവും വിജ്ഞാനവും അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുക;

(iv) സർവ്വകലാശാല നടത്തിവരുന്നതോ അതിനോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതോ ആയ കോളേജുകളിലെയും സ്ഥാപനങ്ങളിലെയും പഠന കോഴ്സുകൾ നിർണ്ണയിക്കുക;

(v) നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടുകൂടി വിവിധ പഠനശാഖകളിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനും പരീക്ഷകൾക്കുമുള്ള യോഗ്യതകൾ നിർണ്ണയിക്കുക;

(vi) ബിരുദങ്ങളും ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാദമിക ബഹുമതികളും സംബന്ധിച്ച നിർദ്ദേശങ്ങൾ ബോർഡ് ഓഫ് ഗവർണേഴ്സിനും നിർവ്വാഹക സമിതിക്കും സമർപ്പിക്കുക;

(vii) മറ്റ് സർവ്വകലാശാലകളുടെ ഏതൊക്കെ പരീക്ഷകൾ സർവ്വകലാശാലയുടേതിനു തുല്യമായവയായി സ്വീകരിക്കാവുന്നതാണെന്നു തീരുമാനിക്കുന്നതിനും സർവ്വകലാശാലയുടെ പരീക്ഷകൾ അംഗീകരിക്കുന്നതിനായി മറ്റ് സർവ്വകലാശാലകളുമായി കൂടിയാലോചന നടത്തുകയും ചെയ്യുക;

(viii) ഓർഡിനൻസുകളിലെ വ്യവസ്ഥകൾക്കും ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്കും അനുസൃതമായി സർവ്വകലാശാലാ സ്ഥാപനങ്ങൾക്കും, വകുപ്പുകൾക്കും, അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകൾക്കും, സ്ഥാപനങ്ങൾക്കും സ്വയംഭരണ പദവി നൽകുന്നതിനായി ബോർഡ് ഓഫ് ഗവർണേഴ്സിനോട് ശിപാർശ ചെയ്യുക;

(ix) ബോർഡ് ഓഫ് ഗവർണേഴ്സ് അതിന്റെ അവസാന വാർഷിക യോഗത്തിൽ ശിപാർശ ചെയ്തിട്ടുള്ള അക്കാദമിക പരിപാടികളുടെ സാധ്യതാ റിപ്പോർട്ടുകൾ ബോർഡ് ഓഫ് ഗവർണേഴ്സിനു സമർപ്പിക്കുക;

(x) ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ റഗുലേഷനുകളോ പ്രകാരം അതിനു നൽകാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

35. ഗവേഷണ കൗൺസിലിന്റെ രൂപീകരണം.—താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്:

(i) വൈസ്-ചാൻസലർ (ചെയർമാൻ);

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) വൈസ്-ചെയർമാൻ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, കേരള സർക്കാർ (എക്സ്-ഒഫീഷ്യോ അംഗം) ;

(v) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മദ്രാസ് (എക്സ്-ഒഫീഷ്യോ അംഗം) ;

(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരളത്തിലെ ഒരു സർവ്വകലാശാലയിലെ വൈസ്-ചാൻസലർ (എക്സ്-ഒഫീഷ്യോ അംഗം) ;

(vii) ഡയറക്ടർ, വിക്രം സാരാഭായി സ്പേസ് സെന്റർ, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം) ;

(viii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം) ;

(ix) ഡയറക്ടർ, നേവൽ ഫിസിക്കൽ ആന്റ് ഓഷ്യാനോഗ്രാഫിക് ലബോറട്ടറി, കൊച്ചി (എക്സ്-ഒഫീഷ്യോ അംഗം) ;

(x) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് (എക്സ്-ഒഫീഷ്യോ അംഗം) ;

(xi) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം) ;

(xii) വൈസ്-ചെയർമാൻ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ്, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം) ;

(xiii) സെക്രട്ടറി, ശാസ്ത്ര സാങ്കേതികശാസ്ത്ര വകുപ്പ്, ഭാരത സർക്കാർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആൾ (എക്സ്-ഒഫീഷ്യോ അംഗം) ;

(xiv) ഡയറക്ടർ ജനറൽ, കൗൺസിൽ ഫോർ സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച്, ന്യൂഡൽഹി (എക്സ്-ഒഫീഷ്യോ അംഗം) ;

(xv) ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

(xvi) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, കേരള സർക്കാർ (എക്സ്-ഒഫീഷ്യോ അംഗം) ;

(xvii) ഡീൻ (ഗവേഷണം), (മെമ്പർ സെക്രട്ടറി) ;

(xviii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അദ്ധ്യാപക പ്രതിനിധികൾ.

36. ഗവേഷണ കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.—(1) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സാങ്കേതിക വിദ്യാഭ്യാസത്തിന്റെ വികസനത്തിന് സഹായിക്കുന്നതിനും മാനവരാശിയുടെ നന്മയ്ക്കുമായി സാങ്കേതിക വിദ്യാഭ്യാസത്തിലേയും, എഞ്ചിനീയറിംഗിലേയും സാങ്കേതിക വിദ്യയിലേയും അനുബന്ധ ശാസ്ത്രങ്ങളിലേയും പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സർവ്വകലാശാല സംസ്ഥാനത്തുടനീളം ഗവേഷണം നടത്തേണ്ടതാണ്.

(2) സർവ്വകലാശാല, അതിന്റെ ഗവേഷണ കൗൺസിൽ മുഖേന ഇനി പറയുന്ന അധികാരങ്ങളും, ചുമതലകളും, കർത്തവ്യങ്ങളും ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ ഗവേഷണ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന പ്രധാന ഏജൻസി ആയിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയുടെ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക ;

(ii) ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുക ;

(iii) അഫിലിയേറ്റ് ചെയ്യപ്പെട്ട വിവിധ കോളേജുകളിലെ ഗവേഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുക ;

(iv) വ്യാവസായിക മേഖലയിൽ ദ്രുതഗതിയിൽ വളരുന്ന ഗവേഷണവും വികസന ആവശ്യങ്ങളും നേരിടുന്നതിന് അക്കാദമിക വ്യാവസായിക പാരസ്പര്യം ഉണ്ടാക്കുകവഴി അവ തമ്മിലുള്ള അകൽച്ച ഇല്ലാതാക്കുക ;

(v) വിവിധ ദേശീയ അന്തർദ്ദേശീയ ഗവേഷണ നികായങ്ങളുമായി സംവദിക്കുക ;

(vi) സംസ്ഥാനത്തെ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ ഗവേഷണത്തിന്റെ നിലവാരം ദേശീയ തലത്തിലേക്ക് ഉയർത്തുക ;

(vii) ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ, ഡിഫൻസ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ഓർഗനൈസേഷൻ, കൗൺസിൽ ഫോർ സയന്റീഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച്, ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി, ഇൻഫോസിസ് എന്നിവപോലുള്ള ഏജൻസികൾ നൽകുന്ന ഗവേഷണ പ്രവർത്തനങ്ങളും വികസന പദ്ധതികളും ഏറ്റെടുക്കുക ;

(viii) നിക്ഷേപക ഏജൻസികളിൽ നിന്നും ഗവേഷണത്തിനും വികസന പ്രവർത്തനങ്ങൾക്കുമുള്ള നിക്ഷേപങ്ങളും അടിസ്ഥാനസൗകര്യ സഹായവും നേടിയെടുക്കുക ;

(ix) സമർത്ഥരായ ഗവേഷകരെ കണ്ടെത്തുകയും ഗവേഷണ നിക്ഷേപം നേടുന്നതിന് ആവശ്യമായ മൂലധനം നൽകുകയും ചെയ്യുക ;

(x) കേരള സംസ്ഥാന സാങ്കേതികശാസ്ത്ര സമ്മേളനം സംഘടിപ്പിക്കുക ;

(xi) സർവ്വകലാശാലയെ കേന്ദ്രീകരിച്ച് ഒരു ഗവേഷണ പാർക്ക് സ്ഥാപിക്കുക ;

(xii) സർവ്വകലാശാലയുടെ കോളേജുകളും സ്ഥാപനങ്ങളും മുഖേന കൺസൾട്ടൻസി സേവനങ്ങൾ നൽകുക ;

(xiii) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കും അവരുടെ നൂതന വികസന ആശയങ്ങൾ പ്രാവർത്തികമാക്കാൻ പ്രചോദനവും പിൻബലവും നൽകുക ;

(xiv) എഞ്ചിനീയറിംഗ് ഗവേഷണ സംബന്ധിയായ ആനുകാലികങ്ങൾ, ബുള്ളറ്റിൻ, ജേർണൽ എന്നിവ പ്രസിദ്ധീകരിക്കുക ;

(xv) വിവിധ ഏജൻസികൾക്കും സംഘടനകൾക്കും എഞ്ചിനീയറിംഗിന്റെയും സാങ്കേതിക വിദ്യയുടെയും എല്ലാ മേഖലകളിലും വിദഗ്ദ്ധ അഭിപ്രായവും വിദഗ്ദ്ധോപദേശവും പരിശോധനയും സാക്ഷ്യപ്പെടുത്തലും സാങ്കേതിക സഹായവും നൽകുക.

37. മറ്റ് സമിതികൾ.—ഈ ആക്റ്റിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്ന ആവശ്യത്തിലേക്കായി പഠനബോർഡുകൾ, പരീക്ഷാബോർഡ്, ആസൂത്രണ സമിതി, വിദ്യാർത്ഥി കൗൺസിൽ മുതലായ സമിതികളെ നിയമിക്കുന്നതിന് വൈസ്-ചാൻസലർക്ക് അധികാരം ഉണ്ടായിരിക്കുന്നതും ആ സമിതികളിൽ ഈ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകളിലോ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, അധികാരസ്ഥാനങ്ങളിലെ അംഗങ്ങളെയും അദ്ദേഹത്തിന് ഉചിതമെന്നുതോന്നുന്ന അങ്ങനെയുള്ള മറ്റ് അംഗങ്ങളെയും ഉൾപ്പെടുത്താവുന്നതുമാണ്.

38. അധികാരസ്ഥാനങ്ങളിലെ അംഗത്വം സംബന്ധിച്ച വ്യവസ്ഥകൾ.—(1) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, സർവ്വകലാശാലയിലെ ഏതെങ്കിലും അധികാരസ്ഥാനത്തിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ അല്ലാതെയുള്ള അംഗങ്ങൾക്കിടയിൽ വരുന്ന ഏതെങ്കിലും ആകസ്മിക ഒഴിവ് കഴിയുന്നത്രവേഗം ആ ആളെ നാമനിർദ്ദേശം ചെയ്ത ആളോ നികായമോ നികത്തേണ്ടതും അങ്ങനെയുള്ള ആകസ്മിക ഒഴിവിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആൾ ആരുടെ സ്ഥാനത്തുള്ള ഒഴിവാണോ നികത്തുന്നത് അയാൾ അംഗമായിരിക്കുന്ന ശേഷിക്കുന്ന കാലയളവിലേക്ക് അങ്ങനെയുള്ള അധികാരസ്ഥാനത്തോ നികായത്തിലോ അംഗമായിരിക്കുന്നതാണ്.

(2) ബോർഡ് ഓഫ് ഗവർണേഴ്സിന്, ഏതൊരാളേയും സാന്മാർഗ്ഗിക അധഃപതനം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നുള്ള കാരണത്താൽ ഏതൊരു അധികാരസ്ഥാനത്തിന്റെയോ സർവ്വകലാശാലയുടെ നികായത്തിന്റെയോ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ, അയാൾക്ക് പറയുവാനുള്ളത് പറയാൻ ഒരവസരം നൽകാതെ ഏതൊരാളെയും നീക്കം ചെയ്യാനുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) സർവ്വകലാശാലയിലെയോ മറ്റൊരു നികായത്തിലെയോ പ്രതിനിധിയായി ബോർഡ് ഓഫ് ഗവർണേഴ്സിലോ, നിർവ്വാഹക സമിതിയിലോ ഉള്ളതൊഴികെ, സർവ്വകലാശാലയിലെ ഏതെങ്കിലും അധികാരസ്ഥാനത്തിൽ അംഗമായ ഏതൊരാളും അയാൾ ഏതു നികായത്തിൽ നിന്നാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ നികായത്തിൽ അംഗമായി തുടരുന്നിടത്തോളം മാത്രവും അതിനുശേഷം അയാളുടെ പിൻതുടർച്ചക്കാരൻ യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവരെ അധികാരസ്ഥാനത്തിലെയോ നികായത്തിലെയോ അയാളുടെ സ്ഥാനം നിലനിർത്തേണ്ടതാണ്.

(4) ഏതെങ്കിലും ആൾ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തേക്ക് യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെട്ടതാണോ അഥവാ അയാൾ അങ്ങനെയുള്ള അധികാരസ്ഥാനത്തിൽ ഒരംഗമായിരിക്കാൻ അർഹനാണോ എന്നതു സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുകയാണെങ്കിൽ ആ തർക്കം ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അതിൻമേൽ അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

39. സാധുതയുടെ സംരക്ഷണം.—(1) സർവ്വകലാശാലയിലെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ പ്രവൃത്തിയോ നടപടിക്രമങ്ങളോ ആ അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയുണ്ടായി എന്ന കാരണത്താൽ മാത്രമോ ഏതെങ്കിലും ഒഴിവ് നിലനിൽക്കുന്നതിനാലോ നടപടിക്രമങ്ങളിൽ പങ്കെടുത്ത ഏതെങ്കിലും ആളുടെ ഔദ്യോഗിക കാലാവധി ചോദ്യം ചെയ്യപ്പെടത്തക്കതാണെന്നുള്ള കാരണത്താലോ മാത്രം അസാധുവാകുന്നതല്ല.

(2) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, ഉത്തമവിശ്വാസത്തിൽ സർവ്വകലാശാലയോ സർവ്വകലാശാലയിലെ ഏതെങ്കിലും അധികാരസ്ഥാനമോ നികായമോ ചെയ്ത എല്ലാ പ്രവൃത്തികളും പുറപ്പെടുവിച്ച ഉത്തരവുകളും അന്തിമമായിരിക്കുന്നതും, ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകൾക്കോ ഓർഡിനൻസുകൾക്കോ റഗുലേഷനുകൾക്കോ അനുസൃതമായി ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ യാതൊന്നിനും, സർവ്വകലാശാലയ്ക്കോ അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ എതിരായി ഏതെങ്കിലും സിവിൽ കോടതിയിൽ യാതൊരു വ്യവഹാരവും നൽകുവാൻ പാടുള്ളതല്ല.

(3) ചാൻസലറുടെ മുൻകൂർ അനുമതിയില്ലാതെ വൈസ്-ചാൻസലർക്കെതിരെ യാതൊരു വ്യവഹാരവും പ്രോസിക്യൂഷനും അല്ലെങ്കിൽ മറ്റ് യാതൊരു അന്വേഷണവും നടത്താൻ പാടുള്ളതല്ല.

(4) ഈ ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ, റഗുലേഷനുകളോ പ്രകാരം ചെയ്തതോ അല്ലെങ്കിൽ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും പ്രവൃത്തികൾക്ക് ബോർഡ് ഓഫ് ഗവർണേഴ്സിന്റെ മുൻകൂർ അനുമതി ഇല്ലാതെ സർവ്വകലാശാലയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരവും പ്രോസിക്യൂഷനും അല്ലെങ്കിൽ മറ്റു നിയമ നടപടികളും നിലനിൽക്കുന്നതല്ല.

[****]

40. ഉദ്യോഗസ്ഥരും ജീവനക്കാരും പ്രതിഫലം സ്വീകരിക്കുന്നതിനുള്ള വിലക്ക്.—സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്നവയൊഴികെ, സർവ്വകലാശാലയിലെ യാതൊരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ, യാതൊരു സ്രോതസ്സിൽ നിന്നും, എന്തെങ്കിലും പ്രതിഫലം സ്വീകരിക്കുവാൻ പാടുള്ളതല്ല.

## അദ്ധ്യായം V

## സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും ഉത്തരവുകളും

41. സ്റ്റാറ്റ്യൂട്ടുകൾ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ അധികാരങ്ങളും കർത്തവ്യങ്ങളും ;

(ii) ഈ ആക്റ്റിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളുടെ രൂപീകരണവും അധികാരങ്ങളും കർത്തവ്യങ്ങളും ;

(iii) സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലെയും നിർവ്വാഹക സമിതിയിലെയും അക്കാദമിക സമിതിയിലെയും സർവ്വകലാശാലയിലെ മറ്റ് അധികാരസ്ഥാനങ്ങളിലെയോ നികായങ്ങളിലെയോ അംഗങ്ങളെ നിയമിക്കുന്നതിനും തെരഞ്ഞെടുക്കുന്നതിനും നാമനിർദ്ദേശം ചെയ്യുന്നതിനുമുള്ള നടപടിക്രമവും, ഈ അധികാരസ്ഥാനങ്ങളുമായോ നികായങ്ങളുമായോ ബന്ധപ്പെട്ട് വ്യവസ്ഥ ചെയ്യുന്നത് ആവശ്യമായേക്കാവുന്നതോ അഭിലഷണീയമായേക്കാവുന്നതോ ആയ അങ്ങനെയുള്ള മറ്റെല്ലാ സംഗതികളും ;

(iv) ഓണററി ബിരുദങ്ങൾ, പദവികൾ, ബഹുമതികൾ എന്നിവ നൽകുന്നതിനും ബിരുദദാന സമ്മേളനം നടത്തുന്നതിനും ;

(v) സർവ്വകലാശാല, വകുപ്പുകൾ, സ്ഥാപനങ്ങൾ, കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ, ഉന്നത പഠന സ്ഥാപനങ്ങൾ, ഗവേഷണത്തിനോ വിദഗ്ദ്ധ പഠനങ്ങൾക്കോ വേണ്ടിയുള്ള കേന്ദ്രങ്ങളുടെയും ഹോസ്റ്റലുകളുടെയും സ്ഥാപനവും നടത്തിപ്പും ;

(vi) സർവ്വകലാശാല ജീവനക്കാരുടെ സീനിയോറിറ്റിയും സേവന വ്യവസ്ഥകളും നിയന്ത്രിക്കുന്ന തത്വങ്ങൾ ;

(vii) സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളിലെയോ നികായങ്ങളിലെയോ സമിതികളിലെയോ അംഗങ്ങളെ അയോഗ്യരാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ ;

(viii) കോളേജുകൾക്കും കോളേജിന്റെയോ അല്ലെങ്കിൽ സർവ്വകലാശാലയുടെയോ വകുപ്പുകൾക്കും അല്ലെങ്കിൽ അതിന്റെ ലബോറട്ടറികൾക്കും, കേന്ദ്രങ്ങൾക്കും, സ്വയംഭരണാധികാരം നൽകലും സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകലും ;

(ix) സർവ്വകലാശാലയിലോ സർവ്വകലാശാലയോടു അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ കോളേജുകളിലോ സർവ്വകലാശാലയുടെ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലോ ഉള്ള അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും, ആനുകാലികമായ വിലയിരുത്തലുകൾ ഉൾപ്പെടെ, സംസ്ഥാന സർക്കാർ അംഗീകരിച്ച പ്രകാരമുള്ള യോഗ്യതകൾ, നിയമനം, ജോലിഭാരം, പെരുമാറ്റ സംഹിത, ഉദ്യോഗ കാലാവധികൾ, സേവന വ്യവസ്ഥകളും കർത്തവ്യങ്ങളും, പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് എന്നിവയുടെ വ്യവസ്ഥ, നിയമന നടപടിക്രമം, അവരുടെ സേവനങ്ങൾ അവസാനിപ്പിക്കുന്ന രീതി എന്നിവ ബാധകമാകുന്നിടത്തെല്ലാം ;

(x) സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സർവ്വകലാശാലയുടെ ഫണ്ടുകൾ ഉപയോഗിക്കുന്നത് ;

(xi) കോളേജുകൾ അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടിയോ കോളേജുകളുടെ അഫിലിയേഷൻ പിൻവലിക്കുന്നതിനു വേണ്ടിയോ ഉള്ള വ്യവസ്ഥകളും നടപടിക്രമവും ;

(xii) വ്യക്തികളിൽനിന്നോ സംഘടനകളിൽനിന്നോ ട്രസ്റ്റുകൾ, മരണശാസനങ്ങൾ, സംഭാവനകൾ, എൻഡോവ്മെന്റുകൾ, ഗ്രാന്റുകൾ എന്നിവ സ്വീകരിക്കലും അവയുടെ നടത്തിപ്പും ;

(xiii) ഭരണഘടനാ വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്കും അനുസൃതമായി പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവരുമായ അംഗങ്ങൾക്കുവേണ്ടി സർവ്വകലാശാലയിലെയും അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയും അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും നിയമനങ്ങൾക്കുള്ള മതിയായ എണ്ണം തസ്തികകൾ സംവരണം ചെയ്യുന്നതിനുള്ള വ്യവസ്ഥ ;

(xiv) സർക്കാർ ഏതെങ്കിലും തരത്തിൽ സഹായം നൽകാത്ത സ്വകാര്യ കോളേജുകൾ ഒഴികെയുള്ള സർവ്വകലാശാലയുടെയോ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളുടെയോ അംഗീകൃത സ്ഥാപനങ്ങളുടെയോ സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ തദ്ദേശ അധികാരസ്ഥാനങ്ങളോ കാര്യകർതൃത്വം ചെയ്യുന്നതോ നടത്തുന്നതോ ആയ കോളേജുകളിലെയോ സ്ഥാപനങ്ങളിലെയോ അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, മറ്റ് ജീവനക്കാർ എന്നിവർക്ക് എതിരെയുള്ള അച്ചടക്ക നടപടി ;

(xv) സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി പൊതുജന താൽപ്പര്യാർത്ഥം ഒരു കോളേജിന്റെയോ സ്ഥാപനത്തിന്റെയോ കാര്യകർതൃത്വം സർവ്വകലാശാല ഏറ്റെടുക്കലും അല്ലെങ്കിൽ കൈമാറ്റം ചെയ്യലും അങ്ങനെയുള്ള ഏറ്റെടുക്കലിനും കൈമാറ്റത്തിനും വേണ്ടിയുള്ള നിബന്ധനകൾ ;

(xvi) ഹോസ്റ്റലുകളുടെ സ്ഥാപനവും നടത്തിപ്പും ;

(xvii) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യക്തമാക്കിയിട്ടില്ലാത്തപക്ഷം ഏതെങ്കിലും അധികാരസ്ഥാനത്തിലെ അംഗങ്ങൾക്കിടയിലുള്ള ഒഴിവുകൾ നികത്തുന്ന രീതി ;

(xviii) വൈസ്-ചാൻസലറുടെ പ്രതിഫലവും സേവന വ്യവസ്ഥകളും ;

(xix) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്നതോ അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകാൻ ആവശ്യമുള്ളതോ ആയ ഏതൊരു കാര്യവും.

42. സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് സർക്കാർ ഉണ്ടാക്കേണ്ടതാണ്.

(2) ബോർഡ് ഓഫ് ഗവർണേഴ്സിന് അതതുസമയങ്ങളിൽ പുതിയത് അല്ലെങ്കിൽ അധിക സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കാവുന്നതും, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ്.

(3) നിർവ്വാഹക സമിതിയുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സിന് ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന രീതിയിൽ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ അല്ലെങ്കിൽ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്,—

(i) ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ഏതെങ്കിലും ഒരു അംഗം അവതരിപ്പിച്ചതോ വൈസ്-ചാൻസലറുടെ നിർദ്ദേശപ്രകാരമുള്ളതോ ആയ ഒരു സ്റ്റാറ്റ്യൂട്ടിന്റെ കരട് ബോർഡ് ഓഫ് ഗവർണേഴ്സിന് പരിഗണനയ്ക്ക് എടുക്കാവുന്നതാണ് ;

(ii) ബോർഡ് ഓഫ് ഗവർണേഴ്സിന്, പരിഗണനയ്ക്കുവേണ്ടി ആവശ്യമെന്ന് തോന്നുന്നപക്ഷം, അതിന്റെ മുൻപാകെയുള്ള ഏതൊരു കരട് സ്റ്റാറ്റ്യൂട്ടിനെ സംബന്ധിച്ചും സർവ്വകലാശാലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ അധികാരസ്ഥാന ത്തിന്റെയോ അല്ലെങ്കിൽ നികായത്തിന്റെയോ അഭിപ്രായം കൂടി തേടാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും കരട് സ്റ്റാറ്റ്യൂട്ട് അക്കാദമിക കാര്യവു മായി ബന്ധപ്പെട്ടതാകുന്നപക്ഷം ആയത് പരിഗണിക്കുന്നതിന് മുൻപ് അക്കാദമിക സമിതിയുടെ അഭിപ്രായം കൂടി ബോർഡ് ഓഫ് ഗവർണേഴ്സ് വാങ്ങിയിരിക്കേണ്ടതാണ് ;

(iii) സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ പദവിയെയോ അധികാരങ്ങളെയോ അല്ലെങ്കിൽ ഘടനയെയോ ബാധിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടിന്റെ കരടോ ഒരു സ്റ്റാറ്റ്യൂട്ടിന്റെ ഭേദഗതിയോ, അങ്ങനെയുള്ള അധികാരസ്ഥാനത്തിന് ആ നിർദ്ദേശത്തിന്മേൽ അഭിപ്രായം രേഖപ്പെടുത്താൻ ഒരവസരം നൽകുന്നതുവരെ ബോർഡ് ഓഫ് ഗവർണേഴ്സ് നിർദ്ദേശിക്കാൻ പാടില്ലാത്തതും, അങ്ങനെ രേഖപ്പെടുത്തുന്ന ഏതൊരു അഭിപ്രായവും രേഖാമൂലമായിരിക്കേണ്ടതും ബോർഡ് ഓഫ് ഗവർണേഴ്സ് അത് പരിഗണിക്കേണ്ടതുമാണ് ;

(iv) സ്വകാര്യ കോളേജുകളുടെ അഫിലിയേഷനുവേണ്ടിയുള്ള ഉപാധികളോ അതുമായി ബന്ധപ്പെട്ട നടപടിക്രമമോ വ്യവസ്ഥചെയ്യുന്ന യാതൊരു സ്റ്റാറ്റ്യൂട്ടും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ ബോർഡ് ഓഫ് ഗവർണേഴ്സ് പാസ്സാക്കാൻ പാടുള്ളതല്ല ;

(v) ബോർഡ് ഓഫ് ഗവർണേഴ്സ് പാസ്സാക്കുന്ന ഒരോ സ്റ്റാറ്റ്യൂട്ടും ചാൻസലർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹത്തിന് അതിന് അനുമതി നൽകുകയോ തടഞ്ഞുവയ്ക്കുകയോ വീണ്ടും പരിഗണിക്കുന്നതിനായി അത് ബോർഡ് ഓഫ് ഗവർണേഴ്സിന് തിരിച്ചയയ്ക്കുകയോ ചെയ്യാവുന്നതാണ് ;

(vi) ബോർഡ് ഓഫ് ഗവർണേഴ്സ് പാസ്സാക്കിയ യാതൊരു സ്റ്റാറ്റ്യൂട്ടും ചാൻസലർ അനുമതി നൽകുന്നതുവരെ സാധുവായിരിക്കുന്നതോ പ്രാബല്യത്തിൽ വരുന്നതോ അല്ല.

43. ഓർഡിനൻസുകൾ.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി നിർവ്വാഹക സമിതിക്ക് താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി ഓർഡിനൻസുകൾ ഉണ്ടാക്കാവുന്നതാണ്, അതായത്:—

(i) പഠന കോഴ്സുകളിലേക്കും സർവ്വകലാശാലാ പരീക്ഷകളിലേക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതും ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവ നൽകുന്നതിനുമുള്ള അർഹതയും ഏത് വ്യവസ്ഥകൾ പ്രകാരമാണെന്നും ;

(ii) സർവ്വകലാശാലയിൽ അങ്ങനെയുള്ള കോഴ്സുകൾക്ക് ഹാജരാകുന്നതിന് വിദ്യാർത്ഥികളുടെ പേര് ചേർക്കുന്നതിനും, ബിരുദങ്ങൾ, ഡിപ്ലോമകൾ, സർട്ടിഫിക്കറ്റുകൾ, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവയ്ക്കുവേണ്ടിയുള്ള പരീക്ഷകൾക്കുള്ള പ്രവേശനത്തിനും ബിരുദധാരികളെ രജിസ്റ്റർ ചെയ്യുന്നതിനും വേണ്ടി ചുമത്തേണ്ടുന്ന ഫീസും, ചുമത്തേണ്ടുന്ന മറ്റേതെങ്കിലും തരത്തിലുള്ള ഫീസും ;

(iii) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ താമസം, പെരുമാറ്റം, അച്ചടക്കം എന്നിവയുടെ വ്യവസ്ഥകളും താഴെ പറയുന്നവയുൾപ്പെടെ അച്ചടക്കലംഘനത്തിനോ സ്വഭാവദൂഷ്യത്തിനോ അവർക്കെതിരെ എടുക്കേണ്ടുന്ന നടപടികൾ,—

(എ) ഒരു പരീക്ഷയിൽ നീതിയുക്തമല്ലാത്ത മാർഗ്ഗങ്ങൾ ഉപയോഗിക്കുകയോ അതിനുള്ള പ്രേരണ നൽകുകയോ ;

(ബി) ഒരു പരീക്ഷയുടെ ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനോ സർവ്വകലാശാലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ നടത്തുന്ന ഏതെങ്കിലും ആധികാരികമായ അന്വേഷണത്തിൽ ഹാജരാകുന്നതിനോ തെളിവ് നൽകുന്നതിനോ വിസമ്മതിക്കുകയോ ; അല്ലെങ്കിൽ

(സി) സർവ്വകലാശാലയ്ക്കകത്തോ പുറത്തോ ക്രമരഹിതമായോ മറ്റു വിധത്തിൽ അധിക്ഷേപാർഹമായോ ഉള്ള പെരുമാറ്റം ;

(iv) പരീക്ഷകരുടെ നിയമനവും കർത്തവ്യങ്ങളും നിയന്ത്രിക്കുന്ന വ്യവസ്ഥകൾ ;

(v) പരീക്ഷകളുടെയും മറ്റ് ടെസ്റ്റുകളുടെയും നടത്തിപ്പും പരീക്ഷകർ പരീക്ഷാർത്ഥികളെ വിലയിരുത്തുകയും പരിശോധിക്കുകയും ചെയ്യാവുന്നതിന്റെ രീതി ;

(vi) അദ്ധ്യാപകരുടെ തരം തിരിക്കൽ, വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ അംഗസംഖ്യ, സർവ്വകലാശാല വകുപ്പുകളുലെയും അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയും അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടേയും ജോലിഭാരം ;

(vii) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഹോസ്റ്റലുകളുടെയും പരിശോധന ;

(viii) സർവ്വകലാശാലയോ സർവ്വകലാശാലയ്ക്കുവേണ്ടിയോ കരാറുകളോ എഗ്രിമെന്റുകളോ ഒപ്പുവയ്ക്കുന്ന രീതി ;

(ix) ആവശ്യമുള്ളിടത്ത് വിദ്യാർത്ഥികളുടെ സ്ഥലംമാറ്റം സംബന്ധിച്ച് അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളും സ്ഥാപനങ്ങളും പാലിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ ചട്ടങ്ങൾ ;

(x) ഈ ആക്റ്റിനാലോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകളാലോ അവയ്ക്കുകീഴിലോ, ഓർഡിനൻസുകളാൽ വ്യവസ്ഥ ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ മറ്റെല്ലാ കാര്യങ്ങളും ; കൂടാതെ

(xi) പൊതുവായി, ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അഭിപ്രായത്തിൽ ഈ ആക്റ്റിന്റെയോ സ്റ്റാറ്റ്യൂട്ടുകളുടെയോ കീഴിൽ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന് നൽകിയിരിക്കുന്ന അധികാരങ്ങൾ വിനിയോഗിക്കുന്നതിനോ ചുമത്തിയിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനോ ആവശ്യമുള്ളതായ എല്ലാ കാര്യങ്ങൾക്കും.

44. ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—ഇതിനുശേഷം വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ നിർവ്വാഹക സമിതിക്ക് ഓർഡിനൻസുകൾ ഉണ്ടാക്കുകയോ, ഭേദഗതി ചെയ്യുകയോ, റദ്ദു ചെയ്യുകയോ ചെയ്യാവുന്നതാണ്,—

(i) 43-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചോ അല്ലെങ്കിൽ സർവ്വകലാശാലയ്ക്കകത്തെ അദ്ധ്യാപന നിലവാരം നിലനിർത്തുന്നതുമായോ പരീക്ഷകളുമായോ ബന്ധപ്പെട്ടതായ മറ്റേതെങ്കിലും കാര്യത്തിനായി യാതൊരു ഓർഡിനൻസും അതിന്റെ കരട് അക്കാദമിക സമിതി പരിഗണിക്കാത്തപക്ഷം നിർവ്വാഹക സമിതി ഉണ്ടാക്കുവാൻ പാടുള്ളതല്ല ;

(ii) മുകളിൽപ്പറഞ്ഞ (i)-ാം ഖണ്ഡത്തിൻകീഴിൽ അക്കാദമിക സമിതി നിർദ്ദേശിച്ച ഏതെങ്കിലും കരട് ഭേദഗതി ചെയ്യുന്നതിന് നിർവ്വാഹക സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല ; എന്നാൽ നിർവ്വാഹക സമിതി നിർദ്ദേശിക്കുന്ന ഏതെങ്കിലും ഭേദഗതിയോടുകൂടി ഭാഗികമായോ പൂർണ്ണമായോ വീണ്ടും പുനഃപരിഗണനയ്ക്കായി അത് തിരികെ അക്കാദമിക സമിതിക്ക് തിരിച്ചയയ്ക്കാവുന്നതാണ് ;

(iii) നിർവ്വാഹക സമിതി ഉണ്ടാക്കിയിട്ടുള്ള എല്ലാ ഓർഡിനൻസുകൾക്കും അത് നിർദ്ദേശിക്കുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ് ; എന്നാൽ അങ്ങനെ ഉണ്ടാക്കിയിട്ടുള്ള ഓരോ ഓർഡിനൻസും ബോർഡിന്റെ അടുത്ത യോഗത്തിൽ തന്നെ ബോർഡ് ഓഫ് ഗവർണേഴ്സിന് സമർപ്പിക്കേണ്ടതാണ്. ഓർഡിനൻസ് ലഭിച്ച് നാലാഴ്ചയ്ക്കകം അതിന്റെ പ്രവർത്തനം

താൽക്കാലികമായി നിർത്തിവയ്ക്കാൻ നിർവ്വാഹക സമിതിയോട് ആവശ്യപ്പെടുവാൻ ചാൻസലർക്ക് അധികാരമുണ്ടായിരിക്കുന്നതും അദ്ദേഹം കഴിയുന്നത്രവേഗം അതിനോടുള്ള എതിർപ്പ് നിർവ്വാഹക സമിതിയെ അറിയിക്കേണ്ടതുമാണ്. അദ്ദേഹത്തിന് നിർവ്വാഹക സമിതിയുടെ അഭിപ്രായം ലഭിച്ചതിനുശേഷം ഓർഡിനൻസുകൾ താൽക്കാലികമായി നിർത്തിവച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കുകയോ അല്ലെങ്കിൽ ഓർഡിനൻസ് അനുവദിക്കാതിരിക്കുകയോ ചെയ്യാവുന്നതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

45. റെഗുലേഷനുകൾ.—(1) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരത്തോടെയും അക്കാദമിക സമിതിക്ക് സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം, താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്, അതായത്:—

(i) പഠന ശാഖകളും പരീക്ഷകളുടെ നടത്തിപ്പും ;

(ii) അദ്ധ്യയന വർഷത്തിലെ പ്രവൃത്തി ദിവസങ്ങളുടെ എണ്ണം, പഠിപ്പിക്കാനുള്ള യഥാർത്ഥ ദിവസങ്ങളുടെ എണ്ണം, ഞായർ ഒഴികെയുള്ള അവധി ദിവസങ്ങൾ, അവധിക്കാലം, അദ്ധ്യയനകാലം എന്നിവ ഉറപ്പിക്കുന്നതിനും ;

(iii) മറ്റ് സർവ്വകലാശാലകളുടെ പരീക്ഷകളും ബിരുദങ്ങളും ഡിപ്ലോമകളും സർവ്വകലാശാലയുടെ പരീക്ഷകൾക്കും ബിരുദങ്ങൾക്കും ഡിപ്ലോമകൾക്കും തുല്യമായി അംഗീകരിക്കൽ ; കൂടാതെ

(iv) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾ പ്രകാരം റഗുലേഷനുകൾമൂലം നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റ് എല്ലാ കാര്യങ്ങൾക്കും.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള എല്ലാ റഗുലേഷനുകൾക്കും അക്കാദമിക സമിതി നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും, എന്നാൽ അങ്ങനെയുണ്ടാക്കിയ ഓരോ റഗുലേഷനും ബോർഡ് ഓഫ് ഗവർണേഴ്സിനു മുൻപാകെ അതിന്റെ തൊട്ടടുത്ത യോഗത്തിൽ വയ്ക്കേണ്ടതുമാണ്.

46. ഉത്തരവുകൾ.—ബോർഡ് ഓഫ് ഗവർണേഴ്സിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തിനുവിധേയമായി, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കുകീഴിൽ രൂപീകരിച്ചിട്ടുള്ള ബോർഡുകളുടെയും സമിതികളുടെയും മറ്റ് നികായങ്ങളുടെയും പ്രവർത്തനത്തിനും മാർഗ്ഗദർശനത്തിനും, സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ യോഗങ്ങളുടെ നടപടിക്രമവും കാര്യനിർവ്വഹണവും

ക്രമപ്പെടുത്തുന്നതിനും, അങ്ങനെയുള്ള അധികാരസ്ഥാനമോ നികായമോ ആയി പൂർണ്ണ മായി ബന്ധമുള്ള എല്ലാ കാര്യങ്ങളും നൽകുന്നതിനുംവേണ്ടി ഈ ആക്റ്റിനോ സ്റ്റാറ്റ്യൂട്ടുകൾക്കോ ഓർഡിനൻസുകൾക്കോ റഗുലേഷനുകൾക്കോ വിരുദ്ധമല്ലാതെ ഏതെങ്കിലും അധികാരസ്ഥാനത്തിനോ നികായത്തിനോ ഉത്തരവുകൾ ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

47. ഗസറ്റിൽ പ്രസിദ്ധീകരിക്കൽ.—സർവ്വകലാശാല, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

## അദ്ധ്യായം VI

## ധനകാര്യം

48. സർവ്വകലാശാലാ നിധി.—(1) സർക്കാരിൽനിന്നും ഭാരത സർക്കാരിൽ നിന്നും, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നും എ.ഐ.സി.റ്റി.ഇ.-യിൽ നിന്നും മറ്റേതെങ്കിലും മാർഗ്ഗത്തിൽനിന്നും ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും വായ്പകളും സർവ്വകലാശാലയുടെ എല്ലാ വരുമാനങ്ങളും, ലഭിക്കുന്ന എല്ലാ ഫീസും സർവ്വകലാശാലയിൽ നിക്ഷിപ്തമായിട്ടുള്ള വസ്തുക്കളിൽനിന്നും നിധികളിൽ നിന്നും ലഭിക്കുന്ന വാടക, ആദായം എന്നിങ്ങനെയുള്ള എല്ലാ വരുമാനങ്ങളും, ഏത് മാർഗ്ഗത്തിൽകൂടിയാണെങ്കിലും കിട്ടുന്ന എല്ലാ ദാനവസ്തുക്കളും സംഭാവനകളും, സർവ്വകലാശാലയുടെ മറ്റിനത്തിലുള്ള എല്ലാ പലവക വരവുകളും സർവ്വകലാശാല യുടെ കാര്യങ്ങൾ സംബന്ധിച്ച് ലഭിക്കുന്ന നിക്ഷേപങ്ങളും അടവുതുകകളും സർവ്വീസ് ഓഫ് ഫണ്ടുകളും എല്ലാം ചേർന്ന് ‘‘കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാലാനിധി” എന്ന പേരിൽ ഒരു സഞ്ചിതനിധി രൂപീകരിക്കേണ്ടതും അത് ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടുകളിലും ഓർഡിനൻസുകളിലും റെഗുലേഷനുകളിലും ഉത്തരവുകളിലും പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടിയും അവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിലും വിനിയോഗിക്കപ്പെടേണ്ടതുമാണ്:

എന്നാൽ, പ്രത്യേക ആവശ്യങ്ങൾക്ക് വെവ്വേറെ കണക്കുകൾ വച്ചുപോരാവുന്ന താണ്.

(2) കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാലാനിധിയിലുള്ള എല്ലാ പണവും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി സർവ്വകലാശാല നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ബാങ്കുകളിൽ സൂക്ഷിക്കുകയോ അങ്ങനെയുള്ള രീതിയിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാണ്.

(3) സർവ്വകലാശാലയ്ക്ക്, കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാലാ നിധിയിലെ പണത്തിന്റെ, അത് യുക്തമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഭാഗം, സർക്കാർ കടപ്പത്രങ്ങളിലോ ഭാരത സർക്കാർ ഉറപ്പ് നൽകിയിട്ടുള്ള കടപ്പത്രങ്ങളിലോ നിക്ഷേപിക്കാവുന്നതാണ്.

(4) കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാലാനിധിയുടെ സൂക്ഷിപ്പും, അതിൽ പണമടയ്ക്കുന്നതും അതിൽനിന്നും പണം പിൻവലിക്കുന്നതും ആനുഷംഗികമായ മറ്റെല്ലാ കാര്യങ്ങളും അതിലേക്കായി ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളാലും ഓർഡിനൻസുകളാലും നിയന്ത്രിക്കപ്പെടേണ്ടതാണ്.

(5) ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലും ഉണ്ടാകുന്ന ചെലവുകൾ ഉൾപ്പെടെ സർവ്വകലാശാലയുടെ ചെലവുകൾ നടത്തുന്നതിലേക്കായി കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാലാനിധി വിനിയോഗിക്കേണ്ടതാണ്.

(6) സർവ്വകലാശാല, ഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു പ്രത്യേക നിധി വച്ചുപോരേണ്ടതാണ്. അത് ഭാരത സർക്കാർ, കേരള സർക്കാർ, കേന്ദ്ര സ്വയംഭരണ സ്ഥാപനങ്ങൾ, അന്താരാഷ്ട്ര ഗവേഷണ ഏജൻസികൾ, എഞ്ചിനീയറിംഗ് ഗവേഷണത്തിനും വികസനത്തിനുമുള്ള കേന്ദ്രം മുതലായവയിൽ നിന്നുള്ള വരുമാനം ആകാവുന്നതാണ്.

49. ബഡ്ജറ്റ്.—(1) അടുത്ത സാമ്പത്തികവർഷത്തേക്കുള്ള സർവ്വകലാശാലയുടെ വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ ധനവിവര പത്രികയോടൊപ്പം ഫൈനാൻസ് ആഫീസർ തയ്യാറാക്കേണ്ടതും നിർവ്വാഹക സമിതിക്ക് സമർപ്പിക്കേണ്ടതും അത് അവിടെ ചർച്ച ചെയ്യേണ്ടതും അംഗീകരിച്ച അന്തിമ പതിപ്പ് ബോർഡ് ഓഫ് ഗവർണേഴ്സിന് പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

(2) ബോർഡ് ഓഫ് ഗവർണേഴ്സ് അംഗീകരിച്ച പ്രകാരമുള്ള ധനകാര്യ എസ്റ്റിമേറ്റുകളുടെയോ പത്രികകളുടെയോ പകർപ്പുകൾ സർക്കാരിന് അയച്ചു കൊടുക്കേണ്ടതാണ്.

(3) സർവ്വകലാശാലയുടെ സാമ്പത്തികവർഷം സർക്കാരിന് ബാധകമായിട്ടുള്ളതിന് സമാനമായിരിക്കുന്നതാണ്.

50. ഇന്റേണൽ ആഡിറ്റ്.—(1) സർവ്വകലാശാലയുടെ കണക്കുകൾ, സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനങ്ങളിലോ കാര്യങ്ങളിലോ തല്പരരല്ലാത്ത പങ്കാളികളുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഫേമുകളിൽനിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് നിയമിക്കുന്ന ആഡിറ്റർമാരാൽ, എല്ലാ വർഷവും കുറഞ്ഞത് ഒരു പ്രാവശ്യവും ഏതൊരു സംഗതിയിലും സാമ്പത്തികവർഷം അവസാനിച്ച് ആറുമാസത്തിനുള്ളിലും ആഡിറ്റ് ചെയ്യപ്പെടേണ്ടതാണ്.

(2) ആഡിറ്റ് ചെയ്ത കണക്കുകൾ സർവ്വകലാശാല പ്രസിദ്ധീകരിക്കേണ്ടതും ആഡിറ്ററുടെ റിപ്പോർട്ടോടുകൂടിയ അതിന്റെ ഒരു പകർപ്പ് ബോർഡ് ഓഫ് ഗവർണേഴ്സിന് മുൻപാകെ വയ്ക്കേണ്ടതും ചാൻസലർക്കും സർക്കാരിനും സമർപ്പിക്കേണ്ടതുമാണ്.

51. വാർഷിക കണക്കുകളും ആഡിറ്റും.—(1) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ നിർവ്വാഹക സമിതിയുടെ നിർദ്ദേശപ്രകാരം ഫൈനാൻസ് ഓഫീസർ തയ്യാറാക്കേണ്ടതാണ്.

(2) സർക്കാർ, സർവ്വകലാശാലയുടെയും സർവ്വകലാശാലയുടെ കാര്യകർതൃത്വത്തിലുള്ള സ്ഥാപനങ്ങളുടെയും കണക്കുകൾ ക്രമമായ ഇടവേളകളിൽ ആഡിറ്റ് ചെയ്യുന്നതിന്, ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(3) ആഡിറ്റർ സർവ്വകലാശാലയുടെ കണക്കുകൾ തുടർച്ചയായി ആഡിറ്റ് ചെയ്യേണ്ടതും യഥാവിധി അറിയിപ്പുകൊടുത്തതിനുശേഷം സർവ്വകലാശാലയുടെ കാര്യകർതൃത്വത്തിൻ കീഴിലുള്ള ഏതൊരു സ്ഥാപനത്തിന്റെയും ലോക്കൽ ആഡിറ്റ് നടത്താവുന്നതുമാകുന്നു.

(4) സർവ്വകലാശാല, സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള ആഡിറ്റ് ചെലവ് വഹിക്കേണ്ടതാണ്.

(5) ഒരു വർഷത്തേക്കുള്ളതോ അതിലും കുറഞ്ഞ ഏതെങ്കിലും കാലയളവിലേക്കുള്ളതോ അഥവാ ഏതെങ്കിലും ഇടപാടോ, തുടർച്ചയായ ഇടപാടുകളോ സംബന്ധിച്ചുള്ളതോ ആയ ആഡിറ്റ് പൂർത്തിയാക്കിയതിനുശേഷം ആഡിറ്റർ ഒരു റിപ്പോർട്ട് സർവ്വകലാശാലയ്ക്കും അതിന്റെ ഒരു ഡ്യൂപ്ലിക്കേറ്റ് പകർപ്പ് സർക്കാരിനും അയയ്ക്കേണ്ടതാണ്.

(6) നിർവ്വാഹക സമിതി, വാർഷിക കണക്കുകൾ അവയിന്മേലുള്ള ആഡിറ്റ് റിപ്പോർട്ടോടുകൂടി പ്രസിദ്ധപ്പെടുത്തേണ്ടതും അങ്ങനെയുള്ള കണക്കുകളുടെയും ആഡിറ്റ് റിപ്പോർട്ടിന്റെയും പകർപ്പുകൾ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ മുമ്പാകെ വയ്ക്കുകയും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരം ലഭിച്ചശേഷം അതുതുടർന്നു വരുന്ന വർഷം മാർച്ച് 1-ാം തീയതിയോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(7) (6)-ാം ഉപവകുപ്പ് പ്രകാരമുള്ള വാർഷിക കണക്കുകൾ ലഭിച്ചാലുടൻ, സർക്കാർ, ആയത്, നിയമസഭ സമ്മേളനത്തിലാണെങ്കിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്പ്പിക്കേണ്ടും അത് സമ്മേളനത്തിലല്ലായെങ്കിൽ അപ്രകാരം കണക്കുകൾ ലഭിച്ചതിനു ശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പ്പിക്കേണ്ടതുമാണ്.

(8) ആഡിറ്റർമാർ, (5)-ാം ഉപവകുപ്പുപ്രകാരമുള്ള റിപ്പോർട്ടിൽ, ക്രമരഹിതമോ നിയമവിരുദ്ധമോ അനുചിതമോ ആയ ചെലവോ അല്ലെങ്കിൽ സർവ്വകലാശാലയ്ക്ക് കിട്ടാനുള്ള പണമോ മറ്റു വസ്തുവോ വസൂലാക്കുന്നതിനുള്ള വീഴ്ചയോ അല്ലെങ്കിൽ സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്മാരുടെയും അധികാരസ്ഥാനങ്ങളുടെയും ഉപേക്ഷയോ നടപടിദൂഷ്യമോ നിമിത്തം അതിന്റെ പണത്തിന്റെയോ മറ്റു വസ്തുവിന്റെയോ നഷ്ടമോ ദുർവ്യയമോ സംബന്ധിച്ചുള്ള എല്ലാ സംഗതികളും പ്രത്യേകം പറയേണ്ടതാണ്.

(9) ആഡിറ്റർമാർ, സർക്കാർ ആവശ്യപ്പെടാവുന്ന പ്രകാരം സർവ്വകലാശാലയുടെ കണക്കുകൾ സംബന്ധിച്ചുള്ള മറ്റ് ഏതൊരു സംഗതി സംബന്ധിച്ചും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(10) സർവ്വകലാശാല, ആഡിറ്റർമാർ ചൂണ്ടിക്കാണിച്ച ഏതൊരു ന്യൂനതയോ ക്രമക്കേടോ ഉടനടി പരിഹരിക്കുകയും സ്വീകരിച്ചിട്ടുള്ള നടപടി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്.

52. വാർഷിക റിപ്പോർട്ട്.—(1) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് സർവ്വകലാശാല തയ്യാറാക്കേണ്ടതും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ആയത് പ്രസിദ്ധീകരിക്കുകയും തുടർന്നുവരുന്ന വർഷം സെപ്റ്റംബർ 15-ാം തീയതിയോ അതിനു മുമ്പോ അത് സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻ, സർക്കാർ, ആയത് നിയമസഭ സമ്മേളനത്തിലാണെങ്കിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്പ്പിക്കേണ്ടതും അത് സമ്മേളനത്തിലല്ലായെങ്കിൽ അപ്രകാരമുള്ള വാർഷിക റിപ്പോർട്ട് ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പ്പിക്കേണ്ടതുമാണ്.

## അദ്ധ്യായം VII

## പലവക

53. അധികാരസ്ഥാനങ്ങളുടെ കർത്തവ്യങ്ങൾ.—(1) സർവ്വകലാശാലയുടെ താൽപ്പര്യങ്ങൾ യഥാവിധി സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടത് സർവ്വകലാശാലയിലെ ഓരോ അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ കർത്തവ്യമായിരിക്കുന്നതാണ്.

(2) സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ഭാഗത്തുനിന്നുള്ള, ഈ ആക്റ്റിന്റെയോ സ്റ്റാറ്റ്യൂട്ടുകളുടെയോ ഓർഡിനൻസുകളുടെയോ റഗുലേഷനുകളുടെയോ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ, ഉത്തമവിശ്വാസത്തിൽ ചെയ്തതല്ലാത്ത ഏതെങ്കിലും നടപടിയിലൂടെ, അല്ലെങ്കിൽ അവയ്ക്ക് അനുസൃതമായി നടപടിയെടുക്കുവാൻ പരാജയപ്പെട്ടതുകൊണ്ട് അഥവാ അതിന്റെയോ അദ്ദേഹത്തിന്റെയോ ഭാഗത്തുനിന്നുള്ള മനഃപൂർവ്വമായ ഉപേക്ഷയോ വീഴ്ചയോമൂലം സർവ്വകലാശാലയ്ക്ക് ഹാനിയോ നഷ്ടമോ ഉണ്ടായിട്ടുണ്ടെന്ന് കാണുകയാണെങ്കിൽ അങ്ങനെയുള്ള ഹാനിയോ നഷ്ടമോ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന നടപടിക്രമമനുസരിച്ച്, കൂട്ടായോ വെവ്വേറെയോ, അതതു സംഗതിപോലെ, അധികാരസ്ഥാനത്തിൽ നിന്നോ നികായത്തിൽ നിന്നോ അതിന്റെ ബന്ധപ്പെട്ട അംഗങ്ങളിൽ നിന്നോ അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ, ഈടാക്കേണ്ടതാണ്.

54. ചാൻസലർ തർക്കങ്ങൾ തീർപ്പാക്കേണ്ടതാണെന്ന്.—യഥാവിധി തെരഞ്ഞെടുക്കപ്പെട്ടതോ നിയമിക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ കോ-ഓപ്റ്റ് ചെയ്യപ്പെട്ടതോ ആയ ഒരാൾ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ ഒരു അംഗമാകാൻ യോഗ്യനാണോ എന്നതിനെ സംബന്ധിച്ച് ഈ ആക്റ്റിന്റെയോ ഏതെങ്കിലും സ്റ്റാറ്റ്യൂട്ടുകളുടെയോ ഓർഡിനൻസുകളുടെയോ റഗുലേഷനുകളുടെയോ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ, അതിനാൽ നേരിട്ട് ബാധിക്കപ്പെട്ട ആളുടെയോ നികായത്തിന്റെയോ ഹർജിയിന്മേൽ അല്ലെങ്കിൽ വൈസ്-ചാൻസലർ സ്വമേധയായോ പ്രസ്തുത കാര്യം

ചാൻസലറുടെ അഭിപ്രായത്തിന് അയച്ചു കൊടുക്കേണ്ടതും, അദ്ദേഹം ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഉപദേശം സ്വീകരിച്ചശേഷം, സർക്കാരുമായി കൂടിയാലോചിച്ച് പ്രശ്നത്തിൽ തീർപ്പു കൽപ്പിക്കേണ്ടതും അങ്ങനെയുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

55. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.—ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയോ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥരോ, അധികാരസ്ഥാനങ്ങളോ നികായങ്ങളോ ഉത്തമവിശ്വാസത്തിൽ ചെയ്ത എല്ലാ നടപടികളും അല്ലെങ്കിൽ പാസ്സാക്കിയ എല്ലാ ഉത്തരവുകളും അന്തിമമായിരിക്കുന്നതും ഉത്തമവിശ്വാസത്തിലും ഈ ആക്റ്റ്, സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നിവയുടെ വ്യവസ്ഥകൾക്ക് അനുസൃതമായും ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യമോ പാസ്സാക്കിയിട്ടുള്ള ഉത്തരവുകളോ അല്ലെങ്കിൽ ചെയ്യാനുദ്ദേശിക്കുന്ന ഏതെങ്കിലും കാര്യമോ പാസ്സാക്കാനുദ്ദേശിക്കുന്ന ഏതെങ്കിലും ഉത്തരവോ സംബന്ധിച്ച് സർവ്വകലാശാലയ്ക്കോ അതിന്റെ ഉദ്യോഗസ്ഥർക്കോ അധികാരസ്ഥാനങ്ങൾക്കോ നികായങ്ങൾക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടികളോ ആരംഭിക്കുവാനോ തുടരുവാനോ നഷ്ടപരിഹാരത്തിന് അവകാശവാദം ഉന്നയിക്കുവാനോ പാടുള്ളതല്ല.

56. അധികാരം ഏൽപ്പിച്ചുകൊടുക്കൽ.—ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും ഉണ്ടാക്കുന്നതിനുള്ള അധികാരമൊഴികെ, അതിന്റെ ഏതെങ്കിലും അധികാരങ്ങൾ, അപ്രകാരം ഏൽപ്പിച്ചുകൊടുത്ത അധികാരങ്ങൾ വിനിയോഗിക്കുന്നതിനുള്ള അന്തിമ ഉത്തരവാദിത്വം അവ ഏൽപ്പിച്ചുകൊടുക്കുന്ന ഉദ്യോഗസ്ഥനിലോ അധികാരസ്ഥാനത്തിലോ തുടർന്നും നിക്ഷിപ്തമായിരിക്കുന്നതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, സർവ്വകലാശാലയുടെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ ഉത്തരവിലൂടെ, ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

57. സർവ്വകലാശാലയുടെ നടപടികൾ അസാധുവാക്കാൻ പാടില്ലെന്ന്.—സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിന്റെയോ നിർവ്വാഹക സമിതിയുടെയോ അക്കാദമിക സമിതിയുടെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും നികായത്തിന്റെയോ, ഒരു വൈസ്-ചാൻസലറെ നിയമിക്കുന്നതിനുവേണ്ടി ചാൻസലർ നിയമിച്ച ഒരു സമിതി ഉൾപ്പെടെ സർവ്വകലാശാലയുടെയോ സമിതിയുടെയോ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടിയും ഏതെങ്കിലും സമയത്ത്:—

(i) അങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ, നികായത്തിന്റെയോ, സമിതിയുടെയോ ഏതെങ്കിലും അംഗങ്ങൾ യഥാവിധി തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലെന്നോ നിയമിക്കപ്പെട്ടിട്ടില്ലെന്നോ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടില്ലെന്നോ കോ-ഓപ്റ്റ് ചെയ്യപ്പെട്ടിട്ടില്ലെന്നോ മറ്റേതെങ്കിലും കാരണത്താൽ സമിതി രൂപീകരണ സമയത്ത്

അധികാരസ്ഥാനം ഏറ്റെടുക്കുവാൻ അല്ലെങ്കിൽ അതിന്റെ യോഗത്തിൽ പങ്കെടുക്കുവാൻ ലഭ്യമല്ലെന്നോ അല്ലെങ്കിൽ ഏതെങ്കിലും ആൾ ഒന്നിൽ കൂടുതൽ അധികാരസ്ഥാനങ്ങളിൽ അംഗമാണെന്നോ അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിൽ മറ്റേതെങ്കിലും ന്യൂനതകളു ണ്ടെന്നോ അതിന്റെ അംഗങ്ങളുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ ഒന്നോ അതിൽ കൂടുതലോ ഒഴിവുകൾ ഉണ്ടെന്നോ ; അല്ലെങ്കിൽ

(ii) പരിഗണനയിലിരിക്കുന്ന കാര്യത്തിന്റെ സത്തയെ ബാധിക്കാതെ, അങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ സമിതി യുടെയോ നടപടിക്രമത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ, ഉണ്ടെന്നോ ;

ഉള്ള കാരണങ്ങളാൽ മാത്രം അസാധുവായതായി കരുതപ്പെടുവാൻ പാടുള്ളതല്ല.

## അദ്ധ്യായം VIII

## കോളേജുകൾക്ക് അനുമതിയും അഫിലിയേഷനും അംഗീകാരവും

58. അഫിലിയേഷനും അംഗീകാരവും.—(1) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുൻപ് വിവിധ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിരുന്ന കേരള സർക്കാരിന്റെയോ, സർക്കാർ നിയന്ത്രിത സംഘങ്ങളുടെയോ, സ്വകാര്യ എയ്ഡഡും സ്വകാര്യ അൺഎയ്ഡഡും ആയ സ്വാശ്രയ വിദ്യാഭ്യാസ ഏജൻസികളുടെയോ ഉടമസ്ഥത യിലുള്ള ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജുകളെയോ സാങ്കേതികവിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളെയോ, കേരള സംസ്ഥാനത്തെ കല്പിത സർവ്വകലാശാലകൾ ഒഴികെ, ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് കീഴിൽ അതതു സമയങ്ങളിൽ സർവ്വകലാശാല വ്യവസ്ഥ ചെയ്യുന്ന ഫാക്കൽറ്റിയുടെ ലഭ്യത, ഭരണസംവിധാനം, അടിസ്ഥാനസൗകര്യം (കെട്ടിടങ്ങൾ, ലബോറട്ടറികൾ മുതലായവ) എന്നിവ ഉൾപ്പെടെയും അതിൽ മാത്രം പരിമിതപ്പെടുത്താതെയും, അഫിലിയേഷനുവേണ്ടി ഈ ആക്റ്റിന്റെയും, ഓർഡിനൻസുകളുടെയും സ്റ്റാറ്റ്യൂട്ടുകളുടെയും കീഴിൽ നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അവ പാലിക്കുന്നപക്ഷം, സർവ്വകലാശാലയ്ക്ക് അഫിലിയേറ്റ് ചെയ്യാവുന്നതാണ്. പ്രത്യേകം പറഞ്ഞിട്ടുള്ള മാനദണ്ഡം പാലിക്കുന്ന അങ്ങനെയുള്ള കോളേജുകളെ (i) റഗുലർ കോളേജുകളായോ (ii) കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളായോ (iii) സ്വയംഭരണ കോളേജുകളായോ (iv) അക്കാദമിക സ്വയംഭരണത്തോടുകൂടിയ കോളേജുകളായോ (v) സ്ഥാപനമായോ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യാവുന്ന താണ്. ഈ കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അഫിലിയേഷൻ, എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളെ സംബന്ധിച്ച് ആ ബാച്ചിലുള്ള വിദ്യാർത്ഥികൾ അവരുടെ കോഴ്സുകൾ പൂർത്തിയാക്കുന്നതുവരെ തുടരുന്നതാണെന്നും അങ്ങനെയുള്ള എല്ലാ വിദ്യാർത്ഥികളുടെയും പരീക്ഷകൾ അവർ ചേർക്കപ്പെട്ടിട്ടുള്ള

സർവ്വകലാശാലകൾ നടത്തേണ്ടതാണെന്നും അങ്ങനെയുള്ള സർവ്വകലാശാലകൾ ബിരുദങ്ങളോ ഡിപ്ലോമകളോ മറ്റു ബഹുമതികളോ നൽകേണ്ടതാണെന്നും ഉള്ള നിബന്ധനകൾക്കു വിധേയമായി, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അന്നുമുതൽക്കും കല്പിത സർവ്വകലാശാലകൾ ഒഴികെ സംസ്ഥാനത്തെ മറ്റു സർവ്വകലാശാലകളുമായുള്ള അങ്ങനെയുള്ള സ്ഥാപനങ്ങളുടെ അഫിലിയേഷൻ സർവ്വകലാശാലയിലേക്ക് മാറ്റപ്പെടുന്നതാണ്:

എന്നാൽ സംസ്ഥാനത്തെ ഇതര സർവ്വകലാശാലകൾ അവരുടെ വകുപ്പുകളായോ അവരവരുടെ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളായോ നടത്തുന്ന സാങ്കേതികശാസ്ത്ര ശാഖയിലുള്ള സ്ഥാപനങ്ങളോ കല്പിത സർവ്വകലാശാലകളുടെയും കേന്ദ്ര സർക്കാർ സ്ഥാപിച്ചിട്ടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളോ അദ്ധ്യാപനസ്ഥാപനങ്ങളോ ഈ സർവ്വകലാശാലയുടെ അധികാര പരിധിക്കുകീഴിൽ വരുന്നതല്ല.

(2) അഫിലിയേഷനോ അംഗീകാരത്തിനോ വേണ്ടി അപേക്ഷിക്കുന്ന വിദ്യാഭ്യാസ ഏജൻസിയും ആരുടെ സ്ഥാപനത്തിനോ കോളേജിനോ ആണ് അഫിലിയേഷനോ അംഗീകാരമോ ലഭിച്ചിട്ടുള്ളത് അവരും താഴെപ്പറയുന്ന ഉറപ്പുകൾ നൽകേണ്ടതും പാലിക്കേണ്ടതുമാണ്:—

(i) ഈ ആക്റ്റിലെ വ്യവസ്ഥകൾ അഥവാ സംസ്ഥാനത്ത് എഞ്ചിനീയറിംഗ് മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള മറ്റേതെങ്കിലും ആക്റ്റുകൾ, അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ, സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ, നിലവിലുള്ള ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കേണ്ടതാണ്;

(ii) സർക്കാരിൽ നിന്നോ സർവ്വകലാശാലയിൽ നിന്നോ ധനസഹായം സ്വീകരിക്കുന്ന അഫിലിയേറ്റ് ചെയ്യപ്പെട്ട ഒരു കോളേജിനോ ഒരുകൂട്ടം കോളേജുകൾക്കോ പ്രത്യേകം ഗവേണിംഗ് ബോഡിയോ മാനേജിംഗ് കൗൺസിലോ ഉണ്ടായിരിക്കേണ്ടതാണ്;

(iii) പഠനകോഴ്സുകൾക്ക് പ്രവേശിപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം, അതതു സംഗതിപോലെ, സർവ്വകലാശാലയോ സർക്കാരോ കേന്ദ്ര അഥവാ സംസ്ഥാന കൗൺസിലുകളോ ബന്ധപ്പെട്ട വിജ്ഞാനശാഖയിലെ അധികാരസ്ഥാനങ്ങളോ, അതതു സമയങ്ങളിൽ നിർണ്ണയിക്കുന്ന പരിധികളിൽ കവിയുവാൻ പാടുള്ളതല്ല;

(iv) സ്റ്റാറ്റ്യൂട്ടുകളിലും ഓർഡിനൻസുകളിലും റഗുലേഷനുകളിലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, അതതു സംഗതിപോലെ, കെട്ടിടം, ലബോറട്ടറികൾ, വായനശാലകൾ, പഠനത്തിനും ഗവേഷണത്തിനും ആവശ്യമായ ഉപകരണങ്ങൾ, ഹോസ്റ്റലും മറ്റ് അടിസ്ഥാനസൗകര്യങ്ങളും എന്നിവപോലെയുള്ള അനുയോജ്യവും പര്യാപ്തവുമായ ഭൗതികസൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്;

(v) കോളേജിന്റെയോ സ്ഥാപനത്തിന്റെയോ സാമ്പത്തിക വിഭവങ്ങൾ അതിന്റെ തുടർന്നുള്ള പരിപാലനത്തിനും പ്രവർത്തനത്തിനും യഥാവിധി വേണ്ടിയുള്ള കരുതലിന് പര്യാപ്തമാകുന്ന പ്രകാരം ആയിരിക്കേണ്ടതാണ്;

(vi) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ അംഗബലവും യോഗ്യതകളും അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ ജീവനക്കാരുടെ വേതനവും സേവനവേതന വ്യവസ്ഥകളും സർവ്വകലാശാല നിർണ്ണയിക്കാവുന്ന പ്രകാരം ആയിരിക്കേണ്ടതും ആയത് കാര്യക്ഷമമായ പഠന കോഴ്സുകൾക്കോ അദ്ധ്യാപനത്തിനോ പരിശീലനത്തിനോ ഗവേഷണത്തിനോ വേണ്ടി യഥാവിധിയുള്ള കരുതലിന് പര്യാപ്തമായിരിക്കേണ്ടതുമാണ്;

(vii) അഫിലിയേറ്റ് ചെയ്യപ്പെടേണ്ട കോളേജിലെ എല്ലാ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെയും സേവനങ്ങളും സൗകര്യങ്ങളും പരീക്ഷകൾ നടത്തുന്നതിനും സർവ്വകലാശാലയുടെ മറ്റ് പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ലഭ്യമാക്കേണ്ടതാണ്;

(viii) ചാൻസലറും, വൈസ്-ചാൻസലറും സർവ്വകലാശാലയിലെ മറ്റ് ഉദ്യോഗസ്ഥരും ഈ ആക്റ്റിലെയും, സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും, റഗുലേഷനുകളിലെയും അല്ലെങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള മറ്റേതെങ്കിലും ആക്റ്റിലെയും വ്യവസ്ഥകൾ പ്രകാരം അവരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കേണ്ടതാണ്;

(ix) സർവ്വകലാശാലയുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ കോളേജിന്റെ കാര്യകർതൃത്വമോ ഉടമസ്ഥാവകാശമോ കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതാണ് ;

(x) സർവ്വകലാശാലയുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ കോളേജോ സ്ഥാപനമോ അടച്ചുപൂട്ടുവാൻ പാടില്ലാത്തതാണ് ;

(xi) അഫിലിയേഷനോ അംഗീകാരമോ നഷ്ടപ്പെടുകയോ കോളേജോ സ്ഥാപനമോ അടച്ചുപൂട്ടുകയോ ചെയ്യുന്ന സംഗതിയിൽ സർക്കാരോ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി നല്കിയ തുക കൊണ്ട് നിർമ്മിച്ചതോ ഉണ്ടാക്കിയതോ ആയ കെട്ടിടവും ഉപകരണങ്ങളും ഉൾപ്പെടെയുള്ള കോളേജിന്റെയോ സ്ഥാപനത്തിന്റെയോ എല്ലാ ആസ്തികളും സർക്കാരിൽ നിക്ഷിപ്തമാകുന്നതാണ്.

59. അനുമതിക്കുള്ള നടപടിക്രമം.—(1) സർവ്വകലാശാലയുടെ അധികാര പരിധിയിലുള്ള, പ്രത്യേകിച്ചും സേവനലഭ്യതയില്ലാത്തതും അവികസിതവുമായ പ്രദേശങ്ങളുടെ ആവശ്യങ്ങൾ യഥാവിധി പരിഗണിച്ചുകൊണ്ട് എഞ്ചിനീയറിംഗിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ നീതിപൂർവ്വകമായ രീതിയിൽ വിഭജിച്ച് വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ഉന്നതപഠനത്തിനുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയ ഒരു പദ്ധതി സർവ്വകലാശാല തയ്യാറാക്കേണ്ടതാണ്. അങ്ങനെയുള്ള പദ്ധതി അക്കാദമിക സമിതി തയ്യാറാക്കേണ്ടതും, നിർവ്വാഹക സമിതിയുടെ അംഗീകാരം വാങ്ങേണ്ടതും, ബോർഡ് ഓഫ് ഗവർണേഴ്സ് മുൻപാകെ വയ്ക്കേണ്ടതും ആണ്. ഇത് ഓരോ അഞ്ചു വർഷത്തിലും പുതുക്കേണ്ടതാണ്.

(2) ഉന്നത പഠനത്തിനുള്ള ഒരു പുതിയ കോളേജോ സ്ഥാപനമോ തുറക്കുന്നതിനുള്ള ഒരപേക്ഷയും ആയത് അങ്ങനെയുള്ള പദ്ധതിക്ക് അനുരൂപമല്ലെങ്കിൽ സർവ്വകലാശാല പരിഗണിക്കുവാൻ പാടുള്ളതല്ല.

(3) കോളേജിനോ സ്ഥാപനത്തിനോ സർവ്വകലാശാല ആദ്യ അഫിലിയേഷൻ നൽകിയിട്ടില്ലാത്തപക്ഷം ആ കോളേജോ സ്ഥാപനമോ യാതൊരു വിദ്യാർത്ഥിയേയും പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല.

(4) ഒരു കോളേജോ സ്ഥാപനമോ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യുന്നതിനുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതാണ്.

60. അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിലെ ഗവേണിംഗ് ബോഡി.—(1) അഫിലിയേറ്റ് ചെയ്യപ്പെട്ട ഓരോ കോളേജിനും സ്ഥാപനത്തിനും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ഒരു പ്രത്യേക ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഒരു കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള അഫിലിയേറ്റ് ചെയ്യപ്പെട്ട ഒരു കൂട്ടം കോളേജുകൾക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ഒരു മാനേജിംഗ് കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഗവേണിംഗ് ബോഡിയുടെയോ, മാനേജിംഗ് കൗൺസിലിന്റെയോ അധികാരങ്ങളും കർത്തവ്യങ്ങളും ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമോ സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമോ ആയിരിക്കേണ്ടതാണ്.

61. അഫിലിയേഷന്റെ തുടർച്ച.—(1) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിനോ അംഗീകൃത സ്ഥാപനത്തിനോ, അഫിലിയേഷനോ, അംഗീകാരമോ ലഭിച്ചിട്ടുള്ള പഠന കോഴ്സുകളുടെ അംഗീകാരമോ അഫിലിയേഷനോ തുടരുന്നതിനുവേണ്ടി, സാധാരണയായി

അങ്ങനെയുള്ള അഫിലിയേഷന്റെയോ അംഗീകാരത്തിന്റെയോ തീയതി അവസാനിക്കുന്നതിന് ആറുമാസത്തിന് മുൻപ് അപേക്ഷിക്കാവുന്നതാണ്. അഫിലിയേഷൻ തുടർന്നു നൽകുന്നതിനുവേണ്ടി, കഴിയുന്നിടത്തോളം, സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമം സർവ്വകലാശാല പാലിക്കേണ്ടതാണ്.

(2) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിനോ അംഗീകൃത സ്ഥാപനത്തിനോ, കൂടുതൽ പഠന കോഴ്സുകൾക്കുള്ള അഫിലിയേഷനോ അംഗീകാരത്തിനോ വേണ്ടി അപേക്ഷിക്കാവുന്നതും സ്റ്റാറ്റ്യൂട്ടുകളിൽ ഇത് സംബന്ധിച്ച് നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങളോ ചട്ടങ്ങളോ പാലിച്ചുകൊണ്ട് അത് സർവ്വകലാശാല പരിഗണിക്കേണ്ടതുമാണ്.

(3) ഏറ്റവും കുറഞ്ഞത് ആറ് വർഷമെങ്കിലും അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജായി നിലനിന്നിരുന്ന ഒരു അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിന് സ്ഥിരമായ അഫിലിയേഷന് വേണ്ടി സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപേക്ഷിക്കാവുന്നതും സർവ്വകലാശാല അങ്ങനെയുള്ള അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ പരിഗണിക്കേണ്ടതുമാണ്.

62. അക്കാദമിക സ്വയംഭരണം നൽകൽ.—(1) ഒരു സർവ്വകലാശാലാ വകുപ്പിനോ റഗുലർ കോളേജായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ, അക്കാദമിക സ്വയംഭരണത്തിനായി സർവ്വകലാശാലയോട് അപേക്ഷിക്കാവുന്നതാണ്. അക്കാദമിക സ്വയംഭരണമുള്ള സ്ഥാപനത്തിനോ കോളേജിനോ അതിന്റെ അധികാരസ്ഥാനങ്ങളോ നികായങ്ങളോ രൂപീകരിക്കാവുന്നതും അധികാരങ്ങൾ വിനിയോഗിക്കാവുന്നതും, ചുമതലകൾ നിറവേറ്റാവുന്നതും, സ്ഥാപനത്തിന്റെ അക്കാദമിക പ്രവർത്തനങ്ങൾ സ്വതന്ത്രമായി നടപ്പിലാക്കാവുന്നതുമാണ്. പാണ്ഡിത്യവും മികവും പിന്തുടരുന്നതിന് സഹായകമാവുന്ന ഒരു ബൗദ്ധിക അന്തരീക്ഷം വളർത്തിയെടുക്കുന്നതിനും വികസിപ്പിക്കുന്നതിനും അത്യാവശ്യമായിട്ടുള്ള അക്കാദമിക സ്വാതന്ത്ര്യവും പാണ്ഡിത്യവും അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി അക്കാദമിക സ്വയംഭരണമുള്ള വകുപ്പിനോ സ്ഥാപനത്തിനോ കോളേജിനോ അതിന്റെ സ്വന്തം പഠന കോഴ്സുകൾ നിർണ്ണയിക്കാവുന്നതും അതിന്റെ സ്വന്തം അദ്ധ്യാപന രീതി ആവിഷ്ക്കരിക്കാവുന്നതും അതിൽ ബോധനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി പരീക്ഷകളും ടെസ്റ്റുകളും നടത്താവുന്നതുമാണ്. അങ്ങനെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ബിരുദങ്ങളും ബഹുമതികളും സർവ്വകലാശാല നൽകേണ്ടതാണ്.

(2) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും കോളേജുകൾക്ക് അക്കാദമിക സ്വയംഭരണാധികാരം നൽകുന്നതിന് 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ (1974-ലെ 17) VIII ബി അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ, ആവശ്യമായ മാറ്റങ്ങളോടെ, ബാധകമായിരിക്കുന്നതും പ്രസ്തുത അദ്ധ്യായത്തിൽ സ്വയംഭരണാധികാരം നൽകുന്നതുമായി ബന്ധപ്പെട്ട സ്വയംഭരണ അംഗീകാര സമിതിയിൽ സർവ്വകലാശാലയുടെ വൈസ് ചാൻസലർ കൂടി ഉൾപ്പെടുന്നതും പ്രസ്തുത അദ്ധ്യായത്തിൽ പ്രയോഗിച്ചിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും പ്രസ്തുത ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതുമാണ്.

63. അഫിലിയേഷൻ പിൻവലിക്കൽ.—(1) ഒരു അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജോ അംഗീകൃത സ്ഥാപനമോ ഈ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള അഫിലിയേഷനോ അംഗീകാരത്തിനോ ഉള്ള നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ, സർവ്വകലാശാലയുടെയോ സംസ്ഥാന സർക്കാരിന്റെയോ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുകയോ, ലോക്കൽ ഗവേണിംഗ് ബോഡിയെയോ മാനേജിംഗ് കൗൺസിലിനെയോ ഈ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകളിലോ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ശരിയായ വിധത്തിൽ പ്രവർത്തിക്കുവാൻ അനുവദിക്കാതിരിക്കുകയോ അത് കോളേജോ അംഗീകൃത സ്ഥാപനമോ നടത്തിക്കൊണ്ട് പോകുന്നത് സർവ്വകലാശാലയുടെ താൽപ്പര്യത്തിനോ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകളിലോ നിർണ്ണയിച്ചിട്ടുള്ള നിലവാരത്തിനോ പ്രതികൂലമായ രീതിയിലോ ആണെങ്കിൽ, സർവ്വകലാശാലയ്ക്ക് അങ്ങനെയുള്ള സ്ഥാപനങ്ങൾക്കെതിരായി ഈ ആക്റ്റ് പ്രകാരം കോളേജിനോ സ്ഥാപനത്തിനോ നൽകിയിട്ടുള്ള അഫിലിയേഷൻ പിൻവലിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ, അങ്ങനെയുള്ള അഫിലിയേഷന്റെ പിൻവലിക്കലിനുള്ള കാരണങ്ങൾ സംബന്ധിച്ച് കോളേജിന്റെയോ സ്ഥാപനത്തിന്റെയോ, കോളേജോ സ്ഥാപനമോ നടത്തുന്ന വിദ്യാഭ്യാസ ഏജൻസിയുടെയോ പ്രിൻസിപ്പലിന് നോട്ടീസ് നൽകിയതിനുശേഷവും കോളേജിന്റെയോ വിദ്യാഭ്യാസ ഏജൻസിയുടെയോ പ്രിൻസിപ്പൽ നൽകിയ മറുപടി പരിഗണിച്ചതിനുശേഷവും, സ്വീകരിക്കാവുന്നതാണ്.

(2) അഫിലിയേഷൻ പിൻവലിക്കുന്നതിനുള്ള ചട്ടങ്ങളും നടപടിക്രമവും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

64. കോളേജുകളുടെ അടച്ചുപൂട്ടൽ മുതലായവ.—(1) സർവ്വകലാശാലയുടെയും സംസ്ഥാന സർക്കാരിന്റെയും മുൻകൂട്ടിയുള്ള അനുവാദം കൂടാതെ കോളേജോ അംഗീകൃത സ്ഥാപനമോ അടച്ചുപൂട്ടാൻ ഒരു അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിന്റെയോ അംഗീകൃത സ്ഥാപനത്തിന്റെയോ യാതൊരു മാനേജ്മെന്റിനെയും അനുവദിക്കാവുന്നതല്ല.

(2) അഫിലിയേറ്റ് ചെയ്യപ്പെട്ട ഒരു കോളേജ് അടച്ചുപൂട്ടുന്നതിനുള്ള നടപടിക്രമം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

## അദ്ധ്യായം IX

## എൻറോൾമെന്റും ബിരുദങ്ങളും ബിരുദദാന സമ്മേളനങ്ങളും

65. അദ്ധ്യാപനവും പരിശീലനവും ഗവേഷണവും.—എല്ലാ ബിരുദ അല്ലെങ്കിൽ ബിരുദാനന്തര ബിരുദ ബോധനവും അദ്ധ്യാപനവും പരിശീലനവും ഗവേഷണവും സാധാരണയായി സർവ്വകലാശാലയിലും അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലും അംഗീകൃത സ്ഥാപനങ്ങളിലും വച്ച് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നടത്തേണ്ടതാണ്.

66. വിദ്യാർത്ഥികളുടെ എൻറോൾമെന്റ്.—സർവ്വകലാശാലയിലെ വിദ്യാർത്ഥിയായി എൻറോൾ ചെയ്യേണ്ട ഒരു ആൾക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതും അങ്ങനെയുള്ള ഉപാധികൾ നിറവേറ്റിയിരിക്കേണ്ടതുമാണ്.

67. അച്ചടക്കം സംബന്ധിച്ച അധികാരങ്ങളും വിദ്യാർത്ഥികൾക്കിടയിലെ അച്ചടക്കവും.—(1) അച്ചടക്കവുമായി ബന്ധപ്പെട്ടതും സർവ്വകലാശാല വകുപ്പുകളിലെയും സർവ്വകലാശാല നടത്തുന്ന സ്ഥാപനങ്ങളിലെയും കോളേജുകളിലെയും വിദ്യാർത്ഥികളുടെ അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട എല്ലാ അധികാരങ്ങളും വൈസ്-ചാൻസലറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) വൈസ്-ചാൻസലർക്ക്, ഉത്തരവുവഴി, ഈ ആക്റ്റിൻ കീഴിൽ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന, അദ്ദേഹത്തിന്റെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ, ഇതിലേക്കായി അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്നതോ അതിനുവേണ്ടി രൂപീകരിക്കുന്നതോ ആയ, അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥർക്കോ നികായത്തിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

## അദ്ധ്യായം X

## പരിവർത്തനകാലത്തേക്കുള്ള വ്യവസ്ഥകൾ

68. ആദ്യ അധികാരസ്ഥാനങ്ങളുടെ നാമനിർദ്ദേശങ്ങൾ.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയുടെ ആദ്യത്തെ എല്ലാ അധികാര സ്ഥാനങ്ങളെയും, ഈ ആക്റ്റിന്റെ പ്രാബല്യ തീയതിക്കുശേഷം കഴിയുന്നത്രവേഗം ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതും അങ്ങനെ നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ ഒരു വർഷക്കാലത്തേക്കോ അഥവാ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ തുടരാവുന്നതാണ്.

69. ആദ്യ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ടുകളും ആദ്യ ഓർഡിനൻസുകളും സർക്കാർ ഉണ്ടാക്കേണ്ടതാണ്.

70. നിലവിലുള്ള കോളേജുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ കാര്യങ്ങൾ സംബന്ധിച്ച്.—(1) ഈ ആക്റ്റിലോ സംസ്ഥാനത്തെ മറ്റ് സർവ്വകലാശാല ആക്റ്റുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 58-ാം വകുപ്പിൽ വിനിർദ്ദേശിച്ച

പ്രകാരമുള്ള അഫിലിയേഷൻ പ്രക്രിയയിലൂടെ ഈ സർവ്വകലാശാലയിലേക്ക് ഒരു പ്രത്യേക സ്ഥാപനം അഫിലിയേറ്റ് ചെയ്ത തീയതിക്ക് തൊട്ടുമുൻപായി ബന്ധപ്പെട്ട സർവ്വകലാശാലയുടെ ഏതെങ്കിലും ബിരുദ, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റിനു വേണ്ടി ആ സ്ഥാപനത്തിൽ പഠിച്ചുകൊണ്ടിരുന്ന ഏതൊരു വിദ്യാർത്ഥിക്കും ബന്ധപ്പെട്ട സർവ്വകലാശാലയുടെ പരീക്ഷ എഴുതുന്നതിന് അവകാശമുണ്ടായിരിക്കുന്നതും, അയാൾ അങ്ങനെയുള്ള പരീക്ഷയിൽ യോഗ്യത കൈവരിക്കുകയാണെങ്കിൽ, അതതു സംഗതിപോലെ, ഈ ആക്റ്റിൻ കീഴിൽ സ്ഥാപിക്കപ്പെട്ട സർവ്വകലാശാലയുടെ സമാനമായ ബിരുദം, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് നൽകപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ റഗുലേഷനുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാനത്തെ ഏതൊരു സർവ്വകലാശാലയിലും പഠിച്ചുകൊണ്ടിരിക്കുന്നതും ഈ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ ഏതൊരു കോളേജിലെയും ഏതൊരു വിദ്യാർത്ഥിയേയും, അതതു സംഗതി പോലെ, അയാളുടെ കോഴ്സും അതിനുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാൻ അനുവദിക്കേണ്ടതും ഈ ആക്റ്റിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള സർവ്വകലാശാല, അയാൾ പ്രസ്തുത പഠന കോഴ്സ് പൂർത്തിയാക്കുന്നതുവരെ, അങ്ങനെയുള്ള വിദ്യാർത്ഥികൾക്കുവേണ്ടി ബന്ധപ്പെട്ട സർവ്വകലാശാലകളുടെ പാഠ്യപദ്ധതിക്ക് അനുസൃതമായി പരീക്ഷ നടത്തുന്നതിനായുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്.

71. സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ പിരിച്ചുവിടൽ.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സംഘമായ സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (രജിസ്ട്രേഷൻ നമ്പർ റ്റി. 1872/09 തീയതി 16-12-2009) ഇതിനാൽ പിരിച്ചുവിട്ടിരിക്കുന്നു. കൂടാതെ അതിന്റെ എല്ലാ ആസ്തികളും ബാദ്ധ്യതകളും സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതും സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ആയി തുടർന്നും പ്രവർത്തിക്കേണ്ടതുമാണ്.

72. പരിവർത്തനകാലത്തേക്കുള്ള വ്യവസ്ഥകൾ.—(1) ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ആറു മാസത്തിനുള്ളിലോ, വിജ്ഞാപനംവഴി സർക്കാർ നിർദ്ദേശിക്കാവുന്ന, ഒരു വർഷത്തിൽ കവിയാതെയുള്ള, അങ്ങനെയുള്ള ദീർഘിപ്പിച്ച കാലയളവിനുള്ളിലോ, സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിനെയും

മറ്റ് അധികാരസ്ഥാനങ്ങളെയും രൂപീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുക എന്നത് ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ആദ്യത്തെ വൈസ്-ചാൻസലറുടെ കർത്തവ്യ മായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം യഥാവിധി ഒരു അധികാരസ്ഥാനത്തെ രൂപീകരിക്കുന്നതുവരെ, ഈ ആക്റ്റ് പ്രകാരമുള്ള അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിക്കുന്നതിനും നിർവ്വഹിക്കുന്നതിനും വേണ്ടി ആദ്യത്തെ വൈസ്-ചാൻസലർക്ക് ഏതെങ്കിലും ഉദ്യോഗസ്ഥനെയോ, ഏതെങ്കിലും സമിതിയെയോ താൽക്കാലികമായി നിയമിക്കാവുന്നതാണ്.

(3) ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റെഗുലേഷനുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് തൊട്ടുമുൻപ് ഈ ആക്റ്റിന്റെ പട്ടികയിൽ വിനിർദ്ദേശി ച്ചിട്ടുള്ള ഏതെങ്കിലും സർവ്വകലാശാലകളിൽ എഞ്ചിനീയറിംഗ് ബിരുദത്തിനായി പഠിച്ചു കൊണ്ടിരിക്കുകയായിരുന്ന ഏതൊരു വിദ്യാർത്ഥിക്കും അയാൾ അങ്ങനെയുള്ള പരീക്ഷ യിൽ യോഗ്യത നേടുകയാണെങ്കിൽ അതത് സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് ബിരുദം നൽകേണ്ടതാണ്.

73. സാധൂകരണം.—(1) 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഓർഡിനൻസിന് (2015-ലെ 4) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യമില്ലാതായിത്തീർന്നിരുന്നുവെന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതിക്കുമുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിനു പ്രാബല്യം ഇല്ലാതായിത്തീർന്നില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

ആകുന്നു.

(2) പ്രസ്തുത ഓർഡിനൻസ് പ്രാബല്യത്തിലില്ലാതായിത്തീർന്നത്,—

(എ) അതിൻപ്രകാരം ആർജ്ജിച്ചതോ ഉണ്ടായതോ പ്രാപ്തമായതോ ആയ ഏതെങ്കിലും അവകാശത്തെയോ, വിശേഷാവകാശത്തെയോ കടപ്പാടിനെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ ബാധിക്കുന്നതല്ലാത്തതും; അല്ലെങ്കിൽ

(ബി) അപ്രകാരമുള്ള ഏതെങ്കിലും അവകാശത്തെയോ, വിശേഷാവകാശത്തെയോ കടപ്പാടിനെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടികളെയോ അല്ലെങ്കിൽ പരിഹാര നടപടികളെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നടപടിയോ പരിഹാര നടപടിയോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം ആരംഭിക്കുകയോ തുടരുകയോ അല്ലെങ്കിൽ നടപ്പാക്കുകയോ ചെയ്യാവുന്നതും ആകുന്നു.

പട്ടിക

[7(3), 72(3) എന്നീ വകുപ്പുകൾ കാണുക]

| *ക്രമനമ്പർ* | *സർവ്വകലാശാലകളുടെ പേരും ആസ്ഥാനവും* |
|---|---|
| (1) | (2) |
| 1 | കേരള സർവ്വകലാശാല, തിരുവനന്തപുരം |
| 2 | കോഴിക്കോട് സർവ്വകലാശാല, കോഴിക്കോട് |
| 3 | മഹാത്മാ ഗാന്ധി സർവ്വകലാശാല, കോട്ടയം |
| 4 | കൊച്ചി ശാസ്ത്ര സാങ്കേതികശാസ്ത്ര സർവ്വകലാശാല, കൊച്ചി |
| 5 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി |
| 6 | കണ്ണൂർ സർവ്വകലാശാല, കണ്ണൂർ |

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2015 ജൂലൈ 23.

പി. ഡി. ശാരംഗധരൻ,
*സെക്രട്ടറി.*